# കതിരൊളി

പഠിക്കുക

പഠിപ്പിക്കുക

ORGAN OF THE ADHYAYANAMANDALAM

പുസ്തകം 3 ലക്കം 1

# ഉള്ളടക്കം


പേജ്.

1. പ്രസ്താവന 3
2. സുപ്രീംകോടതി എഴുതിയ വിധി 5
(റൈററു് റവ. മോൺ. എൽ. ജെ. ചിററൂർ)
3. ബൈബിൾ വിവർത്തനം 9
(റവ. ഡോ. ജോൺ ബ്രീട്ടോ സി. എം. ഐ.)
4. വിശുദ്ധ ഗ്രന്ഥവും ദരിദ്രരും 17
(റവ. ഫാ. ജോൺ വട്ടങ്കി എസ്. ജെ.)
5. ആരാധനക്രമവും റീത്തും 28
(റവ. ഡോ. ലൂക്കാസ് സി. എം. ഐ)
6. ആരാണു പ്രവാചകൻ 40
(തോമ്മസ്സ് പോൾ B. Sc.)
7. ഗ്രന്ഥാവലോകനം 62
8. ബൈബിൾ വ്യാഖ്യാനപംക്തി 64
9. വിശുദ്ധ ദിനാചരണം 76
10. അ. മ. ലഘുലേഖനപരമ്പര 76

# കതിരൊളി

(ഒരു ത്രൈമാസിക പ്രസിദ്ധീകരണം)

പുസ്തകം 3 1963 ആഗസ്റ്റ് 15 ലക്കം 1

A4-3
1246
R
DHARMARAM COLLEGE LIBRARY
16888
BANGALORE.

*A theological review, published quarterly, under the auspices of the Ahyayanamandalam.*

*Contains treatises*

*on*

*Religious and Socio-religious Subjects.*

# കതിരൊളിയെപ്പററി ചില പ്രധാന കാര്യങ്ങൾ

1 ഒരു ത്രൈമാസിക പ്രസിദ്ധീകരണം. കതിരൊളിയുടെ ഒരു വാല്യത്തിനു നാല്ല് ലക്കങ്ങൾ. ഓരോ വാല്യവും ആഗസ്റ്റ് 15-ാം തിയതി പ്രസിദ്ധം ചെയ്യുന്ന ലക്കത്തോടുകൂടി ആരംഭിക്കുന്നതും മെയ് 15-നുള്ള ലക്കത്തോടുകൂടി അവസാനിക്കുന്നതുമാണു്.

2 ഒരു വർഷത്തെ വരിസംഖ്യ രണ്ടു രൂപാ. ഒററക്കോപ്പിക്കു 62 ന. പൈ.

3 വരിസംഖ്യ എപ്പോഴും മുൻകൂർ

4 Manager, St Joseph's Orphnage Press Changanacherry എന്ന വിലാസത്തിലാണു് വരിസംഖ്യ അയക്കേണ്ടതു്.

5 പ്രസിദ്ധീകരണം സംബന്ധിച്ച ഇതര കാര്യങ്ങൾ Editor, 'Kathiroly' S S. & A. M. Head Office, Archbishop's House, Changanacherry എന്ന വിലാസത്തിൽ അയക്കേണ്ടതാണു്.

6 വരിസംഖ്യ അടക്കുന്നതോടൊപ്പം വരിക്കാരന്റെ പൂർണ്ണവിലാസം അയച്ചു തരേണ്ടതാകുന്നു. വിലാസത്തിനു മാററം വരുമ്പോൾ ആ വിവരം യഥാസമയം ഇവിടെ അറിയിക്കേണ്ടിയിരിക്കുന്നു.

7 വരിസംഖ്യ അയച്ചുതരുമ്പോൾ ഏതു ലക്കം മുതൽ വേണമെന്നുള്ള വിവരം പ്രത്യേകം കാണിച്ചിരിക്കണം. കതിരൊളി ഒന്നും രണ്ടും പുസ്തകങ്ങളുടെ ഏതാനും സെററുകൾ മാത്രം സ്റ്റോക്കുണ്ടു്, അവകൂടി ആവശ്യപ്പെടുന്ന പുതിയ വരിക്കാർ വിവരം കാണിച്ചു് കഴിഞ്ഞ വർഷങ്ങളിലെ വരിസംഖ്യകൂടി അയച്ചുതരേണ്ടതാണു്.

# പ്രസ്താവന

"കതിരൊളി" രണ്ടു വയസ്സു പൂർത്തിയാക്കി മൂന്നാം വയസ്സിലേയ്ക്കു പ്രവേശിച്ചിരിക്കുകയാണ്. ഏതൊരു പുതിയ സംരംഭവും സമാരംഭിക്കുമ്പോൾ അഭിമുഖീകരിക്കേണ്ട പ്രയാസങ്ങളെല്ലാം തന്നെ കതിരൊളിയും അഭിമുഖീകരിക്കുന്നുണ്ട്.

ദൈവശാസ്ത്രപരമായ ആശയങ്ങൾ അഗാധമാംവിധം ബുദ്ധിജീവികളുടെ മുമ്പിൽ മാതൃഭാഷയിലൂടെ അവതരിപ്പിക്കണമെന്നുള്ള ഒരു പ്രത്യേക ലക്ഷ്യവും കതിരൊളിയുടെ രംഗപ്രവേശനത്തിനുണ്ട്. ലേഖനങ്ങളുടെ നിലവാരം കുറച്ചുകൂടെ അനുവാചകരിൽ പലരും പലപ്പോഴും ഓർമ്മിപ്പിക്കാറുമുണ്ട്. കതിരൊളിയുടെ സ്റ്റാൻഡാർഡ് അഭംഗം തുടർന്നുകൊണ്ടുപോകണമെന്നുള്ളതാണു ഞങ്ങളുടെയും ആഗ്രഹം. എന്നാൽ ഇപ്പോഴത്തെ വരിക്കാരിൽ മഹാഭൂരിഭാഗവും സാമാന്യജനങ്ങളിൽപ്പെട്ടവരാണെന്നുള്ള വസ്തുതയും കണക്കിലെടുക്കേണ്ടതാണല്ലൊ.

കതിരൊളി അദ്ധ്യയനമണ്ഡലത്തിൻെറ ഔദ്യോഗികജിഹ്വയാണ്. തന്മൂലം അതിൻെറ നിലനില്പും പുരോഗതിയും അദ്ധ്യയനമണ്ഡലം പ്രസ്ഥാനത്തിൻെറ നിലനില്പിനേയും പുരോഗതിയേയും ആശ്രയിച്ചിരിക്കുമെന്നുള്ളതു സ്പഷ്ടമാകുന്നു.

ആവിഷ്കൃതസഭയുടെ സിദ്ധാന്തങ്ങൾ പഠിക്കുക, പ്രചരിപ്പിക്കുക എന്നതു് അ. മണ്ഡലത്തിൻെറ അടിസ്ഥാനലക്ഷ്യങ്ങളിൽ ഒന്നാണ്. ഈ ലക്ഷ്യപ്രാപ്തിക്കായി പരിയത്നിക്കുമ്പോൾ വേറെ ചില പ്രശ്നങ്ങളെയും അഭിമുഖീകരിക്കേണ്ടിവരും.

കുറച്ചുമാത്രം അറിവുണ്ടായിരിക്കുകയും സാമാന്യം മാതൃകാപരമായി ജീവിക്കുകയും ചെയ്യുന്ന ആളുകളെ നാം കാണുന്നുണ്ട്. ക്രൂദാശകൾ കൂടെക്കൂടെ സ്വീകരിക്കുന്നവരെങ്കിലും തികഞ്ഞ അന്ധവിശ്വാസങ്ങളും അബദ്ധാചാരങ്ങളും വച്ചു പുലർത്തുന്നവരുമുണ്ട്. അജ്ഞത നിമിത്തം അധർമ്മജീവിതം നയിക്കുന്നവരോ പ്രസാദവരജീവിതത്തിൻെറ മധുരഫലങ്ങൾ ആസ്വദിക്കാത്തവരോ ആയ ആളുകളേയും കാണുവാൻ കഴിയും. അപ്രകാരം തന്നെ വളരെ അറിവുണ്ടായിരിക്കുകയും അതേസമയം ദുർമ്മാതൃകാജീവിതം നയിക്കുകയും ചെയ്യുന്ന ആളുകൾ വിരളമെന്നു പറഞ്ഞുകൂടാ. അജ്ഞതയാണോ, വിജ്ഞാനികൾ എന്നു പരിഗണിക്കപ്പെടുന്നവരുടെ ദുർമ്മാതൃകയാണോ കൂടുതൽ വിപൽക്കരമായിട്ടുള്ളതെന്നു വിവേചിക്കുക അത്ര എളുപ്പമല്ല. ഏതായാലും ഓരോ കത്തോലിക്കനും അവൻെറ കഴിവനുസരിച്ചും ഉദ്യോഗത്തിനു് അനുസൃതമായും പരമാവധി മതവിജ്ഞാനം സമ്പാദിക്കണമെന്നുള്ളതാണ് സഭയുടെ ഖണ്ഡിതമായ പ്രബോധനം. ഏററം ചുരുങ്ങിയ ഒരറിവുകൊണ്ടു് ഏററം വലിയ ദൈവസ്നേഹം ഉണ്ടായിരിക്കുക എന്നതു് ഒരു മനുഷ്യനും ശക്യമല്ല. "No one can have the maximum love of God with the

minimum knowledge of God". ജ്ഞാനവും വിശുദ്ധിയും ഏകകാലത്തു വളർത്തത്തക്ക ഒരു പ്രബോധന പദ്ധതിയാണു നമുക്കു് ആവശ്യമായിരിക്കുന്നതു്.

ഏതാനും പഠനക്കളരികൾ നടത്തുക എന്നതു മാത്രമല്ല അദ്ധ്യയന മണ്ഡലത്തിന്റെ ഉദ്ദേശ്യം. ഓരോ ഇടവകയിലും നന്മനസ്സും കഴിവുമുള്ള ഒരു ചെറുഗണത്തെ തെരഞ്ഞെടുത്തു് അവരുമായി തുടർച്ചയായുള്ള സമ്പർക്കം പുലർത്തി അവരെ വിശുദ്ധിയും ജ്ഞാനവും കൊണ്ടു നിറച്ചു പ്രേഷിതരാക്കി അവർ വഴി ഇടവകയിലെ സമസ്തജനങ്ങളുടെയും മതപഠനത്തിനായുള്ള പരിപാടികൾ ആസൂത്രണം ചെയ്യുന്ന ഒരു പദ്ധതിയാണു് അദ്ധ്യയനമണ്ഡലത്തിനുള്ളതു്. പക്ഷേ ഇതു ശ്രമസാധ്യമായ ഒരു കാര്യവുമാകുന്നു.

അത്മായ പ്രേഷിതത്വവും നേതൃത്വവും സഭയുടെ ആഗോളവ്യാപകമായ ഒരു പ്രശ്നമാണു് അത്മായക്കു് എല്ലാരംഗങ്ങളിലും ഉപരിയായ നേതൃത്വം കൊടുക്കണമെന്നു് ആവേശപൂർവം വാദിക്കുന്ന ഒട്ടേറെ വൈദികരുമുണ്ടു്. ആദർശം ശരിയാണു്, അതു നടപ്പിൽ വരുത്തേണ്ടിയുമിരിക്കുന്നു. എന്നാൽ അത്മായക്കു് നേതൃത്വം കൊടുക്കണമെന്നുള്ള ആത്മാർത്ഥ ആഗ്രഹത്തോടുകൂടി രംഗപ്രവേശം ചെയ്യുന്ന ഒരു വൈദികനു് പ്രശ്നം വളരെ സങ്കീർണ്ണമാണെന്നു് അനുഭവപ്പെട്ടു. സ്വാതന്ത്ര്യസംരക്ഷണം നിയമാനുഷ്ഠാനത്തിൽ അടങ്ങിയിരിക്കുന്നുവെന്നു പറയുന്നതുപോലെ ഏതൊരു നേതൃത്വവും നിസ്വാർത്ഥതയിലും ഉന്നതാധികാരത്തോടുള്ള വിധേയത്വത്തിലും അടങ്ങിയിരിക്കുന്നുവെന്നു പറയാവുന്നതാണു്.

അദ്ധ്യയനമണ്ഡലം സംഘടിതമായ ഒരു പഠനക്കളരിയാണു്. അത്മായക്കു നേതൃത്വം നൽകുന്നതിനും അവരുടെ കൂട്ടുത്തരവാദിത്വം സമ്പാദിക്കുന്നതിനുമാണു പഠനക്കളരിയെ ഒരു സംഘടനയാക്കി രൂപാന്തരപ്പെടുത്തിയിരിക്കുന്നതു്. പ്രസ്ഥാനത്തിന്റെ ഈ ആദർശം കാലാന്തരത്തിൽ ഫലമണിയുമെന്നു തന്നെ പ്രതീക്ഷിക്കുന്നു.

കതിരൊളിയുടേയും അദ്ധ്യയനമണ്ഡലത്തിന്റെയും ലക്ഷ്യങ്ങൾ ഒന്നു തന്നെ.

കടലാസിന്റെ വില കൂടുതൽ, പോസ്റ്റൽ സൗജന്യത്തിന്റെ അഭാവം, വരിസംഖ്യയുടെ അപര്യാപ്തത എന്നിവമൂലം പ്രസിദ്ധീകരണത്തിന്റെ നടത്തിപ്പു് ഏതാണ്ടു ദുർവഹകമായിത്തീർന്നിട്ടുണ്ടു്. പൊതുജനങ്ങളുടെ ഉപരിയായ സഹകരണം ഞങ്ങൾ പ്രതീക്ഷിക്കുന്നു.

കതിരൊളിയുടെ പ്രസിദ്ധീകരണത്തിനു് ഏതെങ്കിലും പ്രകാരത്തിൽ സഹായിച്ചിട്ടുള്ള എല്ലാവരെയും കൃതജ്ഞതാപൂർവം ഞങ്ങൾ സ്മരിക്കുന്നു.

Managing Editor

# സുപ്രീംകോടതി പ്രാത്ഥനയെ സം ബന്ധിച്ചു് എഴുതിയ വിധി.

റൈററ് റവ. മോൺ. എൽ. ജെ. ചിററൂർ

അടുത്ത കാലത്തു് വളരെയധികം അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാക്കിയ ഒരു പ്രശ്നമാണു് അമേരിക്കൻ സുപ്രീം കോർട്ടിലെ ജഡ്ജിമാർ പബ്ളിക്കസ്ക്കൂളുകളിലെ പ്രാത്ഥനയെ സംബന്ധിച്ചു് എഴുതിയ വിധി. പത്രങ്ങളിൽ വന്ന റിപ്പോർട്ടു് അതിൻെറ സാഹചര്യങ്ങളും വശങ്ങളുമെല്ലാം വിശദമാക്കിക്കൊണ്ടു് ആയിരുന്നില്ല. ആ കേസ്സു സംബന്ധിച്ച കാര്യങ്ങൾ നാം ശരിയായി മനസ്സിലാക്കിയെങ്കിലേ അതേസംബന്ധിച്ചു് ഒരു അഭിപ്രായം രൂപവൽക്കരിക്കുന്നതിനു് നമുക്കു കഴിയുകയുള്ളു.

**സംഭവങ്ങൾ**

സംഭവങ്ങൾ ഏതാണ്ടു് ഇപ്രകാരമാണു്. പബ്ളിക്കസ്കൂളുകളെ സംബന്ധിച്ചു് മേൽനോട്ടത്തിനും നിയമനിമ്മാണത്തിനും നടപടികൾ എടുക്കുന്നതിനു് അധികാരമുള്ള ഒരു ഭരണസമിതിയാണു് (Board of Regents) ബോർഡു് ഓഫു് റീജൻററ്സു്. ഇതു് രാഷ്ട്രത്തിൻെറ ഒരു ഏജൻസിയാണു്. ഈ ഏജൻസി ഒരു നിയമം ഉണ്ടാക്കി. എല്ലാ പബ്ളിക്ക സ്കൂളുകളിലും പഠനം ആരംഭിക്കുന്നതു് ദൈവാരാധനയുടെ ലക്ഷ്യമായ ഒരു പ്രാർത്ഥനയോടുകൂടി ആയിരിക്കണം. പല വിഭാഗങ്ങളിലുംപെട്ട ആളുകൾ ഒരുമിച്ചു ചേർന്നു് ഒരു പ്രാർത്ഥന രൂപവൽക്കരിച്ചു. "സവ്വശക്തനായ ദൈവമേ! അങ്ങിലുള്ള ആശ്രയത്വത്തെ ഞങ്ങൾ ഏററുപറയുന്നു, ഞങ്ങളുടെമേലും ഞങ്ങളുടെ മാതാപിതാക്കന്മാർ, അദ്ധ്യാപകർ, ഇവരുടെമേലും ഞങ്ങളുടെ രാജ്യത്തിൻ മേലും അവിടുത്തെ അനുഗ്രഹം ഉണ്ടാകണമെന്നു് ഞങ്ങൾ അപേക്ഷിക്കുന്നു",

പബ്ളിക്ക സ്കൂളുകളിലെ കുട്ടികളെ "സവ്വശക്തനായ ദൈവമാണു് അവരുടെ സ്രഷ്ടാവു് എന്നും അവരുടെ ജീവനും, സ്വാതന്ത്ര്യവും സൗഭാഗ്യാന്വേഷണവും നിഷേധിക്കുവാൻ പാടില്ലാത്ത അവകാശങ്ങളായി ദൈവം അവക്കു നല്കിയിട്ടുണ്ടെന്നും"

പഠിപ്പിക്കണമെന്നു് ബോർഡ് നിശ്ചയിച്ചു. മേൽ പ്രസ്താവിച്ച പ്രാർത്ഥന ഓരോ വിദ്യാലയദിനത്തിന്റെയും ആരംഭത്തിൽ ഒരു അദ്ധ്യാപകന്റെ സാന്നിദ്ധ്യത്തിൽ ചൊല്ലണമെന്നാണു് ആവശ്യപ്പെട്ടിരുന്നതു്.

ഈ നിർദ്ദേശത്തിനു് എതിരായി Union Free School No. 9—ലെ ഏതാനും രക്ഷാകർത്താക്കൾ സുപ്രിംകോർട്ടിൽ പരാതി ബോധിപ്പിച്ചു. അതു് ഭരണഘടനയ്ക്കു് എതിരാണെന്നു് ആയിരുന്നു അവരുടെ വാദം.

## രണ്ടു വസ്തുതകൾ

സുപ്രിംകോടതി രണ്ടു വസ്തുതകൾ വ്യക്തമാക്കി. പരസ്യമായി ചൊല്ലപ്പെട്ട പ്രാർത്ഥന ഒരു പ്രാർത്ഥനമാത്രമാണു്. ദൈവാരാധനയ്ക്കു വേണ്ടിയുള്ള ഒരു മതകർമ്മമാണു്. അതു് പൂർണ്ണമായും കലർപ്പു് ഇല്ലാതെയും ഒരു മതചടങ്ങു് മാത്രമാണു്. സ്വരാജ്യസ്നേഹം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു കീർത്തനത്തിലൊ മററു് ഏതെങ്കിലും രാഷ്ട്രീയ പ്രാമാണ്യമുള്ള പ്രസ്താവനകളിലൊ ദൈവനാമം ഉൾപ്പെടുത്തിയിരിക്കുന്നു എന്നതല്ല ഇവിടുത്തെപ്രശ്നം. ഈ കാര്യത്തിൽ എല്ലാ കക്ഷികളും ഏകാഭിപ്രായക്കാരുമാണു്.

രണ്ടാമത്തെ വസ്തുത മതപരമായ ഈ കർമ്മം, ഈ പ്രാർത്ഥന, രൂപവൽക്കരിച്ചതും നിയമമാക്കി നിർദ്ദേശിച്ചതും ഗവൺമെന്റു് ഉദ്യോഗസ്ഥന്മാരാണു് എന്നതാണു്. Education Board രാഷ്ട്രീയ നിയമത്തിനു വിധേയമായുള്ള അവരുടെ ഔദ്യോഗിക അധികാരമുപയോഗിച്ചാണു് ഇതു് നടപ്പിലാക്കിയതു്. അദ്ധ്യാപകന്മാർ തന്നെ ഗവൺമെന്റു് ഉദ്യോഗസ്ഥന്മാരാണെന്നും രാഷ്ട്രത്തിന്റെ പ്രതിനിധികളാണെന്നും നാം ഓർമ്മിക്കണം.

## വിധി

മേൽപറഞ്ഞ രണ്ടു വസ്തുതകൾ വെളിവാക്കിക്കൊണ്ടു് സുപ്രിംകോർട്ടിലെ ഭൂരിപക്ഷാഭിപ്രായം ഇപ്രകാരം രേഖപ്പെടുത്തി. "മതസംബന്ധമായ കാര്യങ്ങൾ ഏറ്റെടുക്കുന്നതിനു് എതിരായി ഭരണഘടന നല്കിയിരിക്കുന്ന നിയമം, ഈ രാജ്യത്തു് ഏതെങ്കിലും പൗരവിഭാഗത്തിനുവേണ്ടി ഔദ്യോഗിക പ്രാർത്ഥന രചിക്കുകയും അതു് ഗവൺമെന്റിന്റെ ഔദ്യോഗിക പ്രോഗ്രാ

മായി ചൊല്ലുകയും ചെയ്യുന്നത് ഗവൺമെൻറിൻെറ ചുമതലയല്ലെന്ന് എങ്കിലും വ്യക്തമാക്കുന്നുണ്ട്. മേൽപറഞ്ഞ പ്രാർത്ഥന വിദ്യാലയങ്ങളിൽ ചൊല്ലണമെന്നുള്ള നിയമം മതകാര്യങ്ങളിൽ ഇടപെടരുത് എന്നുള്ള ഭരണഘടനാ നിയമത്തിന് അനുസൃതമായിരിക്കുന്നില്ല."

## ഭിന്നാഭിപ്രായം

സുപ്രിംകോടതിയിലെ Justice Stewart ഇതിൽ നിന്ന് വിഭിന്നമായ ഒരു അഭിപ്രായമാണ് രേഖപ്പെടുത്തിയത്. പ്രാത്ഥിക്കുന്നതിനു ആഗ്രഹിക്കുന്ന ജനങ്ങളെ പ്രാത്ഥനയിൽ നിന്നു തടയുകയാണ് കോടതിചെയ്യുന്നത് എന്ന് അദ്ദേഹം വിചാരിച്ചു. "ഒരു പ്രാത്ഥന ചൊല്ലുവാൻ ആഗ്രഹിക്കുന്നവരെ അതു ചൊല്ലുവാൻ അനുവദിക്കുന്നതു കൊണ്ട് ഒരു ഔദ്യോഗികമതം സ്ഥാപിക്കുന്നു എന്നു പറയുന്നതു് എങ്ങനെയെന്ന് എനിക്കു ഗ്രഹിക്കുവാൻ കഴിയുന്നില്ല... ഇവിടെ പ്രശ്നമിതാണ്: പ്രാർത്ഥനയോടുകൂടി ക്ലാസ്സ് ആരംഭിക്കുവാൻ ആഗ്രഹിക്കുന്ന കുട്ടികളെ അതിൽ നിന്നു തടയണമോ?".

ന്യായാധിപന്മാരുടെ ഇടയിൽ തന്നെ അഭിപ്രായവ്യത്യാസമുണ്ടാക്കിയ ഈ പ്രശ്നം ജനങ്ങളുടെ ഇടയിൽ, പ്രത്യേകിച്ചു കത്തോലിക്കരുടെയും യഹൂദന്മാരുടേയും ഇടയിൽ വലിയ അതൃപ്തിക്കു കാരണമായി. എങ്കിലും കോടതിയുടെ ചർച്ചയ്ക്കു വിഷയമായ വിധത്തിൽ പ്രശ്നം പഠിച്ച പലരും കോടതിയുടെ ഭൂരിപക്ഷ വിധി ന്യായമാണെന്ന് അഭിപ്രായപ്പെടുകയുണ്ടായി.

## പുതിയ കേസുകൾ

ഈ കഴിഞ്ഞ ജൂൺമാസത്തിൽ രണ്ടു കേസുകൾകൂടെ കോടതിയിൽ സമപ്പിക്കപ്പെട്ടു. പെൻസിൽവേനിയായിൽ പബ്ളിക്കു സ്കൂളുകളിൽ എല്ലാദിവസവും രാവിലെ ക്ലാസ്സിൻെറ ആരംഭത്തിൽ ബൈബിളിൽ നിന്ന് പത്തു വാചകങ്ങൾ വായിക്കണമെന്ന് ഒരു നിയമമുണ്ട്. യൂണിററിയേറിയൻ സഭാംഗങ്ങളായ രണ്ടു കുട്ടികളുടെ മാതാപിതാക്കന്മാർ പ്രസ്തുത നിയമത്തിനു എതിരായി 1958-ൽ ഒരു കേസ്സ് ഫയലാക്കിയിരുന്നു.

ബോൾട്ടിമോറിൽ, നഗരത്തിലെ പബ്ളിക്കു സ്കൂളുകളിൽ

ദിവസവും രാവിലെ ബൈബിളിൽനിന്ന് ഒരു അദ്ധ്യായം വായിക്കുകയോ കത്തൃപ്രാത്ഥന ചൊല്ലുകയോ ചെയ്യണമെന്ന് ഒരു നിയമം 1905—ൽ നടപ്പിലിരുന്നു. അതിന് എതിരായി ആ സ്കൂളിലെ രണ്ടു കുട്ടികളുടെ മാതാവായ ഒരു നിരീശ്വരവിശ്വാസി ഒരു കേസ്സു ഫയൽചെയ്തിരുന്നു.

## പുതിയ വിധി

ഈ രണ്ടു കേസ്സുകളെയും പററി ചച്ചചെയ്തുകൊണ്ട് പെൻസിൽവേനിയ നിയമവും ബോൾട്ടിമോർ നിയമവും ഭരണഘടനയിലെ first amendment–ന് എതിരാണെന്നും എല്ലാ സ്റ്റെയിററിലും ഉള്ള എല്ലാ പബ്ളിക്ക സ്കൂളിലും മതപരമായ നടപടികളെ ഭരണഘടനയ്ക്കു വിരുദ്ധമായി കരുതേണ്ടതാണെന്നും പ്രസ്താവിക്കയുണ്ടായി.

കുറഞ്ഞ പക്ഷം മുപ്പതു സ്റ്റെയിററുകളിൽ എങ്കിലും പബ്ളിക്ക സ്കൂളുകളിൽ ബൈബിൾ വായനയും പ്രാത്ഥനയും ഇന്നു നിലവിലുണ്ട്. അമേരിക്കൻ വിദ്യാലയങ്ങളിൽ പകുതിയോളം കുട്ടികൾ പഠിക്കുന്ന സ്ഥാപനങ്ങളിൽ നിലവിലിരിക്കുന്ന നടപടികളെയാണു് കോടതി ചോദ്യം ചെയ്തിരിക്കുന്നതു്.

കഴിഞ്ഞകൊല്ലത്തെ വിധിതീപ്പിന് എതിരായി സ്വാഭിപ്രായം രേഖപ്പെടുത്തിയ Jurtice Stewarts ഈ പ്രാവശ്യവും പ്രതിഷേധിച്ചിട്ടുണ്ട്. മതം സ്ഥാപിക്കുന്ന നിയമങ്ങൾ നിമ്മിക്കരുതു് എന്നു് ഭരണഘടന ആവശ്യപ്പെടുന്നതുപോലെ തന്നെ മതത്തിൻെറ സ്വാതന്ത്ര്യ ഉപയോഗത്തെ തടയരുതു് എന്നും ഭരണഘടന ശാസിക്കുന്നുണ്ട് എന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. സ്വന്തം കുട്ടികൾ വിശുദ്ധപുസ്തകം വായിച്ചുകൊണ്ട് ക്ലാസ്സുകൾ ആരംഭിക്കണമെന്ന് ആഗ്രഹിക്കുന്ന മതാപിതാക്കന്മാരുടെ മതസ്വാതന്ത്ര്യത്തിനുള്ള അവകാശത്തെ തടയുന്നതു് ശരിയാണോ എന്നു് അദ്ദേഹം ചോദിക്കുകയാണ്. സുപ്രീംകോടതിയിലെ കത്തോലിക്കനും, യഹൂദനും, വിധിയ്ക്കു്. ഒരു വിശദീകരണം ചേത്തിട്ടുണ്ട്. പബ്ളിക്ക സ്കൂളുകളിൽ നടത്തുന്ന മതാനുഷ്ഠാനങ്ങൾ മാത്രമേ കോടതി വിധി നിരോധിക്കുന്നുള്ളു എന്നു്.

## പൊതുജീവിതത്തെ ബാധിക്കുകയില്ല

വേറൊരു Justice ഇപ്രകാരം പറയുന്നു "പബ്ളിക്കസ്കൂള

# ബൈബിൾ വിവർത്തനം

റവ. ഡോ. ജോൺ ബ്രിട്ടോ സി. എം. ഐ.

ബൈബിൾ സംബന്ധമായി ശാസ്ത്രീയപഠനം നടത്തിയിട്ടുള്ളവരേ വിശുദ്ധ ഗ്രന്ഥം വിവർത്തനം ചെയ്യുവാൻ പുറപ്പെടാവൂ എന്നു പറഞ്ഞാൽ പ്രതിഷേധിക്കുന്നവരാണു് നമ്മിൽ മിക്കവരും. ഏററം പരിപാവനമായ ആ ജോലി ഏതോ ഒരു പ്രത്യേക വിഭാഗത്തിൻെറ കുത്തകയാക്കാനുള്ള അടവാണു് അതു് എന്നാണു് അതിൽനിന്നു് എടുക്കുന്ന നിഗമനം. നമ്മുടെ ഇടയിൽ മറിച്ചൊരു പാരമ്പര്യം തന്നെ സൃഷ്ടിച്ചു കഴിഞ്ഞു എന്നു പറയാം. കുറെ പണവും ഒരു പ്രസ്സും കുറെ സമയവുമുണ്ടെങ്കിൽ ആർക്കും വിവർത്തനം നടത്താം എന്നാണു് വയ്പ്പ്: പ്രോട്ടസ്റ്റൻറുകാർ സ

---

കളിൽ നടത്തുന്ന മതാനുഷ്ഠാനം ഒരു പ്രത്യേക പ്രശ്നമാണു്, ഭരണഘടനയിലെ നിയമങ്ങൾക്കു് വിരുദ്ധമാണു്. അമേരിക്കൻ പൊതുജീവിതത്തിലെ മതകർമ്മങ്ങളെ ഭരണഘടന ബാധിക്കുന്നില്ല.

സായുധസേനയിലെ ചാപ്ലയിൻമാരുടെ സേവനം, നിയമസഭകളിലെ പ്രാർത്ഥന, മതസ്ഥാപനങ്ങൾക്കു നല്കുന്ന കരമൊഴിവു്, നാണയങ്ങൾ (Currency) അടിക്കുന്ന മുദ്രാവാക്യങ്ങൾ, സത്യപ്രതിജ്ഞയിൽ ചേർക്കുന്ന ദൈവനാമം ഇവയെയൊന്നും ഭരണഘടനയിലെ നിയമം ബാധിക്കുന്നില്ല. നമ്മുടെ നാട്ടിലെ ബഹുഭൂരിപക്ഷം ജനങ്ങളും ദൈവത്തിൽ വിശ്വസിക്കുകയും ദൈവത്തെ ആരാധിക്കുകയും ചെയ്യുന്നുണ്ടു്. നൈയാമികവും രാഷ്ട്രീയവും വ്യക്തിപരവുമായ നമ്മുടെ മൂല്ല്യങ്ങൾ ചരിത്രപരമായി മതപാഠങ്ങളിൽ നിന്നുള്ളവയാണു്".

സാങ്കേതികമായി ഭരണഘടനയിലെ നിയമത്തെ വ്യാഖ്യാനിച്ചുകൊണ്ടു് എഴുതിയിരിക്കുന്ന വിധിത്തീർപ്പ് നാനാവിഭാഗങ്ങളിലുംപെട്ട നേതാക്കന്മാരുടെ എതിർപ്പിനു് കാരണമായിത്തീർന്നിരിക്കുകയാണു്. കത്തോലിക്കാസഭയിലെ അത്യുന്നത കാർഡിനൽ മാരും,പ്രോട്ടസ്റ്റൻറുസഭകളിലെ ബില്ലിഗ്രാഹം, കാലിഫോർണിയാ ബിഷപ്പു് മുതലായവരും എതിരു് അഭിപ്രായങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടു്.

———:o:———

ബ്ലൂണ്ടവിവർത്തനം പ്രസിദ്ധം ചെയ്തിട്ടുണ്ട്; മഞ്ഞുമ്മേൽ നിന്നു പ്രസിദ്ധപ്പെട്ടത്തിയ പഴയതർജ്ജിമയുണ്ടു്; മാണിക്കത്തനാരുടെ പ്ശീത്താവിവർത്തനവുമുണ്ട്. അല്പം ഇംഗ്ലീഷ്അറിയാമെങ്കിൽ ലളിതസുന്ദരമായ ഇംഗ്ലീഷിൽ മോൺ. നോക്സ് പ്രസിദ്ധപ്പെട്ടത്തിയ പരിഭാഷയും സുലഭമാണു്. ഇതെല്ലാം കൂടി നിരത്തിവച്ച് കൊള്ളാവുന്നതു് എടുത്തു് മാറേറണ്ടതു മാററി നല്ല മലയാളത്തിലങ്ങെഴുതിയാൽ പോരേ? പോരെങ്കിൽ നേരം കളയാൻ വഴികാണാതെ നടക്കുന്ന കോളേജുവിദ്യാർത്ഥികളും ജോലികിട്ടാതെ വിഷമിക്കുന്ന ഉദ്യോഗാർത്ഥികളും വളരെയുണ്ട്. അവർ മഴപ്പുണിയും ഏറെക്കുറെ ഉളിപ്പുണിയും കഴിച്ചു തരും. ബാക്കി സ്വല്പമൊന്നു് ചിന്തേരിട്ടു് മിനുക്കാനേയുള്ളു അടിച്ചു പ്രസിദ്ധപ്പെട്ടത്താൻ! അങ്ങനെ എല്ലാത്തരത്തിലുമുള്ള ആളുകളും ഇന്നു് ബൈബിൾ വിവർത്തന സംരംഭത്തിൽ ഏർപ്പെട്ടിരിക്കുന്നതായി കാണാം. എന്നാൽ, ബൈബിൾ വിവർത്തനത്തിൽ അടങ്ങിയിരിക്കുന്ന പ്രശ്നങ്ങൾ അല്പമൊന്നു പരിശോധിച്ചാൽ ഈ ചിന്താഗതി ബാലിശമാണെന്നു കാണാവുന്നതാണു്.

എന്താണു ബൈബിൾ വിവർത്തനം? ക്രൈസ്തവവിശ്വാസത്തിൻെറ പ്രമാണഗ്രന്ഥമാണു് ബൈബിൾ. അതു് ഗ്രീക്കു്, എബ്രായ, അറാമായ ഭാഷകളിലാണു് ആദ്യം എഴുതപ്പെട്ടതു്. അതു് വിശ്വസ്തമായി പ്രസ്തുത ഭാഷകൾ അറിയാൻ പാടില്ലാത്തവർക്കു് വേണ്ടി മററു ഭാഷകളിലാക്കുകയാണു് വിവർത്തകൻെറ ജോലി. ഒരു ഭാഷയിൽ എഴുതിയ ഒരു ഗ്രന്ഥം മറെറാരു ഭാഷയിലാക്കുക അത്ര എളുപ്പമല്ല. ഭാഷകൾ വ്യത്യസ്ത സാഹചര്യങ്ങളിൽ വികാസം പ്രാപിച്ചു് പ്രയോഗരീതികളും ശൈലികളും ആർജ്ജിച്ചിട്ടുള്ളവയാണു്. അവ തീർത്തും സമാന്തരങ്ങളാണെന്നു് പറഞ്ഞുകൂടാ. തൻനിമിത്തം ആശയം ഒരു ഭാഷയിൽനിന്നു് മറെറാരു ഭാഷയിലേക്കു പകർത്തുമ്പോൾ പല പ്രശ്നങ്ങളും ഉദിക്കുന്നു.

പദാനുപദ തർജ്ജിമ: നേരായ തർജ്ജിമ അഥവാ "ലിററൽ ട്രാൻസ്ലേഷൻ" (literal translation) എന്നു പറയുമ്പോൾ മൂലത്തിലുള്ള ഒരു പദത്തിനു സമമായി വിവർത്തനഭാഷയിലുള്ള പദം തിരഞ്ഞെടുത്തു് വ്യാകരണം മാത്രം ശരിപ്പെട്ടത്തി എഴുതുക എന്നു് പലരും ധരിക്കുന്നുണ്ടു്. എന്നാൽ ഇതു് ശരിയായ തത്വമായി വിവർത്തകരാരും ഇന്നു സമ്മതിക്കുകയില്ല. രണ്ടു ഭാഷകളിലെ

പദങ്ങൾ തമ്മിൽ സമതയുണ്ടാകുക സാധാരണയല്ല. "Man" എന്ന ഇംഗ്ലീഷ്പദം എടുക്കുക. "മനുഷ്യൻ" എന്ന പദംകൊണ്ട് അതു് നാം വിവർത്തനം ചെയ്യുന്നു. എന്നാൽ എല്ലാ സാഹചര്യങ്ങളിലും ഇതു പറ്റുകയില്ല. ചിലേടത്തു് "പുരുഷൻ" എന്ന അർത്ഥമാണു് അതിനു്. ലത്തീനിൽ അതിനു് 'homo', 'vir' എന്നു് രണ്ടു പദങ്ങളുണ്ടു്. ഗ്രീക്കിലെ 'ആന്ത്രപ്പോസു്' എന്ന സമപദത്തിൽ അല്പം അർത്ഥവ്യത്യാസമുണ്ടു്; അല്പം അവജ്ഞാസൂചനയുണ്ടു് അതിൽ. ഹീബ്രുവിൽ നാലു വ്യത്യസ്ത പദങ്ങളുണ്ടു് 'മനുഷ്യ' പദത്തെക്കുറിക്കുവാൻ—ഓരോന്നും പ്രയോഗിക്കുന്ന സാഹചര്യം വ്യത്യാസപ്പെട്ടതാണു്. അതുപോലെ ഗ്രീക്കിലെ ലോഗോസു് (logos) പദത്തിനു സാമാന്യ ഗ്രീക്ക് ഇംഗ്ലീഷ് നിഘണ്ഡുവിൽ ഒന്നു രണ്ടു കോളത്തോളം അർത്ഥം കൊടുത്തിട്ടുണ്ടു്. അതിൽ ഒന്നു് പ്രസ്തുത ഗ്രീക്കുപദത്തിനു് സ്ഥിരം അർത്ഥമായി എടുക്കുക സാദ്ധ്യമല്ല. പദം പ്രയോഗിച്ചിരിക്കുന്ന സന്ദർഭം നോക്കിവേണം അർത്ഥം നിശ്ചയിക്കുവാൻ. അതിനാൽ ഏതു തർജ്ജിമയും പദങ്ങളേക്കാൾ വാചകങ്ങൾക്കു് കേന്ദ്രസ്ഥാനംകൊടുക്കണമെന്നതു് സ്പഷ്ടമാണു്.

വി. ഗ്രന്ഥതർജ്ജിമയുടെകാര്യത്തിൽ ഇതു് പ്രത്യേകിച്ചും പരിഗണനാർഹമാണു്. വിശുദ്ധ ഗ്രന്ഥത്തിലെ ഭാഷ കാലത്തിന്റെ ഗതിയിൽ ഏറെക്കുറെ വികാസം പ്രാപിച്ചിട്ടുള്ളതാണു്. പഴയനിയമഗ്രന്ഥങ്ങളുടെ മൂലഭാഷയായ ഹീബ്രുവിൽ അന്നു് ഇസ്രായേലിനു ചുററും വസിച്ചിരുന്ന ആളുകളുടെ ഭാഷകളുടെ സ്വാധീനം വളരെയുണ്ടായിരുന്നു. പല പദങ്ങളുടെയുംഅർത്ഥം ശരിക്കു് ഗ്രഹിക്കണമെങ്കിൽ പ്രസ്തുതഭാഷകളുമായുള്ള താരതമ്യപഠനം ആവശ്യമാണു്. ഈ സമ്പർക്കം പലപദങ്ങളുടെയുംഅർത്ഥവ്യാപ്തി വർദ്ധിപ്പിച്ചിട്ടുണ്ടു്. അതുപോലെ പുതിയ നിയമത്തിൽ നാം കാണുന്നതു് തനിപൗരാണിക ഗ്രീക്കു ഭാഷയല്ല, ദിവ്യ സന്ദേശത്തിന്റെ ആഴം ഗ്രഹിപ്പിക്കാൻവേണ്ടി പല പദങ്ങൾക്കും പുതിയ അർത്ഥം വിശുദ്ധഗ്രന്ഥകാരന്മാർ നൽകിയിട്ടുണ്ടു്. ഗ്രീക്കുപദങ്ങളുടെ ഈ അർത്ഥവിപുലീകരണം പഴയനിയമത്തിന്റെ 'സെപ്ററുവജിൻറു്' തർജ്ജിമ മുതൽ തുടങ്ങിയതാണു്. ഈ വികാസം കണക്കിലെടുത്തെങ്കിലേ ഒരു പ്രത്യേക സന്ദർഭത്തിൽ പദങ്ങൾക്കുള്ള അർത്ഥം ശ

രിയായി ഗ്രഹിക്കാൻ കഴിയൂ. ഗ്രീക്കുഭാഷയുടെ സാമാന്യജ്ഞാനം മാത്രം വച്ചുകൊണ്ടു് ഒരു നിഘണ്ഡുവും സമ്പാദിച്ചു് വിവർത്തനത്തിനിരിക്കുന്ന ഒരാൾക്കു് ഈ സന്ദർഭബോധം ഉണ്ടായെന്നു വരികയില്ല. ശാസ്ത്രീയമായ വിശുദ്ധ ഗ്രന്ഥപഠനം കൊണ്ടേ ഈ ജ്ഞാനം സിദ്ധിക്കൂ.

**പഴയ വിവർത്തനങ്ങളുടെ പോരായ്മ:** പദങ്ങൾക്കു് സന്ദർഭാനുസൃതമായി വരാവുന്ന അർത്ഥവ്യത്യാസം സാഹചര്യങ്ങൾ പരിഗണിച്ചു് കണക്കിലെടുത്തില്ല എന്നതാണു് പഴയ വിവർത്തനങ്ങളുടെ പോരായ്മ. ആകപിലായുടെ എന്നറിയപ്പെട്ടിരുന്ന ഗ്രീക്കു പഴയനിയമവിവർത്തനം ഹീബ്രു പദത്തിനു സമാനം ഗ്രീക്കുപദം എന്ന കർശന ദീക്ഷയോടെ ചെയ്തതാണു്. അതിൽ ഉടനീളമുള്ള തർജ്ജിമ ച്ചുവയും ഏവരും സമ്മതിച്ചിട്ടുള്ളതാണു്. വുൾഗാത്തായും ഏതാണ്ടിതേ ന്യൂനതയുള്ളതാണു്. അതുകൊണ്ടാണു് പന്ത്രണ്ടാം പീയൂസ് പാപ്പാ ഉപദേശിച്ചതു് വിശുദ്ധ ഗ്രന്ഥ വിവർത്തനത്തിൽ വുൾഗാത്താ മാററിവച്ചിട്ടു് മൂല ഭാഷയിൽ നിന്നു തന്നെ തർജ്ജിമചെയ്യുകയാണു് മെച്ചമെന്നു്. പ്ശീത്താ വിവർത്തകർ വിശുദ്ധ ഗ്രന്ഥകാലത്തോടും സാഹചര്യങ്ങളോടും കൂടുതൽ സാമീപ്യമുള്ളവയായിരുന്നു. പദങ്ങളുടെ സന്ദർഭാനുസൃതമായ അർത്ഥം ഗ്രഹിക്കുവാൻ കൂടുതൽ കഴിവുണ്ടായിരുന്നു അവർക്കു്. അതുകൊണ്ടു് പൂർവ്വ വിവർത്തനങ്ങളുടെ കൂട്ടത്തിൽ അതിനു് കൂടുതൽ പ്രാമാണ്യമുണ്ടു്. ഇംഗ്ലീഷ് വിവർത്തനങ്ങളെല്ലാം തന്നെ വുൾഗാത്തായോടുള്ള ദാസ്യത്വംകൊണ്ടു് ന്യൂനതയുള്ളവയാണു്. അടുത്തകാലത്തു പുറത്തുവന്ന നോക്സ് വിവർത്തനത്തെക്കുറിച്ചും ഇതു വാസ്തവമാണു്. പന്ത്രണ്ടാം പീയൂസിൻെറ ഉൽബോധനത്തിനു മുൻപു നടത്തിയ വിവർത്തനമായിരുന്നു അതും. തന്നിമിത്തം മലയാളത്തിലും ഇംഗ്ലീഷിലുമുള്ള പഴയവിവർത്തനങ്ങൾകൊണ്ടു് വിശുദ്ധഗ്രന്ഥ പരിജ്ഞാനത്തിൻെറ പോരായ്മ തീർക്കാമെന്നുവച്ചാൽ സാദ്ധ്യമല്ല.

**വിവർത്തനത്തിൻെറ ഭാഷാശൈലി:** ഒരു ദിവ്യഗ്രന്ഥത്തിൻെറ വിവർത്തനമായതുകൊണ്ടു് അതിൻെറ ഭാഷാശൈലിയും കുറെ അസാമാന്യമായിരിക്കണമെന്നു് വിചാരിക്കുന്നവരുണ്ടു്. അതുകൊണ്ടു് കുറെ പഴയ പദപ്രയോഗങ്ങളും ഗ്രീക്കു് ആ

രാമായ ശൈലികളുടെ തനി തർജ്ജിമകളും കൊണ്ടു് ഈ അസാമാന്യത വരുത്താമെന്നു് അവർ കരുതുന്നു. ഇതു് പല പഴയ വിവർത്തനങ്ങളിലും ദൃശ്യമാണു്. നേരെമറിച്ചു് ബൈബിൾ ഒരു വൈദേശിക ഗ്രന്ഥമല്ല. "നീ വായിക്കുന്നതു് നിനക്കു മനസ്സിലാകുന്നുണ്ടോ?" (നടപടി 8, 30) എന്നു് പീലിപ്പോസ് ഷണ്ഡനോടു ചോദിച്ചതു് എക്കാലത്തും വിശുദ്ധ ഗ്രന്ഥത്തെ സംബന്ധിച്ചു പ്രസക്തമാണു്. ഏവരും വായിച്ചു് ഗ്രഹിക്കേണ്ട ദിവ്യ ദൗത്യമാണു് ബൈബിൾ. മൂലഗ്രന്ഥം നൽകുന്ന സന്ദേശം അതേപടി, അതുപോലെ ഹൃദ്യവും ലളിതവുമായ ഭാഷയിൽ അനുവാചകനു പകർന്നുകൊടുക്കുകയായിരിക്കണം വിവർത്തകന്റെ ലക്ഷ്യം. ലളിതസുന്ദരവും വിവർത്തനഭാഷയ്ക്കു് തികച്ചും അനുഗുണവുമായ ശൈലി സ്വീകരിച്ചെങ്കിലേ ഇതു സാധിക്കൂ.

കൂടാതെ തനിച്ചുവായിച്ചു് അർത്ഥം ഗ്രഹിക്കുന്നതിനു മാത്രമുള്ള ഗ്രന്ഥമല്ല ബൈബിൾ. അതു് എവിടെയും പ്രസിദ്ധം ചെയ്യേണ്ട സന്ദേശമാണു്. ദിവ്യപൂജയിൽ അതു് പരസ്യമായി വായിക്കുന്നു. ഇപ്രകാരം പരസ്യമായി വായിക്കുന്നതിനുള്ള ഗ്രന്ഥമായതുകൊണ്ടു് ഭാഷാപരമായും നല്ല നിലവാരം അതു പാലിക്കണം. അതുകൊണ്ടു് ശരിയായ ഒരു വിവർത്തനം സാധിക്കണമെങ്കിൽ ഭാഷാപണ്ഡിതന്മാരുടെ സഹകരണം അത്യാവശ്യമാണു് എന്നു് സിദ്ധിക്കുന്നു. ഒന്നു് ഒരു വിധം വിവർത്തനം ചെയ്തിട്ടു് പിന്നീടു് ഭാഷ മെച്ചപ്പെടുത്തുക അത്ര എളുപ്പമല്ല. തെറ്റായി ചെയ്ത ഒരു തർജ്ജിമ ശരിപ്പെടുത്തുന്നതിനേക്കാൾ മൂലത്തിൽനിന്നു് നേരിട്ടു് വിവർത്തനം നടത്തുകയാണു് എളുപ്പം എന്നു് ഈ വിഷയത്തിൽ അല്പമെങ്കിലും പരിചയമുള്ളവർ സമ്മതിക്കും. തന്നിമിത്തം ഒന്നുകിൽ ഭാഷാപാണ്ഡിത്യവും വിശുദ്ധ ഗ്രന്ഥപരിജ്ഞാനവും ഒരു വ്യക്തിക്കു തന്നെ ഉണ്ടായിരിക്കണം. അല്ലെങ്കിൽ ഇതിൽ ഓരോന്നുള്ളവർ ഒന്നിച്ചിരുന്നു് ജോലി ചെയ്യണം.

## ബൈബിൾ വിവർത്തനത്തിൽ പ്രോട്ടസ്റ്റന്റു മാതൃക.

ബൈബിൾ വിവർത്തനത്തിൽ ഉന്നതനിലവാരവും കാര്യക്ഷമതയും പാലിക്കുന്നതിൽ പ്രോട്ടസ്റ്റന്റുകാർ നല്ല മാതൃക നൽകുന്നുണ്ടു്. ഒരു വിവർത്തനവും ഇല്ലാതിരിക്കുന്നതിനേക്കാൾ വല്ലതരത്തിലുമൊന്നുണ്ടാവുകയാണു് മെച്ചമെന്നു് അവർ വി

ചാരിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇന്നു് ആ നില പാടേ മാറി. ഉണ്ടാക്കുന്ന വിവർത്തനം ആവുന്നത്ര മെച്ചമായിരിക്കണം എന്ന തത്വമാണു് അവർ ദീക്ഷിക്കുന്നതു്. വിവർത്തകർക്കു് പൊതുവും പ്രത്യേകവുമായ നിർദ്ദേശങ്ങൾ നൽകുന്നതിനുവേണ്ടി "The Bible Translator" എന്നൊരു ത്രൈമാസികം പതിന്നാലുകൊല്ലമായി വിവിധ ബൈബിൾസൊസൈററികൾ ചേർന്നു് പ്രസിദ്ധപ്പെടുത്തുന്നുണ്ടു്. സാങ്കേതികമായും ശാസ്ത്രീയമായും ഉന്നതമായ ഒരു നിലവാരം അതു പുലർത്തുന്നുണ്ടു്.

ഈയിടെ The New English Bible എന്ന പേരിൽ പ്രസിദ്ധപ്പെടുത്തുന്ന വിവർത്തനം പ്രത്യേകം ശ്രദ്ധാർഹമാണു്. ഇതിന്റെ പുതിയനിയമഭാഗം 1961-ൽ പുറത്തുവന്നു. കത്തോലിക്കാ പണ്ഡിതന്മാർപോലും അതിനെ മുക്തകണ്ഠം പുകഴ്ത്തുകയുണ്ടായി. അതു് നോക്സിന്റെ വിവർത്തനവുമായി താരതമ്യപ്പെടുത്തിക്കൊണ്ടു് W. J. Dalton S. J. 20th Century എന്ന ആസ്ത്രേലിയൻ മാസികയിൽ ഇപ്രകാരം പറയുന്നു; 'Knox can hardly be beaten in general readability, but he is at a sad disadantage in translating from the Vulgate, and besides he cannot match the scholarship and theological insight which lie behind the latest version" പൊതുവേ ഭാഷാലാളിത്യത്തിൽ നോക്സിനെ തോല്പിക്കുക സാദ്ധ്യമല്ല. പക്ഷേ വുൾഗാത്തായിൽനിന്നു് തർജ്ജിമചെയ്യുന്നതുകൊണ്ടു് അദ്ദേഹത്തിനു് വലിയ പോരായ്മയുണ്ടു്. കൂടാതെ പുതിയ വിവർത്തനത്തിന്റെ പിമ്പിലുള്ള പാണ്ഡിത്യത്തോടും ദൈവശാസ്ത്രദൃഷ്ടിയോടും ഒപ്പം നില്ക്കാൻ അദ്ദേഹത്തിനു കഴിവുമില്ല."

സി. എച്ച്. ഡോഡിന്റെ (C.H. Dodd) നേതൃത്വത്തിൽ ബ്രിട്ടീഷ് പ്രോട്ടസ്റ്റന്റ് പണ്ഡിതന്മാരുടെ ഒരു കമ്മററിയാണു് വിവർത്തനം നിർവ്വഹിച്ചതു്. ഓരോരുത്തർ തനിച്ചു് നിശ്ചിതഭാഗങ്ങൾ വിവർത്തനം ചെയ്തശേഷം കമ്മിററിമുഴുവൻ ഒന്നിച്ചുകൂടി ഓരോ വാക്യവും ചർച്ച ചെയ്തു. പുതിയ വിവർത്തനത്തിൽ ന്യൂനതകളില്ലെന്നല്ല. എന്നാൽ അവ അപ്രധാനങ്ങളാണു്. പഴയ തർജ്ജിമകളെല്ലാം മാററി വച്ചിട്ടു് മൂലത്തിൽ നിന്നു് നേരിട്ടു് വിവർത്തനം ചെയ്യുകയാണു് അവർ. കത്തോലിക്കരൊഴിച്ചു

ഇംഗ്ലണ്ടിലെ ബാക്കി ക്രൈസ്തവ സഭകളെല്ലാം തന്നെ ഈ വിവർത്തന സംരംഭത്തിൽ പങ്കെടുക്കുന്നുണ്ട്. ഓരോ കൂട്ടരും തങ്ങളുടെ ഇടയിലെ ഏറ്റവും വലിയ ബൈബിൾപണ്ഡിതന്മാരെയാണ് പ്രസ്തുത ജോലിക്ക് നിയമിച്ചിരിക്കുന്നത്. കത്തോലിക്കർക്ക് പുതുതായ നോക്സ് വിവർത്തനം പുറത്തു വന്ന സാഹചര്യത്തിൽ ഈ പുതിയ സംരംഭത്തിൽ പങ്കെടുക്കേണ്ട ആവശ്യമില്ല.

**ബൈബിൾ വിവർത്തകനു വേണ്ട ഗുണങ്ങൾ:** മേൽ പ്രസ്താവിച്ചതിൽ നിന്നു് എല്ലാവർക്കും ബൈബിൾ വിവർത്തനത്തിൽ ഏർപ്പെടാൻ കഴിവില്ല എന്നു സ്പഷ്ടമാണ്. വിവർത്തകനു് അവശ്യം ചില ഗുണങ്ങൾ ഉണ്ടാകണം. The Bible Translator ന്റെ പത്രാധിപരായിരുന്ന എവ്യജിൻ നീഡാ (Eugine Nida) എന്ന പ്രൊട്ടസ്റ്റൻറു പണ്ഡിതൻ ഒരു ലേഖനത്തിൽ പ്രസ്തുത ഗുണങ്ങൾ വിവരിക്കുന്നുണ്ട്.

1) ഒന്നാമതായി ബൈബിളിന്റെ ആത്മിക സന്ദേശത്തെക്കുറിച്ച് ആഴമായ ബോദ്ധ്യം. എന്തെന്നാൽ വിശുദ്ധ ഗ്രന്ഥത്തിന്റെ ദിവ്യമായ സന്ദേശത്തിന് പൂർണ്ണമായി ആത്മാർപ്പണം ചെയ്തിട്ടുള്ള ഒരു വ്യക്തിക്കു മാത്രമെ ബൈബിൾ വിവർത്തനം ആവശ്യപ്പെടുന്ന ബുദ്ധിമുട്ടേറിയ പഠനവും ഗവേഷണവും നടത്തുന്നതിനു സാധിക്കുകയുള്ളു. (2) മുരഞ്ഞു ജോലി ചെയ്യുന്നതിനുള്ള ശരീരസുഖവും വേണം. വിശ്രമത്തിനും വിനോദത്തിനുമായി ഏറ്റെടുക്കാവുന്ന ഒന്നല്ല ബൈബിൾവിവർത്തനം. (3) സാമാന്യത്തിലുപരിയായ ബുദ്ധിശക്തി വിവർത്തകനു് ആവശ്യമാണ്. 120-ൽ കുറയാത്ത I.Q. (Intelligence quotient) ആണു് ഡോക്ടർ നീഡാ ഒരു വിവർത്തകനിൽ പ്രതീക്ഷിക്കുന്നതു്. ഒരു ജോലി തൃപ്തികരമായി ചെയ്യുന്നതിനു് മന:ശാസ്ത്രജ്ഞന്മാർ ആവശ്യപ്പെടുന്ന ബുദ്ധിശക്തിയുടെ തോതാണിതു്. ആവശ്യമായ ഭാഷകൾ പഠിക്കുന്നതിനും ബൈബിളിന്റെ അർത്ഥം സൂക്ഷ്മതയോടെ ഗ്രഹിക്കുന്നതിനും ഇതു് ആവശ്യമായി അദ്ദേഹം കരുതുന്നു. (4) ഇവയിലെല്ലാം ഉപരിയായി ഒരു ജോലി സ്ഥിരതയോടെ ചെയ്യുന്നതിനുള്ള നിശ്ചയദാർഢ്യം വിവർത്തകനിൽ കൂടിയേ തീരൂ. അനേകമാസങ്ങളെന്നല്ല വർഷങ്ങൾതന്നെ

സ്ഥിരമായി പ്രയത്നിക്കേണ്ട ഒരു തുറയാണ് ബൈബിൾ വിവർത്തകൻേറതു്. ഏതാദൃശമായ ജോലിയിൽ മുഴുവൻ ശ്രദ്ധയും ചെലുത്തി അതു് ഏററം പൂർണ്ണമായി നിർവ്വഹിക്കുന്നതിനു് ഉറപ്പില്ലാത്തവർ പ്രസ്തുത സംരംഭത്തിനു് പുറപ്പെടരുതു്.

ഇവയ്ക്കും പുറമെ ശാസ്ത്രീയമായ ബൈബിൾ പഠനവും, ബൈബിൾ ഭാഷകളുടെ സാമാന്യ ജ്ഞാനവും, വിവിധ മാനുഷിക സംസ്കാരങ്ങളുടെ ഒരു സ്ഥൂലജ്ഞാനവും വിവർത്തകനു് ആവശ്യമുണ്ടു്. ബൈബിൾ നൽകുന്ന സന്ദേശത്തിൻെറ ദൈവശാസ്ത്രപരമായ അർത്ഥം ശരിക്കു് ഗ്രഹിച്ചിട്ടില്ലാത്ത ഒരാൾ പദങ്ങളുടെ സൂക്ഷ്മമായ അർത്ഥം കണ്ടുപിടിക്കുകയില്ല. അതുപോലെ വിവിധ ഭാഷകളുടെ ഘടനയും വ്യാകരണ രീതികളും ശൈലികളും അവയുടെ കുടുംബത്തിരിവുകളും സംബന്ധിച്ചു് സാമാന്യ ജ്ഞാനമില്ലാത്ത ഒരു ഭാഷയിലെ പ്രത്യേക പ്രയോഗങ്ങൾ മററൊന്നിലേക്കു് പകർത്തുവാൻ കഴിയുകയുമില്ല. അതുപോലെ ബൈബിളിൻെറ സാംസ്കാരിക പശ്ചാത്തലവും അതിലുപരി ആർക്കുവേണ്ടി വിവർത്തനം നിർവഹിക്കുന്നുവൊ അവരുടെ സംസ്കാരവും വേണ്ടവിധം പഠിച്ചെങ്കിലേ അബദ്ധം വരുത്താതെ ഒന്നിൽ നിന്നു് മറെറാന്നിലേക്കു് ആശയങ്ങൾ പകന്നേട്ടക്കാൻ സാധിക്കൂ. സാംസ്കാരികാംശങ്ങളുടെ വിനിമയോപാധിയാണല്ലോ ഭാഷ.

ഈ മാനദണ്ഡങ്ങളെല്ലാം വച്ചു നോക്കുമ്പോൾ ബൈബിൾ വിവർത്തനം സംബന്ധിച്ചു് നമുക്കിന്നു പൊതുവേയുള്ള ധാരണ എത്രകണ്ടു് അപക്വമാണെന്നു് മനസ്സിലാക്കാം. പണത്തിനും പെരുമയ്ക്കും വേണ്ടി ഏറെറടുക്കേണ്ട ഒന്നല്ല അതു്. അനാശാസ്യവും അപൂർണ്ണവുമായ ഒരു വിവർത്തനം ജനമദ്ധ്യത്തിൽ വിതരണം ചെയ്യുന്നതു് ഒരു മഹാപരാധം തന്നെയാണു്. സമുദായത്തിലെ ഏററം വലിയ പണ്ഡിതന്മാരും ഭാഷാവിദഗ്ദ്ധന്മാരും യോജിച്ചു സഹകരിച്ചു് കൈകാര്യം ചെയ്യേണ്ട ഒരു വിഷയമാണിതു്. അതിനുവേണ്ടി ഏററവും കഴിവുള്ളവരെ നിയമിക്കുക ഒരു പൊതു ആവശ്യമാണു്.

———:o:———

# വിശുദ്ധ ഗ്രന്ഥവും ദരിദ്രരും

റവ. ഫാ. ജോൺ വെട്ടങ്കി എസ്. ജെ. (കെർസിയോങ്ങ്)

പഞ്ചവത്സരപദ്ധതികളും മററും വഴി നമ്മുടെ ജീവിത നിലവാരം ഉയർന്നു വന്നിട്ടുണ്ടെങ്കിലും, ഇന്നും ആയിരക്കണക്കിനാളുകൾ കടുത്ത ദാരിദ്ര്യത്തിൽ കഴിഞ്ഞുവരുന്നു. അവരുടെ ഇല്ലായ്മക്കും ദുഃഖദുരിതങ്ങൾക്കും, ക്രിസ്തീയ മതസിദ്ധാന്തങ്ങൾ വല്ല സമാശ്വാസവും നൽകുന്നുണ്ടോ? മനുഷ്യനു മനുഷ്യനായി ജീവിക്കുവാൻ കുറെയൊക്കെ സമ്പത്തു അവശ്യംതന്നെ; എന്നാൽ യഥാർത്ഥ ദാരിദ്ര്യത്തിനും ക്രിസ്തീയ ജീവിത വീക്ഷണത്തിൽ പ്രധാനമായ ഒരു സ്ഥാനമില്ലേ? ഒരു വിധത്തിൽ പറഞ്ഞാൽ ദാരിദ്ര്യം അമൂല്യമായ സമ്പത്തുതന്നെയാണു്; കാരണം യഥാർത്ഥ ദാരിദ്ര്യത്തെ കലർപ്പില്ലാത്ത സ്നേഹത്തോടെ ആശ്ലേഷിച്ചാൽ, അതു നമ്മെ ദൈവത്തിൻെറ, ക്രിസ്തുവിൻെറ ഉററമിത്രങ്ങളും, വരപ്രസാദത്തിൻെറ പ്രവർത്തനകേന്ദ്രങ്ങളും ആക്കിത്തീർക്കുന്നു. ക്രിസ്തുമതത്തിലെ അടിസ്ഥാനപരമായ ഒരു തത്വമാണിതു്; വിശുദ്ധ ഗ്രന്ഥം ഈ ആശയത്തെ എങ്ങനെയാണു ആവിഷ്കരിക്കുന്നതെന്നു നമുക്കു പരിശോധിക്കുക.

പഴയ നിയമത്തിലും, പുതിയനിയമത്തിലും ദരിദ്രനു മഹത്തായ സ്ഥാനമുണ്ട്. മദ്ദിതൻെറയും പീഡിതൻെറയും നെടുവീർപ്പുകൾ 'അബ്രാഹത്തിൻെറയും ഇസഹാക്കിൻെറയും യാക്കോബിൻെറയും ദൈവത്തിൻെറ, ശക്തിയുടെ പര്യായമാണു്. അവൻെറ അവനതമായ ഹൃദയം ഈശ്വരൻെറ ശക്തിമത്തായ പ്രവർത്തനകേന്ദ്രവും ദൈവവും ലോകവും തമ്മിൽ യോജിക്കുന്ന ബിന്ദുവുമാണു്. അല്പരും നിസ്സാരരുമായ ആളുകളെയാണല്ലോ വൻകാര്യങ്ങൾ സാധിക്കാൻ ദൈവം തെരഞ്ഞെടുത്തതു്. ദിവ്യജനനിയെപ്പോലെ സാദ്ധ്വിയും അനാർഭാടയുമായ ഒരു കന്യകയെ കാണുവാൻ കഴിയുമോ? സഭക്കു അടിസ്ഥാനമിട്ടു. രാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയും മുമ്പിൽ സുവിശേഷത്തിൻെറ ദിവ്യപ്രദീപം തെളിച്ച അപ്പസ്തോലന്മാരും നിരക്ഷരകുക്ഷികളായ പാവങ്ങളായിരുന്നു. ഇവയെല്ലാം സൂചിപ്പിക്കുന്നതു യഥാർത്ഥമോ, ആദ്ധ്യാത്മികമെങ്കിലുമോ ആയ ദാരിദ്ര്യത്തിനും തജ്ജന്യമായ ഹൃദയവിനയത്തിനും മാത്രമേ, നമ്മുടെ ആത്മാവിനെ ഈശ്വരൻെറ പ്രവർത്തന

കേന്ദ്രമാക്കാൻ കെല്പുള്ളുവെന്നാണ്. ഈ രണ്ടു മനോഭാവങ്ങൾക്കു മാത്രമേ മനുഷ്യനും ദൈവവുമായുള്ള ഹൃദയസംവാദനത്തിനും കളമൊരുക്കാൻ കഴിയൂ. അവയുടെ അഭാവത്തിൽ ദൈവബന്ധിയായ മനുഷ്യൻെറ ഉൾക്കാഴ്ചയും അന്തർമുഖതപവും അവസാനിക്കുന്നു. പരസ്പരഹൃദയൈക്യം നശിച്ചുപോകുന്നു. ഇതു വിശുദ്ധ ഗ്രന്ഥത്തിലെ പ്രധാനപ്പെട്ട ഒരു ദൈവികപ്രവർത്തനപ്രമാണമാണ്.

## വിശുദ്ധ ഗ്രന്ഥം എന്താണ്?

വേദപുസ്തകം മനുഷ്യനും ദൈവവും തമ്മിലുള്ള ഹൃദയസംവാദത്തിൻെറ ഔദ്യോഗികചരിത്രമാണ്. അതിൽ മനുഷ്യനും ദൈവവും തമ്മിലുള്ള പരസ്പരാഭിമുഖീകരണത്തിൻെറ സജീവാത്മകമായ ചിത്രീകരണം അടങ്ങിയിരിക്കുന്നു. അതുകൊണ്ട് അതിൽ വിനീതനായ മനുഷ്യൻ ദൈവാന്വേഷണത്തിൽ അനുഭവിച്ച ഹൃദയവേദനകളും മുമ്പോട്ടുവച്ച "നിണമണിഞ്ഞ കാല്പാടുകളും" നമുക്കു കാണാം. അതോടൊപ്പം തന്നെ അവതാരാത്മാവിൻെറ ചൈതന്യനിർഭരമായ ഉത്ഥാനവും, ആഹ്ളാദാത്മകമായ ഈശ്വരൈക്യവും ദൃശ്യമാണ്. ചുരുക്കത്തിൽ മനുഷ്യരക്ഷയുടെ ദൈവികമായ നിർമ്മാണരേഖയാണു വിശുദ്ധ ഗ്രന്ഥം. പക്ഷേ ക്ലൊഡേൽ അഭിപ്രായപ്പെട്ടതുപോലെ, അതു തുടർച്ചയായ ഒരു ചരിത്രം മാത്രമല്ല; തുടർന്നുകൊണ്ടിരിക്കുന്ന ഒരു ചരിത്രം കൂടിയാണ്.

## പ്രധാന ചരിത്രസംഭവങ്ങൾ

പഴയനിയമ ചരിത്രം എന്താണ്? മനുഷ്യൻെറ നിപതനത്തെ തുടർന്നു ദൈവത്തിൻെറ വാഗ്ദാനത്തിൻെറ കാവല്ക്കാരനായി അബ്രാഹം തെരഞ്ഞെടുക്കപ്പെട്ടു. അബ്രാഹത്തിൻെറ സന്താനപരമ്പര, മതത്തിൻെറ പേരിൽ മററുള്ളവരിൽനിന്നെല്ലാം മാറിനിന്നാണു ജീവിച്ചുവന്നത്. ഇവർ കാലക്രമേണ മതപരമായ ഐക്യത്തെ സംരക്ഷിക്കുന്നതിനായി രാഷ്ട്രീയവും സാമുദായികവുമായ യോജിപ്പിനായി പരിശ്രമിച്ചു. ജോഷ്വായുടെ കാലത്തു ഈ യത്നം സഫലമായി. ശക്തിമത്തായ ഒരു രാജ്യം ഉണ്ടാവുകയും ദാവീദിൻെറ കാലത്തു അതു മഹത്വത്തിൻെറ ഉച്ചകോടിയിൽ എത്തുകയും ചെയ്തു. ഭൌതികവും ആ

ദ്ധ്യാത്മികവുമായ സമൃദ്ധി എങ്ങും കളിയാടി. എന്നാൽ താമസംവിനാ ബാഹ്യവും ആഭ്യന്തരവുമായ ക്ഷയോന്മുഖപ്രവണതകൾ പലസ്ഥലങ്ങളിലും വ്യാപിച്ചു തുടങ്ങി, വടക്കൻ ഗോത്രക്കാർ സ്വതന്ത്രരാജ്യം സ്ഥാപിച്ചു. ആദ്ധ്യാത്മികമായി അവർ അധഃപതിക്കുവാൻ ആരംഭിച്ചു. വിഗ്രഹാരാധനപോലും നടത്തുവാൻ അവർ വിസമ്മതിച്ചില്ല. ആ സമയം ഏകദേശം ബി. സി. 9-ാം നൂററാണ്ടോടുകൂടി ദീർഘദർശികൾ രംഗപ്രവേശം ചെയ്തു. 9-ാം നൂററാണ്ടിൽ ഏലിയാസും, എട്ടാം നൂററാണ്ടിൽ ആമോസും ഓസിയും ഏശയ്യായും, ഏഴാം നൂററാണ്ടിൽ ജെറമിയാസും, ആറാംനൂററാണ്ടിൽ എസക്കിയേലും പ്രവചിച്ചുതുടങ്ങി. ഭൌതികരാജ്യത്തിൻെറ അധഃപതിച്ച മനഃസ്ഥിതിക്കെതിരായി അവർ ശബ്ദമുയർത്തി. യഥാർത്ഥരാജ്യത്തെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുവാൻ അവർ ജനങ്ങളെ ഉപദേശിച്ചു. അതിനായി ഒരു "പരിശിഷ്ട" (remnant) ജനസമൂഹത്തെ അവർ രൂപീകരിച്ചു. 722-ൽ വടക്കൻ രാജ്യങ്ങളെ അസ്സീറിയാക്കാർ കീഴടക്കി;587-ൽ കൽദായക്കാർക്ക ജെറുസലേം അധീനപ്പെട്ടു. അങ്ങനെ ആ രാജ്യത്തിൻെറ ഭൌതികമഹത്വം നാമാവശേഷമായി. അതിൻെറ പാപം ശിക്ഷിക്കപ്പെട്ടു. ഇസ്രായേലിൻെറ മഹത്വം രാജ്യശക്തിയിലല്ല അധിഷ്ഠിതമായിരിക്കുന്നതെന്നു അവർ മനസ്സിലാക്കി.

രാജ്യം നഷ്ടപ്പെട്ട ഇസ്രായേൽ നാടുകടത്തപ്പെട്ടവരായി. തന്മൂലം അവർ കൂടുതൽ ആദ്ധ്യാത്മീകരിക്കപ്പെട്ടു. സുപ്രതിഷ്ഠിതമായ ഏകദൈവവിശ്വാസവും സാർവ്വജനീനത്വവും അവർ സ്വീകരിച്ചു. എസക്കിയേലിൻെറയും ഏശയ്യായുടേയും പ്രവചനങ്ങൾ പാരതന്ത്ര്യം അനുഭവിച്ചുകൊണ്ടിരുന്ന ഒരു ജനതതിക്കു സഹായവും സന്തോഷവും പ്രദാനം ചെയ്തു.

കാലക്രമേണ പേർഷ്യാക്കാരുടെ സഹായത്തോടുകൂടി ഇസ്രായേൽ മാതൃരാജ്യത്തിലേക്കു തിരിച്ചുവന്നു. ജെറുസലേം കേന്ദ്രമാക്കി ജീവിതം ആരംഭിച്ചു. ദേവാലയവും നഗരവും രണ്ടാമതും പണിതു. എസ്ദ്രാസ് നിയമത്തെ പഴയസ്ഥാനത്തു പുനഃപ്രതിഷ്ഠിച്ചു. അങ്ങനെ ദേവാലയത്തിനും പൌരോഹിത്യത്തിനും ചുററുമായി "അനാവീം" എന്നു വിളിക്കപ്പെടുന്ന വിനീതരായ ഒരു കൂട്ടം ജനങ്ങൾ രക്ഷകൻെറ വരവും പ്രതീക്ഷിച്ചുകൊണ്ടു പ്രാർത്ഥനയിലും പരിത്യാഗത്തിലും നിമഗ്നരായി ജീ

വിച്ചുവന്നു. എന്നാൽ ഇതിന്നിടയിൽ ലോകമേധാവിത്വം പേർഷ്യാക്കാരിൽ നിന്നു യവനർ പിടിച്ചെടുത്തു. യവനർ യഹൂദരുടെ മതത്തെ കളങ്കപ്പെടുത്തി ഉന്മൂലനം ചെയ്യുവാൻ പരിശ്രമിച്ചു. അതിനെതിരായി മക്കബായരുടെ രാഷ്ട്രീയ പ്രതിഷേധം ഉടലെടുത്തു. വീണ്ടും ഒരു രാജ്യം സ്ഥാപിക്കപ്പെട്ടു; അതു ഏകദേശം നൂറു സംവത്സരം നീണ്ടുനില്ക്കുകയും ചെയ്തു. ഇതിന്നിടക്കു റോമാക്കാർ പ്രബലരായിത്തീർന്നു: പോംപേ ജറൂസലത്തെ കീഴടക്കി. അങ്ങനെ യഹൂദന്മാരുടെ നഗരവും, രാജ്യവും റോമാക്കാർക്കധീനമായി. അഗസ്റ്റസിൻെറ ഭരണകാലത്തു ക്രിസ്തു ഭൂജാതനാവുകയും ചെയ്തു.

പുതിയ നിയമത്തിലെ ചരിത്രസംഭവങ്ങൾ നമുക്കു സുപരിചിതങ്ങളാണ്. ബൃഹത്തായ ഒരു പ്രവചനമായ പഴയനിയമത്തിൻെറ മഹത്തായ പൂർത്തീകരണമാകുന്നു പുതിയനിയമം. ക്രിസ്തുവിൻെറ ദരിദ്രമായ സാഹചര്യങ്ങളിലുള്ള ജനനം, വിനീതമായ രഹസ്യജീവിതം, ചൈതന്യനിർഭരമായ പരസ്യജീവിതം, ദിവ്യമായ കുരിശുമരണം, സജ്ജാത്മകമായ ഉത്ഥാനം, നിരവധി പ്രതിബന്ധങ്ങളോടു മല്ലിട്ടുകൊണ്ടുള്ള ആദിമ സഭയുടെ പുരോഗതി, മുതലായവ സുവിദിതങ്ങൾ തന്നെ.

ഈ സംഭവങ്ങളുടെ ആന്തരാർത്ഥം:

വി. പൌലോസു പറയുന്നതുപോലെ, നാം വിശ്വാസം മൂലം അബ്രാഹത്തിൻെറ സന്തതികളായിരിക്കുന്നതുകൊണ്ട്, പഴയ നിയമത്തിലെയും, പുതിയ നിയമത്തിലെയും രക്ഷയുടെ ചരിത്രം, നമ്മുടെ ചരിത്രവുമാണ്. ഈ ചരിത്രത്തിന് ഒരു പ്രത്യേക ചായ്വും, അർത്ഥവും, ഉദ്ദേശവുമുണ്ട്. തൻെറ ആന്തരികജീവിതത്തിൽ ഈ ചരിത്രത്തെ ഉൾക്കൊള്ളിക്കുവാൻ ശ്രമിക്കുന്നവനേ അതിൻെറ സൂക്ഷ്മമായ അർത്ഥം മനസ്സിലാവുകയുള്ളൂ. വിശുദ്ധ ഗ്രന്ഥത്തിൻെറ പരംപൊരുൾ യഥാർത്ഥ വിശ്വാസിക്കു മാത്രമേ, ഗ്രഹിക്കുവാൻ സാധിക്കുകയുള്ളൂ. ഇങ്ങനെ സവിനയം, സവിശ്വാസം വിശുദ്ധ ചരിത്രസംഭവങ്ങളെ അവലോകനം ചെയ്യുമ്പോൾ അവയുടെ ഉള്ളിലുള്ള ദൈവത്തിൻെറ പ്രവർത്തനരീതി നമുക്കു മനസ്സിലാക്കാൻ കഴിയുന്നു. ദൈവം മനുഷ്യനെ തൻെറ അടുക്കലേയ്ക്കു ആനയിക്കുവാൻ സ്വീകരിച്ച പദ്ധതി

ദാരിദ്ര്യത്തിൻെറയും ഹൃദയവിനയത്തിൻെറയും വഴിയായിരുന്നു. പഴയനിയമത്തിലെയും പുതിയ നിയമത്തിലെയും മൌലികസന്ദേശം ഇതു തന്നെ: ഈശ്വരൻെറ മതം സാധുക്കളുടെ മതം. ദൈവം മനുഷ്യരെ സമീപിക്കുന്നതു മനുഷ്യൻെറ അഹങ്കാരം ചവിട്ടിമെതിക്കപ്പെട്ട അവസരത്തിലാണ്. അവൻ ദരിദ്രനായി വിനീതനായി, നയനങ്ങളെ ഈശ്വരസന്നിധാനത്തിലേക്കു ഉയത്തുന്ന അവസരത്തിൽ മാത്രമേ, അവൻെറ ആത്മാവിൽ ദൈവത്തിൻെറ പ്രവത്തനം ആരംഭിക്കുകയുള്ളു. ദരിദ്രർ അഥവാ ഹൃദയവിനീതർ ഭാഗ്യവാന്മാർ, സ്വർഗ്ഗരാജ്യം അവരുടേതാകുന്നു. (മത്തായി: 5: 3) പുതിയ നിയമത്തിൽ വ്യക്തമായി സ്ഥാപിച്ചിട്ടുള്ള ഈ തത്വം തന്നെയാണ് പഴയനിയമത്തിലെയും പ്രധാനമായ പ്രവത്തനപ്രമാണം. അശരണരായ ഒരു ജനതതിയുടെ പ്രതിനിധിയെന്ന നിലയിലാണ് ദൈവം അബ്രാഹത്തെ തിരഞ്ഞെടുത്ത്, അദ്ദേഹത്തിനോടു രക്ഷകനെ വാഗ്ദാനം ചെയ്തതു്. എന്നാൽ ആ വാഗ്ദാനത്തിന്നു ഭൌതികമായ ഒരു വ്യാഖ്യാനമാണ് ഇസ്രായൽ ജനങ്ങൾ നൽകിയതു്. ആ വാഗ്ദാനത്തിൻെറ യാഥാത്ഥ്യ അരൂപിയിലും, അത്ഥത്തിലും, ജീവിക്കാൻ അവക്കു സാധിച്ചില്ല. അതുകൊണ്ടു പുതിയ ഒരുടമ്പടി ഉണ്ടായി. "എൻെറ നിയമങ്ങളെ അവരുടെ വിചാരങ്ങളിൽ ഞാൻ സ്ഥാപിക്കും. അവരുടെ ഹൃദയങ്ങളിൽ അവ ആലേഖനം ചെയ്യപ്പെടും" (എസക്കിയേൽ: 37:27)

അതുപോലെതന്നെ രാജ്യസ്ഥാപനം നടന്നതും ഇസ്രായൽ വിനീതരായപ്പോളാണ്. സാവൂളിനു രാജ്യം സ്ഥാപിക്കാൻ സാധിച്ചില്ല. ദാവീദിനുമാത്രമേ രാജ്യം സ്ഥാപിക്കാനും ഐശ്വര്യപൂണ്ണമാക്കാനും സാധിച്ചുള്ളു. എന്നാൽ രാജാക്കന്മാർ ദൈവത്തിൻെറ വഴിയെ വിട്ടു; ദീർഘദർശികളുടെ എതിർപ്പുകൾക്കോ, ഭീഷണികൾക്കോ യാതൊരു ഫലവുമുണ്ടായില്ല. രാജ്യം നാമാവശേഷമായി. എന്നാൽ ഇസ്രായേൽ പീഡ സഹിച്ചു പരിശുദ്ധരാകുമ്പോൾ, നമ്രശിരസ്കരായി ദൈവസന്നിധിയിലേക്കു തിരിയുമ്പോൾ, ദൈവം വേറൊരു തരത്തിൽ രാജ്യത്തെ പുനഃസ്ഥാപിക്കും.

പുതിയ നിയമത്തിലും, ഇതുപോലെ തന്നെയാണു ദൈവം

പ്രവർത്തിച്ചതു്: എവിടെ മനുഷ്യശക്തി അവസാനിക്കുന്നുവോ, അവിടെ ദൈവശക്തി പ്രവർത്തനമാരംഭിക്കുന്നു. എവിടെ മാനുഷികമായ എല്ലാ ആലംബങ്ങളും അന്തർദ്ധാനം ചെയ്യുന്നുവോ, അവിടെ ഈശ്വരഹസ്തങ്ങൾ ചലിക്കുവാൻ തുടങ്ങുന്നു. നിസ്സഹായനായി കാലിത്തൊഴുത്തിൽ ജനിച്ച ഒരു ശിശു മനുഷ്യരക്ഷ സാധിക്കുന്നു. സുശക്തമായ റോമ്മാസാമ്രാജ്യത്തെ ഒരു സ്നേഹവിപ്ളവംകൊണ്ടു മറിച്ചിടുന്നു. യവനസംസ്കാരത്തിന്റെ ഉജ്ജ്വലപ്രഭയെ നേരിടുവാൻ വിദ്യാവിഹീനരായ അപ്പസ്തോലന്മാർക്കു ശക്തിയുണ്ടാവുന്നു. തീർച്ചയായും വൻകാര്യങ്ങൾ സാധിക്കാൻ നിസ്സാരങ്ങളായവയെ ദൈവം തിരഞ്ഞെടുത്തു. (കൊറി1:27-28)

## സാധുക്കൾ—മനുഷ്യരക്ഷാചരിത്രനിർമ്മാതാക്കൾ

മനുഷ്യരക്ഷയിൽ പ്രധാനമായ പങ്കുവഹിച്ചിട്ടുള്ള എല്ലാവരും തന്നെ ലോകം ത്യജിച്ചുകളഞ്ഞവരായിരുന്നു. അവർക്കു പ്രചോദനം നൽകിയ ആശയങ്ങളും ഈ വിനയത്തിൽ രൂഢമൂലമായിരുന്നു. ദൈവത്തിൽ നിന്നു വാഗ്ദാനം ലഭിച്ച സാധുവായ അബ്രാഹത്തിനെയും, ബാലനായിരിക്കവേ ഗോലിയാത്തിനെ വധിച്ച ദാവീദിനെയും, ഒരു പക്ഷേ നാം വിസ്മരിച്ചാലും ദൈവം തിരഞ്ഞെടുത്ത ദീർഘദർശികൾ നമ്മുടെ സ്മരണമണ്ഡലത്തിൽ എപ്പോഴും തെളിഞ്ഞു പ്രകാശിക്കും. ദീർഘദർശികൾ എല്ലാവരും തന്നെ പൊതുവേ ബലഹീനരും, മനുഷ്യരാൽ വിഗണിക്കപ്പെട്ടവരും ആയിരുന്നു. ആമോസും, ഏശയ്യായും വിനീതരും ദൈവശക്തിയിൽ മാത്രം ശരണപ്പെട്ടിരുന്നവരും ആയിരുന്നു. ജെറമിയാസു് പ്രവചനം ചെയ്യാൻ വിസമ്മതിച്ചു: എനിക്കു സംസാരിക്കുവാൻ സാധിക്കുകയില്ല; ഞാൻ ഒരു കുട്ടിയാണു് (ജെറ. 1:6) ദൈവം പ്രതിവചിച്ചു: "നീ ഒരു കുട്ടിയാണെന്നു പറയരുതു്: ഞാൻ പറയുന്നവരുടെയെല്ലാം അടുത്തു നീ ചെല്ലണം: ഞാൻ കല്പിക്കുന്നതെല്ലാം നീ പറയണം (ജെറ. 1:7) ശിഷ്യരോ സുഹൃത്തുക്കൾപോലുമോ ഇല്ലാതിരുന്ന സ്വയമേ ഭീരുവായിരുന്ന ഈ ദീർഘദർശി സഹിച്ച പീഡകൾക്കു അതിരില്ലായിരുന്നു. ദേവാലയത്തിൽ നിന്നു ആളുകൾ അദ്ദേഹത്തെ ഓടിച്ചപ്പോൾ, ദീർഘദർശി യാവേയുടെ സന്നിധിയിൽ അഭയം പ്രാപിച്ചു ഇത്രയും "ആത്മാവിൽ ദരിദ്രനായ" നിന്ദിതനായ

ഈ പ്രവാചകനും തന്റെ മരണശേഷം അനുപമമായ സ്വാധീനശക്തിയുണ്ടായിരുന്നു. അസാധാരണനായ ഈ വ്യക്തി ഇല്ലായിരുന്നെങ്കിൽ മനുഷ്യരാശിയുടെ ഗതി വേറൊരുവിധത്തിൽ ആകുമായിരുന്നെന്നു നാസ്തികനായ റെനാപോലും അഭിപ്രായപ്പെട്ടു. 'യാവേ'യുടെ യഥാർത്ഥഭക്തരായ "അനാവീം" എന്നു വിളിക്കപ്പെട്ടുന്ന വിനീതർക്കു വഴിയൊരുക്കിയതും ഇദ്ദേഹമായിരുന്നു.

വാസ്തവത്തിൽ പഴയനിയമത്തിലെ ആദ്ധ്യാത്മിക ജീവിതത്തിലെ അത്യുച്ചനില ഈ വിനീതരിലാണു നാം ദർശിക്കുന്നതു്. "അനാവു്" എന്നാൽ ദരിദ്രൻ, വിനീതൻ, മർദ്ദിതൻ എന്നെല്ലാമാണു അർത്ഥം. പക്ഷേ അയാളുടെ പീഡകളെല്ലാം അയാളെ ദൈവവുമായി അടുപ്പിച്ചു. ദരിദ്രൻ, വിനീതൻ, ഭക്തൻ എന്ന വാക്കുകളും അവയ്ക്കെതിരായി ധനവാൻ, അഹംഭാവി, പാപി എന്ന വാക്കുകളും ഒന്നിച്ചുപയോഗിക്കാൻ തുടങ്ങി. ചുരുക്കത്തിൽ 'അനാവ്" അഥവാ 'വിനീതൻ' എന്നാൽ യാവേയുടെ യഥാർത്ഥഭക്തൻ എന്നർത്ഥമായി. അവരുടെ ദുഃഖദുരിതങ്ങൾകൊണ്ടും, ദാരിദ്ര്യംകൊണ്ടു അവർ ദൈവവുമായി ഒന്നുചേർന്നു; ദൈവവുമായി സംസാരിച്ചു. അവരുടെ ആദ്ധ്യാത്മിക പുരോഗതിക്കനുസരിച്ചു അവരവരുടെ സ്വാഭാവികമായ ശക്തിഹീനത അവർ മനസ്സിലാക്കി. യാവേയിൽ അവർ നിരുപാധികമായി വിശ്വസിച്ചു. അവിടുത്തെ ദിവ്യപ്രദീപം അവരുടെ മനസ്സിനെ തേജോമയമാക്കി; അവരുടെ ശക്തിയും പ്രഭാവവും അവരുടെ ഹൃദയങ്ങളിലേയ്ക്കു ചൊരിഞ്ഞൊഴുകി. ഇങ്ങനെ ദൈവത്തിന്റെ ശക്തിയാൽ ശക്തരായിത്തീന്ന അവർ വൻകാര്യങ്ങൾ സാധിച്ചു.

കന്യകമറിയത്തിന്റെ ജീവിതവീക്ഷണവും ഇതു തന്നെയായിരുന്നു. പഴയനിയമ ചരിത്രാവസാനത്തിൽ കാണപ്പെടുന്ന വിനീതരുടെ ജീവിത വിശുദ്ധിയുടെ മകുടോദാഹരണമാണു ദിവ്യജനനി. ആ സാധുക്കളുടെ ആശയാഭിലാഷങ്ങളുടെ പൂർത്തീകരണം മറിയത്തിന്റെ സ്തോത്രഗീതത്തിൽ കാണാം "അങ്ങയുടെ ദാസിയുടെ വിനയത്തെ അങ്ങു തൃക്കൺ പാർത്തു. അഹംഭാവികളെ അങ്ങു ചിതറിച്ചു. ശക്തന്മാരെ അവരുടെ സിംഹാസ

നങ്ങളിൽ നിന്നു നിഷ്ക്കാസനം ചെയ്തു. ദരിദ്രക്ക ഭക്ഷണം നൽകി. ധനവാന്മാരെ അങ്ങു സ്വീകരിച്ചില്ല." വാസ്തവത്തിൽ പഴയനിയമത്തിൻെറയും പുതിയനിയമത്തിൻെറയും സമാഹാരമാംഗമ ഈ കീർത്തനം. (ലൂക്കാ 1: 46-55)

ക്രിസ്തുവിനെപ്പററിയുള്ള പ്രവചനങ്ങളും അവിടുത്തെ ജീവിതരീതിയും ഇതേ തത്വത്തെ തന്നെ ചൂണ്ടിക്കാണിക്കുന്നു. സാധുവും വിനീതനുമായി പ്രവചിക്കപ്പെട്ട ക്രിസ്തു ശാന്തനും ദരിദ്രനുമായി തിരുവവതാരം ചെയ്തു. അപ്രകാരം തന്നെ ജീവിക്കുകയും ചെയ്തു. ലോകത്തിൻെറ വീക്ഷണഗതിയനുസരിച്ചു മഹാന്മാരുടേയോ പ്രഭുക്കളുടെയോ ഇടയിൽ ക്രിസ്തുവിനെ— മെസ്സായെ പ്രതീക്ഷിക്കേണ്ടതില്ലെന്നു ദീർഘദർശികൾ പ്രവചിച്ചിരുന്നു. 'എൻെറ ദാസൻ മനുഷ്യരാൽ നിന്ദിതനായിരിക്കും. അയാൾ സുന്ദരനോ ശക്തനോ ആയിരിക്കുകയില്ല, എന്നാൽ അത്യധികമായ പീഡകളിലും അയാൾ മററുള്ളവരെ കുററപ്പെടുത്തുകയില്ല. അവരെ ശാസിക്കുകയില്ല; കൊല്ലാനായി കൊണ്ടുപോകുന്ന ആട്ടിൻ കുട്ടിയെപ്പോലെ അയാൾ ശാന്തനായിരിക്കും" ഇങ്ങനെയാണ് ഏശയ്യാ ക്രിസ്തുവിനെ ദർശിച്ചത്. വാസ്തവത്തിൽ ക്രിസ്തു ഈ പ്രവചനത്തെ അക്ഷരം പ്രതി പൂർത്തിയാക്കുകയും ചെയ്തു. "മനുഷ്യപുത്രനു തല ചായിക്കുവാൻ ഇടമില്ല"(മത്തായി 8: 20) എന്നു ഈശോ അരുളിച്ചെയ്തപ്പോൾ, അതു അതിശയോക്തി അല്ലായിരുന്നു.

## സുവിശേഷത്തിലെ ജീവിതവീക്ഷണം

സുവിശേഷങ്ങളിലേയ്ക്കു ചുഴിഞ്ഞിറങ്ങിയാൽക്കാണാം ദരിദ്രരെ, തൻെറ സാന്നിദ്ധ്യത്തിൻെറ ക്ലദാശയായി ക്രിസ്തു പരിഗണിച്ചെന്നു. വാസ്തവത്തിൽ ദരിദ്രരാണ് ക്രിസ്തുവിൻെറ സഭയിൽ ദിവ്യനാഥൻെറ അടയാളത്തെ സജീവമാക്കുന്നത്. "ധനികൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിനെക്കാൾ ഒട്ടകത്തിനു സൂചിക്കുഴയിൽക്കൂടി കടക്കുന്നതാണു എളുപ്പം" (മത്തായി29:24) ധനം സ്വർഗ്ഗരാജ്യത്തിൻെറ കതകുകളെ അതിൻെറ ഉടമസ്ഥനെതിരായി അടസ്സുന്നു. വസ്തുവകകൾ ദൈവവചനത്തെ ഞെക്കിക്കൊല്ലുന്നു (മത്തായി 13:22) അതുകൊണ്ടു ക്രിസ്തുനാഥൻ ഉപദേശിക്കുന്നു, നിങ്ങൾക്കുള്ളതെല്ലാം വിററു ദാനധർമ്മം ചെയ്യുക,

അങ്ങനെ സ്വർഗ്ഗരാജ്യത്തിലെ നിങ്ങളുടെ മുതൽക്കൂട്ട വർദ്ധിപ്പിക്കുക: (ലൂക്കാ 12: 33—34) തീർച്ചയായും നിങ്ങൾക്കു ദൈവത്തെയും ധനത്തെയും ഒന്നിച്ച സേവിക്കാൻ സാധിക്കുകയില്ല. (ലൂക്കാ 16: 13) ധനികനു അയാളുടെ ജീവിത സൌഭാഗ്യം ഇഹലോകത്തിൽ ലഭിക്കുന്നു; ദരിദ്രനു പരലോകത്തിലും (ലൂക്കാ 16; 25). വിശുദ്ധ പൌലോസിൻെറ അഭിപ്രായത്തിൽ പണമാണു എല്ലാ പാപത്തിൻെറയും മൂലകാരണം (I തിമോത്തി 6:10)

സുവ്യക്തമായ ഭാഷയിൽ ക്രിസ്തുനാഥൻ അരുളിച്ചെയ്യുന്നു: "എല്ലാ ധനത്തെയും ഉപേക്ഷിക്കാത്ത ഒരുത്തനു എൻെറ ശിഷ്യനാകാൻ സാധിക്കുകയില്ല. (ലൂക്കാ 14:33) "എല്ലാ അപ്പസ്തോലിക പ്രവൎത്തനങ്ങളും യഥാർത്ഥ ദാരിദ്ര്യത്തിലാണു ആരംഭിക്കേണ്ടതു്. അപ്പമോ, പണമോ, നിങ്ങൾ എടുക്കേണ്ട; രണ്ടു വസ്ത്രങ്ങൾപോലും നിങ്ങൾ കൊണ്ടുപോകരുതു്. (മർക്കോസ്, 6:8—9) ദാരിദ്ര്യം ഈശോയുടെ ജീവിതരീതിയോടുള്ള ആദരവും, അവിടുത്തോടുള്ള യഥാർത്ഥ വിശ്വസ്തതയുടെ അടയാളവുമാകുന്നു. ഈശോയുടെ ജീവിതരീതിയോടുള്ള ഈ വിശ്വസ്തത സൃഷ്ടിപരമാകണമെങ്കിൽ നാം ലോകത്തിൻെറ നേരിയ ആഹ്വാനങ്ങൾക്കു പോലും പ്രത്യുത്തരം നൽകരുതു്; നമ്മുടെ അല്പമായ ശക്തിയെ വിപുലീകരിച്ചു കാണിക്കുവാനുള്ള ലോകത്തിൻെറ കെണിയിൽ നിന്നും നാം രക്ഷപെടണം. വി. പൌലോസിനെപ്പോലെ നാമും "വിശപ്പും, ദാഹവും" നഗ്നതയും അനുഭവിക്കണം (I കോറി. 4:8-13) ഭൗതികമായ വിശപ്പും ദാഹവും മാത്രമല്ല; ആദ്ധ്യാത്മികമായ വിശപ്പും, ദരിദ്ര്യവും നാം സഹിക്കണം; ഹൃദയവിനയം നാം പാലിക്കണം. നമുക്കു് ഒരു പക്ഷേ ഉണ്ടായിരിക്കാവുന്ന ആന്തരീക ഗുണങ്ങളിൽ സ്വയം പൂൎത്തീകരണത്തിൻെറ ഛായയെ കാണാതെ ദൈവത്തിൻെറ അഭീഷ്ടത്തെ ദർശിക്കണം. വാസ്തവത്തിൽ ഇങ്ങനെയുള്ള ജീവിതം ഈശോയുടെ ജീവിതത്തോടുള്ള ഹൃദയൈക്യമാണു്.

ഈ ജീവിതസിദ്ധാന്തത്തെയാണു ദിവ്യനാഥൻ മലയിലെ പ്രസംഗത്തിൽ സമാഹരിക്കുന്നതു്. "ഹൃദയത്തിൽ ദരിദ്രർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ ദൈവരാജ്യം അവർക്കുള്ളതാകുന്നു." (മത്തായി 5: 3; ലൂക്കാ 6: 20) ഈ ദിവ്യവചനങ്ങളുടെ യഥാർത്ഥ അൎത്ഥം മനസ്സിലാക്കണമെങ്കിൽ, അവയ്ക്കു മനുഷ്യരക്ഷയുടെ ചരിത്രത്തിലുള്ള സ്ഥാനമെന്തെന്നു നാം ഗ്രഹിക്കണം.

പഴയനിയമത്തിലെ വിനീതരെപ്പോലെ (അനാവിം) യഥാർത്ഥവും ആദ്ധ്യാത്മികവുമായ ദാരിദ്ര്യവും ഹൃദയവിനയവും പരിശീലിക്കുന്നവർക്ക സ്വർഗ്ഗരാജ്യത്തിൻെറ കവാടം തുറന്നുകിടക്കുന്നു. മലയിലെ പ്രസംഗത്തിലെ ഈ സൌഭാഗ്യമൂല്യം, യാവെയുടെ പ്രകൃത്യതീതഭരണം തുടങ്ങിയതിനു ശേഷമുള്ള എല്ലാ ആത്മിയ പ്രവണതകളുടെയും ന്യായീകരണവും, സമാഹരണവുമാണ്. യാവേയോടുള്ള വിശ്വാസത്തിൻെറയും മതാത്മകമായ ആന്തരിക ജീവിതത്തിൻെറയും തുടർച്ചയാണവ.

സമുദായത്തിലെ ഒരു വിഭാഗത്തിൻെറ, ദരിദ്രരുടെ മഹത്വീകരണമാണു അവയെന്നു നാം തെററിദ്ധരിക്കരുത്. ആദ്ധ്യാത്മികമായ ഒരവസ്ഥയെയാണു അതു പ്രതിനിധാനം ചെയ്യുന്നത്. യഥാർത്ഥമായ വിശ്വാസത്തിനു മാത്രമേ ദൈവത്തിൻെറ അനുഗ്രഹങ്ങളെ മനുഷ്യനു തുറന്നു കൊടുക്കാൻ സാധിക്കു; ദൈവത്തോടുള്ള വിശ്വാസപൂർവകവും സവിനയവുമായ അഭിമുഖീകരണമാണു ആദ്ധ്യാത്മിക ദാരിദ്ര്യം. യഥാർത്ഥ ദാരിദ്ര്യം ഇങ്ങനെയുള്ള ആദ്ധ്യാത്മിക ദാരിദ്ര്യത്തിന്നു വഴികാണിച്ചു കൊടുക്കുന്നുണ്ട് എങ്കിലും ദൈവരാജ്യം നമ്മിൽ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള നമ്മുടെ കഴിവില്ലായ്മയുടെ ഏററു പറച്ചിലാണു ദൈവത്തിൻെറ പ്രവർത്തനത്തെ നമ്മുടെ ആത്മാവിലേയ്ക്കു ആകർഷിക്കുന്നതു്. പരിസേയരെ ധീരമായി ശാസിച്ചപ്പോൾ,വാസ്തവത്തിൽ ഈ തത്വത്തെ ശക്തിയായി ആവിഷ്ക്കരിക്കുകയാണു ഈശോ ചെയ്തതു്. പരിസേയൻ സ്വരക്ഷയുടെ ശില്പിയാണു, തൻെറ നീതിയിലും പരിശുദ്ധിയിലും അവൻ വിശ്വസിക്കുന്നു. പക്ഷേ ആദ്ധ്യാത്മിക വിനയം ഇല്ലാത്തതു കൊണ്ടു, തൻെറ ആത്മാവിലേയ്ക്കുള്ള ദൈവാനുഗ്രഹത്തിൻെറ പ്രവാഹം അവൻ തടയുന്നു. ഒരു പക്ഷേ, ഈശോ കുററപ്പെടുത്തിയ പരിസേയൻ ദരിദ്രനായിരുന്നിരിക്കാം: പക്ഷേ തൻെറ ആദ്ധ്യാത്മികവും മാനുഷികവുമായ ഗുണങ്ങൾ സ്വപ്രയത്നഫലമാണെന്നു അയാൾ വിശ്വസിച്ചു. അതുകൊണ്ടു ദൈവാനുഗ്രഹങ്ങളുടെ ദാനങ്ങൾ അയാൾക്കു ലഭിച്ചില്ല.

ആധുനികകാലത്തു സുവിശേഷത്തിൻെറ ഈ അരൂപിയെ— യഥാർത്ഥവും ആദ്ധ്യാത്മികവുമായ ദാരിദ്ര്യത്തെയും, ഹൃദയവിനയത്തെയും വി. ചെറുപുഷ്പത്തെപ്പോലെ, ഗാഢമായി അറിയു

കയും അകമഴിഞ്ഞു സ്നേഹിക്കുകയും ചെയ്ത ഒരു വ്യക്തി ഉണ്ടായി ട്ടുണ്ടെന്നു തോന്നുന്നില്ല. ഭൗതികസമൃദ്ധിയും, വിജ്ഞാനവും ഉച്ചകോടിയിലെത്തിയ ഒരു കാലത്താണു വിശുദ്ധ ജീവിച്ചിരുന്നതെന്നു ഓർക്കുമ്പോൾ, ഇതു് തികച്ചും വ്യക്തമാകുന്നു.

ഇതിൽ നിന്നെല്ലാം ഒരു കാര്യം വ്യക്തമാണു്: വി. ലിഖിതങ്ങളിലെ ക്രിസ്തുമതത്തിൻെറ സാരാംശം അനുഭവിച്ചറിയണമെങ്കിൽ, നാം യഥാർത്ഥ ദാരിദ്ര്യവും ആദ്ധ്യാത്മിക ദാരിദ്ര്യവും പരിശീലിച്ചേ പററൂ. ദാരിദ്ര്യം, ആദ്ധ്യാത്മികവിനയം ഇവ മാത്രമാണു നമ്മെ ദൈവവുമായി അടുപ്പിക്കുന്നതു്. പഴയനിയമത്തിലും പുതിയനിയമത്തിലും നമ്മുടെ രക്ഷയുടെ ചരിത്രത്തിൽ അല്പമെങ്കിലും പങ്കുവഹിച്ചിട്ടുള്ളവരെല്ലാം ഇത്തരത്തിലുള്ളവരായിരുന്നു. അവരുടെ മകുടോദാഹരണമാണു ദിവ്യജനനി. "ദൈവം ശക്തന്മാരെ അവരുടെ ഇരുപ്പിടങ്ങളിൽ നിന്നു ബഹിഷ്ക്കരിക്കുകയും, വിനീതരെ ഉയർത്തുകയും ചെയ്തു" എന്ന ദിവ്യകന്യകയുടെ വാക്കുകൾ പഴയനിയമത്തിൻെറയും പുതിയനിയമത്തിൻെറയും സമാഹാരമായി എന്നും വിലസും.

നമ്മുടെ സാമുദായിക ജീവിതത്തിലും, ഇങ്ങനെയുള്ള ദാരിദ്ര്യവും, ഹൃദയവിനയവും പ്രകടമായെങ്കിൽ മാത്രമേ, സമുദായവും രാഷ്ട്രവും യഥാർത്ഥത്തിൽ സന്തുഷ്ടവും സമ്പന്നവും ആകുകയുള്ളു. അങ്ങനെയുള്ള മനോഭാവത്തിൽ നിന്നു മാത്രമേ, ദൈവത്തിനും മനുഷ്യനുമായി മഹത് കാര്യങ്ങൾ ചെയ്യുവാനുള്ള ശക്തി നമുക്കു ലഭിക്കുകയുള്ളു. എവിടെ ഈ മനോഭാവമുണ്ടോ, അവിടെ ദൈവത്തിൻെറ അനുഗ്രഹം നിർഗ്ഗളം വർഷിക്കും; അവിടെ ദാരിദ്ര്യത്തിൽ സമ്പത്തും സംജാതമാകും. അതുകൊണ്ടു ഏതെങ്കിലും വിധത്തിൽ ദാരിദ്ര്യം അനുഭവിക്കുന്നവർ അവരുടെ ദുസ്ഥിതിയെ ദൂരീകരിക്കാൻ ശ്രമിക്കുന്നതോടൊപ്പം, അവരുടെ അവസ്ഥയെ ദൈവാനുഗ്രഹങ്ങളുടെ ഉറവിടമാക്കാൻ യത്നിക്കുകയുംവേണം. *

---

* ലേഖനത്തിൻെറ ചിലഭാഗങ്ങൾക്കു A Gelin—Les pauvres de Yahve - എന്ന ഗ്രന്ഥത്തോടു കടപ്പാടുണ്ടു് (ലേഖകൻ)

# ആരാധനക്രമവും റീത്തും

(Rev. Dr. Lucas C. M. I.)

"ആരാധനക്രമം" എന്ന പ്രയോഗം 'Liturgy' എന്ന ഇംഗ്ലീഷ് പദത്തിന്റെ തർജ്ജിമയായിട്ടാണ് നാം സ്വീകരിച്ചു പോരുന്നത്. ഇതിന്റെ മൂലപദം 'ലിത്തുർഗിയാ' എന്ന ഗ്രീക്കു ശബ്ദമാണ്. മൂലപദത്തിനു 'സേവനാത്മകമായ ഒരു പരസ്യ പ്രവൃത്തി' എന്ന ആശയമാണു സ്വീകരിച്ചുകാണുന്നത്. ഗ്രീക്കുകാരുടെയിടയിൽ മതകർമ്മങ്ങളിലെ പരസ്യശുശ്രൂഷികളെ 'ലിത്തുർഗിയ' എന്ന പദംകൊണ്ടാണ് വിവക്ഷിച്ചിരുന്നത്. അതുകൊണ്ടായിരിക്കണം 'സെപ്തജിന്തു" വിവർത്തകർ ഇസ്രായേൽ ജനങ്ങളുടെ മതകർമ്മങ്ങളിലുള്ള പരസ്യശുശ്രൂഷിയെ 'ലിത്തുർഗിയാ' എന്ന പദംകൊണ്ടു വിവർത്തനം ചെയ്യുവാൻ ഇടയായത്. 'ലിത്തുർഗിയാ' ഈ അർത്ഥത്തിൽത്തന്നെ പുതിയനിയമത്തിലും ഉപയോഗിച്ചു പോന്നു. ഇന്നും ഈ അർത്ഥത്തിൽത്തന്നെയാണ് നാമും ഉപയോഗിച്ചു പോരുന്നത്.

എന്നിരുന്നാലും വിവാദവിഷയമാകാത്തവിധം, നിർവ്വചനരൂപത്തിൽ ആരാധനക്രമമെന്താണെന്നു നിർണ്ണയിക്കുവാൻ പ്രയാസം. ഭാഗ്യസ്മരണാർഹനായ 12-ാം പീയൂസ് 'Mediator Dei' എന്ന ചാക്രികലേഖനത്തിൽ പരസ്യാരാധനക്രമമെന്താണെന്നു നിർണ്ണയിക്കുന്നുണ്ട്. "തിരുസ്സഭയുടെ ശിരസ്സായ ദിവ്യരക്ഷകൻ പരമപിതാവിനു നൽകുന്ന പരസ്യാരാധനയാണ് ആരാധനക്രമം. ക്രിസ്തീയവിശ്വാസികളുടെ സമൂഹം, അതിന്റെ സ്ഥാപകനും, ആ സ്ഥാപകൻ വഴി സ്വർഗ്ഗപിതാവിനും നൽകുന്ന ആരാധനയാണത്. ദൈവപരിപാലനയുടെ ക്രമീകരണമനുസരിച്ച് നമ്മെ മിശിഹായുടെ ദിവ്യരഹസ്യങ്ങൾ പഠിപ്പിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്ന ഔദ്യോഗികോപാധിയാണ് ആരാധനക്രമം."

ആരാധനക്രമം പരസ്യാരാധനയാണെന്നു പറയുമ്പോൾ അത് വെറും ഒരു സംഘാതപ്രാർത്ഥന മാത്രമാണെന്ന് അർത്ഥമാക്കരുത്. പള്ളിയിൽ വച്ചു നടത്തുന്ന എന്നതുകൊണ്ടുമാത്രം ഒരു പ്രാർത്ഥന പരസ്യാരാധനയാകുന്നില്ല. ഉദാഹരണമായി കു

രിശിൻെറ വഴി പരസ്യമായി നടത്തുന്നു, അല്ലെങ്കിൽ പള്ളിയിൽ വച്ചു നടത്തുന്നു എന്നതുകൊണ്ടു് അതു് ആരാധനക്രമത്തിൽപ്പെടുന്നില്ല. പരസ്യാരാധനക്രമത്തിൻെറ ഏററവും പ്രധാനമായ പ്രത്യേകത അതു് മിശിഹായുടെ സഭ മുഴുവൻേറയും നാമത്തിൽ നടത്തപ്പെടുന്നു എന്നതാണു്. അവ പരികർമ്മം ചെയ്യുന്ന വൈദികൻെറ ആന്തരികഭാവങ്ങളിലാശ്രയിച്ചല്ല അതിൻെറ ഫലദായകത്വം. മറിച്ചു് മിശിഹായുടെ ഭൗതിക വാസത്തെ ശാശ്വതമാക്കിച്ചെയ്യുന്നതിനു ശക്തിപ്രാപിച്ചിട്ടുള്ള തിരുസ്സഭയുടെ ഔദ്യോഗിക പ്രാർത്ഥന എന്നതാണു് ആരാധനക്രമത്തെ ഫലദായകമാക്കുന്നതു്. പരസ്യാരാധനക്രമത്തിലൂടെ നെടുനീളം നിഴലിക്കുന്ന സാർവ്വത്രിക സ്വഭാവത്തിൻെറ രഹസ്യം ഇങ്ങനെ ചിന്തിക്കുമ്പോഴാണു മനസ്സിലാവുക.

### സ്വകാര്യപ്രാർത്ഥന

നാമെല്ലാം സാധാരണയായി ചൊല്ലിവരാറുള്ള സ്വകാര്യപ്രാർത്ഥനകളെക്കുറിച്ചും ഈ അവസരത്തിൽ രണ്ടുവാക്കു് പറയുന്നതു് ഉചിതമായിരിക്കുമല്ലോ.

വ്യക്തികളുടെ നാമത്തിൽ അർപ്പിക്കപ്പെടുന്ന പ്രാർത്ഥനയാണു സ്വകാര്യപ്രാർത്ഥന. പരിശുദ്ധാത്മാവിൻെറ പ്രേരണയുൾക്കൊണ്ടു സ്വതന്ത്രമായി ദൈവവുമായുള്ള വ്യക്തിപരമായ സംയോഗമാണതു്. അതിൻെറ ഫലസിദ്ധി അതാതു വ്യക്തികളുടെ വിശുദ്ധിയെ ആശ്രയിച്ചുമിരിക്കുന്നു.

സഭാമാതാവു് സ്വകാര്യപ്രാർത്ഥനകളെ എന്നും പ്രോത്സാഹിപ്പിക്കുന്നുണ്ടു്. അതിനാൽ സ്വകാര്യപ്രാർത്ഥനകളെല്ലാം പരിവർത്തനം ചെയ്തു് ആരാധനക്രമത്തിൻെറ ചട്ടക്കൂട്ടിൽ കൊണ്ടുവരുന്നതല്ല തിരുസ്സഭയുടെ ആദർശം. മറിച്ചു് ആരാധനക്രമത്തിനനുയോജ്യമായി ഇവയും ചൈതന്യപൂർണ്ണമായിത്തീരുവാൻ തിരുസ്സഭ ആഗ്രഹിക്കുന്നു.

### ആരാധനക്രമത്തിൻെറ ഉള്ളടക്കം

ബലിസമർപ്പണം, കൂദാശാപരികർമ്മം, സ്തുതികീർത്തനം ഇവയാണു് ആരാധനക്രമത്തിൻെറ പ്രധാന ഘടകങ്ങൾ, ക്രൈസ്തവാരാധനക്രമത്തിൻെറ കേന്ദ്രമായി നിലകൊള്ളുന്നതു് കുരിശി

ലെ ബലിയുടെ ആവർത്തനമായ ദിവ്യബലിയാണ്. കൂദാശക ളും, കൗദാശികങ്ങളും, ഔദ്യോഗിക കീർത്തനങ്ങളുമെല്ലാം ദിവ്യബ ലിയോടു ബന്ധപ്പെട്ടും, അതിനെ ലക്ഷീകരിച്ചും നിലകൊള്ളുന്നു.

**ആരാധനക്രമത്തിൻെറ ഉദ്ദേശ്യം**

ഞാൻ വഴിയും, സത്യവും, ജീവനുമാകുന്നു എന്നരുളിച്ചെ യ്ത നമ്മുടെ കർത്താവീശോമിശിഹായുടെ പവിത്രാണരഹസ്യങ്ങ ളെ നമ്മുടെ മുൻപിൽ നിരത്തിവച്ചുകൊണ്ട് അവയോടു നമ്മുടെ ജീവിതത്തെ അനുരൂപപ്പെടുത്തുന്നതിനും, വരപ്രസാദജീവൻ പ്രാപിക്കുന്നതിനുമായിട്ടുള്ള ഔദ്യോഗികോപാധിയായിട്ടാണ് ആരാധനക്രമം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്. ആരാധനക്രമത്തിൻെറ ഓരോ ഭാഗവും അതതിൻേറതായ രീതിയിൽ മ്ശിഹായുടെ ര ക്ഷണീയകർമ്മത്തെ നമ്മുടെ മുൻപിൽ അവതരിപ്പിയ്ക്കുന്നു. കൂ ദാശകൾ വരപ്രസാദജീവൻ നമുക്കു നൽകുകയോ, ഉള്ളതിനെ വർദ്ധിപ്പിക്കുകയോ, നഷ്ടപ്പെട്ടതിനെ പുന:സ്ഥാപിക്കുകയോ ചെ യ്തുകൊണ്ട് അവിടുത്തെ സ്വയ സമർപ്പണകർമ്മത്തെ ആവർത്തിക്കു ന്നു. കൗദാശികങ്ങളാവട്ടെ സൃഷ്ടവസ്തുക്കളെ ജീവദായകമാർഗ്ഗങ്ങ ളായി പകർത്തി മനുഷ്യൻെറ എല്ലാ പ്രവൃത്തികളെയും അതിസ്വാ ഭാവിക മണ്ഡലത്തിലേയ്ക്കുയർത്തുന്നു. സ്തുതികീർത്തനങ്ങളും, ആ രാധനക്രമത്തിൻെറ പരിധിയിലുൾപ്പെടുന്ന മററു പ്രാർത്ഥനകളും ദിവ്യനാഥൻെറ മദ്ധ്യസ്ഥപ്രാർത്ഥനകളുടെ തുടർച്ചയായി നില കൊള്ളുന്നു. ഇവയുടെയെല്ലാം കേന്ദ്രം കാൽവരിയുടെ ആവർത്ത നമായ ആൾത്താരയിലെ ബലിയും.

ഇങ്ങനെ സംപൂർണ്ണനായ മ്ശിഹാ ആരാധനക്രമത്തിലൂടെ അവിടുത്തെ സകല നിലകളിലും നമ്മുടെ മുൻപിൽ പ്രത്യക്ഷ നാകുന്നുണ്ട്. നിത്യപിതാവിൻെറ വചനം, കന്യകമറിയത്തിൻെറ ഏകജാതൻ, രോഗികളെ സുഖപ്പെടുത്തിയവൻ, ദു:ഖിതരുടെ ആശ്വാസം, പീഡകളുടെ മനുഷ്യൻ, മനുഷ്യപാപങ്ങൾക്കുവേ ണ്ടി മരിച്ചവൻ, മരണത്തെ ജയിച്ച് ഉത്ഥാനം ചെയ്തവൻ, തൻെറ പരിശുദ്ധാത്മാവിനെ നമ്മുടെ മേൽ അയയ്ക്കുന്നവൻ എ ന്നിങ്ങനെ അവിടുന്നു തൻെറ എല്ലാപദവികളിലും നമ്മുടെ മുൻ പിൽ അവതരിപ്പിക്കപ്പെടുന്നു. അതിനാൽ ആരാധനക്രമത്തിൽ നാം സജീവമായി പങ്കെടുക്കേണ്ടതാണ്.

### സജീവമായ ഭാഗഭാഗിത്വം

ആരാധനക്രമത്തിൽ നമുക്കുള്ള ഭാഗഭാഗിത്വത്തെ പലതരത്തിൽ നമുക്കു വിഭാവനം ചെയ്യാം. പക്ഷേ അവയെല്ലാം സജീവമായ ഭാഗഭാഗിത്വമാകുന്നില്ല. ഉദാഹരണമായി ഒരാൾ ദിവ്യകർമ്മാനുഷ്ഠാനസമയം മുഴുവൻ ദൈവാലയത്തിൽ സന്നിഹിതനാണ്. പക്ഷേ അവിടെ അനുഷ്ഠിക്കപ്പെടുന്നവയെപ്പററി ഒട്ടും ശ്രദ്ധിക്കാതെ, ശ്രദ്ധിക്കുന്നതിനു ആഗ്രഹിക്കുകപോലും ചെയ്യാതെ, അയാളുടെ ചിന്ത അന്യസ്ഥലത്തും അന്യകാര്യങ്ങളിലും ആണെങ്കിൽ അതു് ഒരു തരത്തിലും ആരാധനക്രമത്തിലുള്ള ഭാഗഭാഗിത്വം എന്നു പറഞ്ഞുകൂടാ.

ഇനിയും മറെറാരു രീതിയുണ്ടു്. ഒരാൾ ശാരീരികമായി ദൈവാലയത്തിൽ സന്നിഹിതനാണ്. കഴിയുന്നതും അന്യവിചാരങ്ങൾ അകററി നിറുത്തുവാൻ ശ്രമിക്കുന്നുമുണ്ടു്. പക്ഷേ ദൈവാലയത്തിൽ അനുവർത്തിക്കപ്പെടുന്നവയേക്കുറിച്ചു് പ്രത്യേക പരിഗണനയൊന്നുമില്ലാതെ തനിക്കേററം പ്രിയംകരങ്ങളും ഫലദായകങ്ങളുമെന്നു് സ്വയം വിശ്വസിക്കുന്ന സ്വകാര്യ പ്രാർത്ഥനകളിലും ഭക്താനുഷ്ഠാനങ്ങളിലും ഏർപ്പെട്ടിരിക്കുക മാത്രമേ ചെയ്യുന്നുള്ളുവെങ്കിൽ അതിനു് ആരാധനക്രമത്തിലുള്ള സജീവഭാഗഭാഗിത്വം എന്നു പറഞ്ഞുകൂടാ.

യഥാർത്ഥമായ ഭാഗഭാഗിത്വം, ആരാധനക്രമത്തിൽ സംവിധാനം ചെയ്യപ്പെടുന്ന മിശിഹായുടെ ജീവിതരഹസ്യത്തെ മനസ്സിലാക്കി, അവയെപ്പററി സർവ്വാത്മനാ ധ്യാനിച്ചുകൊണ്ടു്, അവ നമ്മുടെ ജീവിതത്തിലേക്കു പകർത്തുന്നതിലടങ്ങിയിരിക്കുന്നു. ഇതു സാധിക്കണമെങ്കിൽ ഒന്നാമതായി ആരാധനക്രമത്തിൻെറ ക്രമീകരണവും, ഘടനയും നാം മനസ്സിലാക്കണം. ഓരോ രീതിലുമുള്ള ആരാധനക്രമത്തിനും അതതിൻേറതായ പ്രത്യേക ക്രമീകരണവും ഘടനയും ചൈതന്യവുമുണ്ടു്. ദൈവപരിപാലനയുടെ സാധാരണക്രമം ഓരോരുത്തരും അവനവൻെറ ആരാധനക്രമത്തിൻെറ ചൈതന്യത്തിൽ ജീവിച്ചു് വിശുദ്ധി പ്രാപിക്കണമെന്നാണ്.

### വിവിധ രീതികൾ

ആരാധനക്രമത്തെക്കുറിച്ചു് പൊതുവായി പരിചിന്തനം ചെ

സ്ഥശേഷം അതിൻെറ വൈവിധ്യത്തെക്കുറിച്ച് ഇനി അല്പം പരിഗണിക്കാം.

## ആരാധന ക്രമങ്ങളുടെ വൈവിധ്യം

ആരാധക്രമത്തിൻെറ അന്ത്യം മിശിഹായുടെ പവിത്രാണരഹസ്യങ്ങളെ സജീവമായി നമ്മുടെ മുമ്പിൽ അവതരിപ്പിക്കുകയും അതു വഴി ദൈവിക ജീവൻ നമ്മിൽ അഭിവൃദ്ധമാക്കുകയുമാണ്. ഈ ഏകലക്ഷ്യപ്രാപ്തിക്കായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഉപാധിയിൽ (ആരാധനക്രമത്തിൽ) വൈവിധ്യത്തിനു സ്ഥാനമില്ലെന്നു തോന്നാം. എന്നാൽ ഇക്കാര്യത്തിൽ വളരെ സ്പഷ്ടമായ വൈവിധ്യങ്ങളുണ്ടെന്നുള്ളതാണു ശരി.

ആരാധനക്രമങ്ങളെ സംബന്ധിച്ച് പൊതുവായി പറഞ്ഞാൽ അവയുടെയെല്ലാം ഉദ്ദേശ്യം ഒന്നുതന്നെയാണ്. ദൈവസ്ഥാപിതമായ സാരാംശങ്ങളിൽ ഭേദം വരുത്തുക സാദ്ധ്യവുമല്ല. ഇങ്ങനെ എല്ലാ ആരാധനക്രമങ്ങളുടെയും ലക്ഷ്യവും സാരാംശവും ഒന്നു തന്നെയാണെങ്കിലും അവയുടെ അനുഷ്ഠാനത്തിൽ, അവതരണ രീതിയിൽ വ്യതിയാനങ്ങൾ അനുവദനീയമാണ്. സ്ഥലകാലസാഹചര്യങ്ങൾ, ജനങ്ങളുടെ സാംസ്കാരിക നിലവാരം മുതലായവയെ ആശ്രയിച്ച് ആരാധനക്രമത്തിൽ വൈവിധ്യങ്ങളുണ്ടാവുക സ്വാഭാവികമാണ്. ഒരു ജനപദത്തിൻെറ സ്വാഭാവിക വിശേഷതകൾ, ഭാഷ, സംസ്കാരം, ആചാരാനുഷ്ഠാനങ്ങൾ ഇവയെല്ലാം പ്രപഞ്ചനാഥനായ ദൈവത്താൽ തന്നെ നിശ്ചയിക്കപ്പെട്ടിട്ടുള്ളവയാണ്. അതിനാൽ മനുഷ്യൻെറ അന്ത്യപ്രാപ്തിക്കുള്ള പരിശ്രമത്തിലും ഇവയ്ക്കെല്ലാം അതിപ്രധാനമായ സ്ഥാനമുണ്ട്. ഈ പരമാർത്ഥമാണ് ആരാധനക്രമങ്ങളുടെ വൈവിധ്യങ്ങളിൽ നാം തെളിഞ്ഞുകാണുന്നത്.

## ആരാധനക്രമങ്ങൾ രൂപം പ്രാപിക്കുന്നു:—

ക്രിസ്തുമതത്തിൻെറ ആരംഭംമുതൽ തന്നെ ആരാധനക്രമങ്ങൾ തമ്മിലുള്ള വ്യത്യാസം വളരെ സ്പഷ്ടമായിരുന്നു. ക്രൈസ്തവ സഭയുടെ പിള്ളത്തൊട്ടിയായിരുന്ന റോമാ സാമ്രാജ്യത്തിൽത്തന്നെയും, രാഷ്ട്രീയൈക്യത്തിനു ബാധകമാകാതെ വ്യത്യസ്തങ്ങളായ ചിന്താഗതികളും സംസ്കാരവും നിലനിന്നിരുന്നതാണ് ഇ

തിനൊരു കാരണം. റോമാ സാമ്രാജ്യത്തിനുള്ളിൽ തന്നെ വ്യത്യസ്തങ്ങളും സ്വതന്ത്രങ്ങളുമായ ക്രിസ്തീയ കേന്ദ്രങ്ങൾ വളർന്നു പ്രബലപ്പെട്ടുവന്നതോടെ ഈ കേന്ദ്രങ്ങൾക്ക് അവയുടെ ചുററുപാട്ടമുള്ള ക്രൈസ്തവ സമൂഹങ്ങളുടെ മേൽ ഏതാണ്ടൊരു സ്വാധീനവും കൈവന്നു. ആരംഭത്തിൽ സ്വാഭാവികമായ ഒരു സ്വാധീനം മാത്രമായിരുന്നു ഇവയ്ക്കുണ്ടായിരുന്നതു്. എന്നാൽ അതു കാലക്രമത്തിൽ പ്രാമാണ്യമായും പിന്നീട്ടു് ക്രമാനുസൃതമായ മേലധികാരമായും രൂപംകൊണ്ടു.

റോമാ സാമ്രാജ്യത്തിൻെറ പാശ്ചാത്യ പൌരസ്ത്യ വിഭജനം പിന്നീട്ടുള്ള സഭാചരിത്രത്തെ കാര്യമായി ബാധിച്ചു. നാലാം നൂററാണ്ടിൻെറ ആരംഭത്തിൽ പൌരസ്ത്യ വിഭാഗത്തിൻെറ ആസ്ഥാനമായി കോൺസ്റ്റൻറിനോപ്പിൾ പട്ടണം പണികഴിക്കപ്പെട്ടപ്പോൾ അതൊരു സഭാകേന്ദ്രമായി അഭിവൃദ്ധിപ്പെടുവാൻ തുടങ്ങി. റോമാ കഴിഞ്ഞുള്ള സ്ഥാനം തങ്ങൾക്കാണെന്നുവരെ അവരവകാശപ്പെട്ടു. വിഭജനത്തിൻെറ അവസരത്തിൽ പാശ്ചാത്യവിഭാഗത്തിൽ പ്രാമാണ്യം സിദ്ധിച്ചിരുന്ന ഒരേഒരു കേന്ദ്രം റോമാ മാത്രമായിരുന്നു. റോമാതന്നെയായിരുന്നു പാശ്ചാത്യറോമാ സാമ്രാജ്യത്തിൻെറ ആസ്ഥാനവും.

എന്നാൽ പൌരസ്ത്യവിഭാഗത്തിലാകട്ടെ പ്രാമാണ്യത്തിനു വേണ്ടി പരസ്പരം മത്സരിച്ചിരുന്ന തുല്യശക്തികളായ അലക്സാണ്ട്റിയാ, അന്ത്യോക്യാ, കോൺസ്റ്റൻറിനോപ്പിൾ മുതലായ പലേ കേന്ദ്രങ്ങൾ ഉണ്ടായിരുന്നു. പണ്ടേതന്നെ സ്വതന്ത്രവ്യക്തിത്വം പാലിച്ചുപോന്നിരുന്ന ഈകേന്ദ്രങ്ങൾ റോമാസാമ്രാജ്യവിഭജനത്തോടുകൂടി സ്വതന്ത്രങ്ങളും ശാശ്വതങ്ങളുമായി പരിണമിച്ചു. രാജ്യശക്തികളിക്കാര്യത്തിൽ ഇടപെട്ടതുമില്ല.

കാലക്രമേണ റോമാസാമ്രാജ്യത്തിനു പുറത്തും ഇത്തരം ഭരണകേന്ദ്രങ്ങൾ രൂപമെടുക്കുവാൻ തുടങ്ങി. അവയിൽ പ്രധാനപ്പെട്ടവ പേർഷ്യൻ സാമ്രാജ്യത്തിലുൾപ്പെട്ട സെലൂസ്യാ, ററസിഫോൺ, അർമേനിയാ എന്നിവയാണു്. അന്ത്യോക്യാ, കോൺസ്റ്റൻറിനോപ്പിൾ എന്നി പൌരസ്ത്യകേന്ദ്രങ്ങൾക്കു് ഇവയുടെ മേൽ സ്വാധീനമുണ്ടായിരുന്നതിനാൽ ഇവയും പൌരസ്ത്യവിഭാഗത്തിൽപ്പെട്ടതായി പരിഗണിക്കപ്പെട്ടുപോന്നു.

സ്വാതന്ത്ര്യാഭിവൃദ്ധി കൈവന്നതോടെ, ഈ കേന്ദ്രങ്ങളിലോരോന്നിലും അതാതിൻെറതായ ആരാധനക്രമങ്ങൾ നടപ്പിൽ വന്നു. കേന്ദ്രങ്ങളുടെ സ്വാധീന പരിധിയ്ക്കുള്ളിൽ ഈ ആരാധനക്രമങ്ങൾ ക്രമേണ നിർബന്ധിതമാക്കപ്പെട്ടു. ഇങ്ങനെ പ്രാബല്യത്തിൽ വന്ന ആരാധനക്രമങ്ങളെ അടിസ്ഥാനമാക്കി തിരുസ്സഭയിൽ വിവിധ റീത്തുകൾ രൂപം പ്രാപിച്ചു.

## റീത്ത്

റീത്ത് എന്നു പറയുമ്പോൾ ക്രിസ്തീയജീവിതത്തേയും ആരാധനക്രമത്തെയും സംബന്ധിച്ച് സ്വന്തമായ രീതികളും നിയമങ്ങളുമുള്ള സ്വാതന്ത്ര്യമായതും പരിശുദ്ധ സിംഹാസനത്താൽ അപ്രകാരം അംഗീകരിക്കപ്പെട്ടതുമായ വിശ്വാസികളുടെ സമൂഹത്തെയാണു നാം മനസ്സിലാക്കുന്നത്. ആരാധനക്രമം റീത്തിൻെറ ഒരുഭാഗം മാത്രമാണെങ്കിലും, നാം കണ്ടതുപോലെ പ്രധാനമായും ആരാധനക്രമത്തെ അടിസ്ഥാനമാക്കിയാണ് വിവിധ റീത്തുകൾ രൂപം കൊണ്ടിട്ടുള്ളത്.

## റീത്തുകളെ തമ്മിൽ വ്യത്യാസപ്പെടുത്തുന്ന ചില ഘടകങ്ങൾ

ഭാഷ: നമ്മുടെ ദിവ്യരക്ഷകൻ ഒടുവിലത്തെ അത്താഴവേളയിൽ കുർബാന സ്ഥാപിച്ചപ്പോൾ അന്നത്തെ സംസാരഭാഷയായിരുന്ന സുറിയാനി ആയിരിക്കണം ഉപയോഗപ്പെടുത്തിയത്. എന്നാൽ കാലക്രമേണ അന്നു റോമാസാമ്രാജ്യത്തിൽ പ്രാബല്യത്തിലിരുന്ന ഗ്രീക്ക് ആരാധനക്രമ ഭാഷയായിത്തീർന്നു. ഗ്രീക്കു ഭാഷയിലൂടെയാണ് ആദ്യനൂററാണ്ടുകളിൽ ക്രൈസ്തവസഭ അന്നത്തെ സാംസ്കാരികകേന്ദ്രങ്ങളെ കീഴടക്കിയത്. A.D. 50-ാ മാണ്ടോടുകൂടി അന്ത്യോക്യായിൽപോലും ആരാധനക്രമത്തിൽ ഗ്രീക്കു ഭാഷ ഉപയോഗപ്പെടുത്തിയിരുന്നു. ഇപ്പോഴത്തെ റോമൻ ആരാധനക്രമം തന്നെ ഗ്രീക്കു ഭാഷയിലാണ് ആദ്യം നടത്തപ്പെട്ടിരുന്നത്.

കാലക്രമേണ ഗ്രീക്കിൻെറ ഈ ഏകാധിപത്യം അവസാനിച്ചു. മററു ഭാഷകളും ആരാധനക്രമത്തിൽ ഉപയോഗപ്പെടുത്തുവാൻ തുടങ്ങി. റോമൻ റീത്തിൽ ലത്തീൻ ഭാഷ സ്വീകരിച്ചു. പൗരസ്ത്യറീത്തുകളാകട്ടെ തദ്ദേശഭാഷകളെ ആരാധനക്രമത്തിലെ

ഔദ്യോഗിക ഭാഷയായി സ്വീകരിച്ചു. ഇപ്പോൾ സഭയിൽ 12 ഭാഷകളിൽ ദിവ്യബലിയർപ്പണം നടക്കുന്നുണ്ട്. അവ ലത്തീൻ, ഗ്രീക്ക്, സിറിയക്ക്, അർമേനിയൻ, കോപ്റ്റിക്ക്, ഗെസ്, Geez എത്തിയോപ്യൻ, ജോർജിയൻ, സ്ലവോണിക്ക്, എന്നീ പുരാതന ഭാഷകളും റുമേനിയൻ, ഹങ്കേറിയൻ, അറബി, മലയാളം, ഇംഗ്ലീഷ് എന്നീ ആധുനികഭാഷകളുമാണ്.

എന്നാൽ രണ്ടാം വത്തിക്കാൻ സൂനഹദോസ്, പ്രാദേശിക മെത്രാൻ സംഘത്തിൻെറ നിശ്ചയാനുസരണം റോമൻ അഥവാ ലത്തീൻ റീത്തിലും പ്രാദേശികഭാഷകളുപയോഗിക്കുവാനനുവദിച്ചിട്ടുണ്ട്.

## തിരുവസ്ത്രങ്ങൾ

ബലിയർപ്പണത്തിനും കൂദാശകളുടെ നിർവഹണത്തിനുമായി വിവിധറീത്തുകൾ വിവിധ നിറത്തിലും രൂപത്തിലുമുള്ള തിരുവസ്ത്രങ്ങൾ ഉപയോഗപ്പെടുത്തുന്നു. ഈ വൈവിധ്യം ദേശീയമായ സംസ്കാരത്തിൻെറയും ചിന്താഗതിയുടെയും ഫലമാണെന്നു പറയാം. ദിവ്യബലിയർപ്പണത്തിനു നമ്മുടെ റീത്തിൽ ഉപയോഗപ്പെടുത്തുന്ന തിരുവസ്ത്രങ്ങൾ കൊത്തീനാ, സൂന്നാറാ, സെൻദെ ഉറാറാ, പൈനാ എന്നിവയാണ്.

## പൂജാസാധനങ്ങൾ

ഇക്കാര്യത്തിൽ റീത്തുകൾതമ്മിലുള്ള ഏററം വലിയ വ്യത്യാസം പുളിച്ചതും പുളിക്കാത്തതുമായ അപ്പം ഉപയോഗിക്കുന്നതിലാണ്. അപ്പത്തിൻെറ നിറം, ആകൃതി മുതലായവ സംബന്ധിച്ചും ആരാധനക്രമങ്ങൾതമ്മിൽ വ്യത്യാസം കാണാം. യഹൂദന്മാരുടെ പുളിക്കാത്ത അപ്പത്തിൻെറ തിരുനാളിൽ ദിവ്യബലി സ്ഥാപിച്ചതിനെ അനുസ്മരിച്ചുകൊണ്ടാണ് ചില ആരാധന ക്രമങ്ങളിൽ പുളിക്കാത്ത അപ്പം ഉപയോഗിക്കുന്നത്.

## ആചാരരീതികൾ

ആചാരരീതികളിലും സ്പഷ്ടമായ വ്യത്യാസങ്ങൾ കാണാം. നമ്മുടെ ആരാധനക്രമത്തിൽ മുട്ടുകുത്തിനുസ്ഥാനമില്ല. വി. കുർബ്ബാനയ്ക്കു ആചാരം ചെയ്യേണ്ടപ്പോഴെല്ലാം അഗാധമായി കുനിഞ്ഞു ന

മിക്കുന്നു. എന്നാൽ റോമൻ റീത്തിൽ ഇതിന്റെ സ്ഥാനത്തു് ഒററമുട്ടുകുത്തിയുള്ള ആചാരമാണുള്ളതു്. ആചാരവിധികളിലുള്ള ഈ വൈവിധ്യവും ദേശകാലചരിത്രസ്ഥിതികൾക്കും ചിന്താഗതികളും അനുസരണമായി ഉണ്ടായിട്ടുള്ളതാണു്.

## വിവിധ റീത്തുകളുടെ ഒരു വിഹഗവീക്ഷണം

കത്തോലിക്കാസഭയിൽ പൗരസ്ത്യവും പാശ്ചാത്യവുമായി ഉണ്ടായിട്ടുള്ള റീത്തുകൾ താഴെപ്പറയുന്നവയാണു്.

- പാശ്ചാത്യറീത്തു്
  - റോമൻ റീത്തു്
    - ലത്തീൻ
    - അംബ്രോസിയൻ
  - ഗാള്ളിക്കൻ റീത്തു്
    - സെൽററിക്കു്
    - മൊസാറാബിക്കു്

പാശ്ചാത്യറീത്തിൽ റോമൻ ഗാള്ളിക്കൻ എന്ന രണ്ടു ഉപറീത്തുകളാണുള്ളതു്. ഒരോന്നിനുമുണ്ടു് ഉപവിഭാഗങ്ങൾ;

### ലത്തീൻറീത്തു്

ലത്തീൻ ഭാഷ ഔദ്യോഗിക ഭാഷയായി സ്വീകരിച്ച പാശ്ചാത്യലോകം മുഴുവനിലും മിക്ക മിഷ്യൻ രാജ്യങ്ങളിലും ഇന്നു വ്യാപിച്ചു കിടക്കുന്ന റീത്താണിതു്.

### അംബ്രോസിയൻ

ലത്തീൻ റീത്തിൽ നിന്നും അല്പസ്വല്പ വ്യത്യാസങ്ങളോടുകൂടി വടക്കേ ഇററലിയിൽ ഒരു കാലത്തു പ്രാബല്യത്തിലിരുന്ന ഈ റീത്തു് ഇന്നു് മിലാൻ കത്തീഡ്രലിൽ മാത്രം ഉപയോഗപ്പെടുത്തിവരുന്നു.

### സെൽററിക്കു് റീത്തു്

പൗരസ്ത്യറീത്തുകളുടെ മാതൃകയിൽ ആദ്യനൂററാണ്ടുകളിൽ തന്നെ കരുപ്പിടിപ്പിച്ചിരുന്ന ഗാള്ളിക്കൻ റീത്തിൽപെട്ട ഒരുപറീത്താണിതു്. ഒരു കാലത്തു് അയർലണ്ടു്, സ്കോട്ട്ലണ്ടു്, ഗ്രെററ്ബ്രിട്ടൻ മുതലായ സ്ഥലങ്ങളിൽ ഇതു പ്രാബല്യത്തിലിരുന്നു. 9–ാം നൂററാണ്ടോടുകൂടി മിക്കവാറും ഇതു നാമാവശേഷമായി.

## മൊസാറംബിക്ക്റീത്ത്

ഗാള്ളിക്കൻ റീത്തിൽപ്പെട്ട വേറൊരുപറീത്താണിതു്. ഒരു കാലത്തു് സ്പെയിൻ മുഴവനും ഈ റീത്തു് ഉപയോഗിച്ചിരുന്നു. ഇന്നാവട്ടെ തൊളേദോ കത്തീഡ്രലിൽ മാത്രമാണു് ഇതവശേഷിച്ചിരിക്കുന്നതു്.

## പൌരസ്ത്യറീത്ത്

| | |
|---|---|
| അലക്സാണ്ട്റിയൻറീത്തു് | കോപ്റ്റിക്ക്<br>എത്തിയോപ്പിക്ക് |
| അന്ത്യോക്യൻ റീത്തു് | സിറോ അന്ത്യോക്യൻ<br>സിറോ മലങ്കര<br>സിറോ മാറൊനീത്താ |

## അർമേനിയൻറീത്തു്

| | |
|---|---|
| കോൺസ്റ്റാൻറിനോപോളിറ്റൻ റീത്തു് | അൽബേനിയൻ<br>ബൽഗേറിയൻ<br>ജോർജ്യൻ<br>ഗ്രീക്ക്<br>ഇത്തലൊയുഗസ്ലാവിയൻ<br>മെൽക്കൈററു്<br>റുമേനിയൻ<br>റഷ്യൻ<br>റീത്തേനിയൻ<br>ഹംഗേറിയൻ |
| കൽദായറീത്തു് | സീറോകൽദായ<br>സീറോമലബാർ<br>(അഥവാകൽദായമലബാർ) |

## അലക്സാണ്ട്റിയൻ റീത്തു്

അലക്സാണ്ട്റിയാ, ആദ്യനൂററാണ്ടിൽ തന്നെ ഒരു സഭാകേന്ദ്രമായി ഉയൎന്നതാണു്. പുരാതനമായ ഒരു പാത്രിയക്കീസ് സിംഹാസനവും അതിന്റേതായ ഒരാരാധനക്രമവും അതിനുണ്ടു്. കോപ്റ്റിക്ക്, എത്തിയോപ്പിക്ക് എന്ന രണ്ടുപറീത്തുകളാണിതിനുള്ളതു്.

**കോപ്റ്ററിക്ക്**

ഈജിപ്തിൽ ഇതനുഷ്ഠിക്കപ്പെട്ടുന്നു. ഇന്നും ഇതു നിലവിലിരിക്കുന്നു ഈ പ്രദേശങ്ങളിൽ.

**എത്തിയോപ്പിക്ക്**

ഇതു് എത്തിയോപ്പിയായിൽ ഇന്നും പ്രാബല്യത്തിലിരിക്കുന്നു. അവരുടെ പുരാതനമായ 'ഗേസ്' ഭാഷയാണു് ആരാധനക്രമത്തിൽ ഉപയോഗിക്കുന്നതു്.

**അന്ത്യോക്യൻ റീത്തു്**

അലക്സാണ്ട്റിയാപോലെതന്നെ അന്ത്യോക്കിയായും ആദ്യകാലംമുതൽ തന്നെ ഒരു സഭാകേന്ദ്രമായിരുന്നു. അന്ത്യോക്യൻ റീത്തിനു മൂന്നു ഉപറീത്തുകളുണ്ടു്.

**സിറോ അന്ത്യോക്യൻ റീത്തു്**

ഇതു് സിറിയാ, അന്ത്യോക്യാ, ലെബാനോൻ എന്നീ സ്ഥലങ്ങളിലുപയോഗത്തിലിരിക്കുന്നു. സുറിയാനിയാണു് ആരാധനക്രമത്തിലെ ഔദ്യോഗികഭാഷ. അറബിയും ആരാധനക്രമത്തിലുപയോഗിക്കുന്നുണ്ടു്.

**സിറോമലങ്കര റീത്തു്**

ഇതു കേരളത്തിൽ യാക്കോബായ സഭയിൽനിന്നും കത്തോലിക്കാസഭയിലേയ്ക്കു പുനരൈക്യപ്പെട്ട കത്തോലിക്കർ മാത്രമാണുപയോഗിക്കുന്നതു്. സുറിയാനിക്കുപുറമേ മലയാളവും ആരാധനക്രമഭാഷയായി സ്വീകരിച്ചിട്ടുണ്ടു്.

ഭാഷയുടെ വ്യത്യാസം ഒഴിച്ചാൽ സിറോ അന്ത്യോക്യൻ റീത്തിൽനിന്നും ഇതിനു വ്യത്യാസം ഒന്നുംതന്നെയില്ല.

**സീറോ മാറോനീത്താ റീത്തു്**

ലെബാനോൻ, സിറിയാ, അന്ത്യോക്യാ മുതലായ സ്ഥലങ്ങളിൽ ഇതിന്നും പ്രാബല്യത്തിലിരിക്കുന്നു. ആരാധനക്രമത്തിൽ സുറിയാനിക്കുപുറമെ അറബിയും ഉപയോഗിക്കുന്നുണ്ടു്.

**അർമ്മേനിയൻ റീത്തു്**

കോൺസ്റ്റാൻറിനോപ്പിൾ സിംഹാസനത്തെ ആശ്രയിച്ചു് ആരംഭിച്ച ഒരു ക്രിസ്തീയ സമൂഹമാണിതെങ്കിലും ആദ്യന്തുറാണ്ടു

കളിൽ തന്നെ ഇതിനു സഭാസ്വാതന്ത്ര്യം കൈവന്നു. സ്വതന്ത്രമായ ആരാധനക്രമം ഇതിനുണ്ട്. അർമ്മേനിയായിൽ ഇന്നും ഈ റീത്തു നിലവിലിരിക്കുന്നു.

## കോൺസ്റ്റൻറിനോപ്പിൾ റീത്തു്

കോൺസ്റ്റൻറിനോപ്പിൾ കേന്ദ്രമായി ആരംഭിച്ച ആരാധനക്രമമാണിതു്. അൽബേനിയാ, ബൾഗേറിയ, ജോർജ്ജിയാ, യുഗോസ്ലാവിയാ, ലെബാനോൻ, സിറിയാ, അന്ത്യോക്യാ, റുമേനിയാ, റഷ്യ, റുത്തേനിയാ, ഹംഗറി എന്നിങ്ങനെ പൗരസ്ത്യദേശം മുഴുവനിലും ഈ ആരാധനക്രമം പ്രാബല്യത്തിലുണ്ട്. ഓരോസ്ഥലത്തും അതാതു ദേശത്തെ മാതൃഭാഷ ആരാധനക്രമത്തിൽ സ്വീകരിച്ചിരിക്കുന്നതിനും പുറമേ ആചാരാനുഷ്ഠാനങ്ങളിലും അല്പസ്വല്പവ്യത്യാസങ്ങൾ കാണാം. ഇങ്ങനെ ഓരോ സ്ഥലത്തെ ആശ്രയിച്ച് വ്യത്യാസപ്പെട്ട പേരുകളിൽ അറിയപ്പെടുകയും ചെയ്യുന്നു.

## കൽദായറീത്തു്

പേഷ്യൻ സഭയിൽ ആദ്യ നൂററാണ്ടുകളിലാരംഭിച്ചതാണീ റീത്തു്. പേഷ്യ, ഇറാക്ക്, ബാഗ്ദാദ്, സിറിയാ, അന്ത്യോക്യാ, മുതലായ സ്ഥലങ്ങൾക്കും പുറമെ കേരളത്തിൽ മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ഇടയിലും ഈ റീത്തുപയോഗത്തിലിരിക്കുന്നു. പേർഷ്യൻ സഭയിൽ സീറോ കൽദായാ എന്നും, കേരളത്തിൽ സീറോമലബാർ അഥവാ കൽദായ മലബാർ എന്നും ഈ റീത്തു വിളിക്കപ്പെടുന്നു.

സീറോ കൽദായ റീത്തിൽ കൽദായ സുറിയാനി മാത്രമാണ് ആരാധനക്രമത്തിലെ ഭാഷയെങ്കിൽ സീറോമലബാർ റീത്തിൽ ഇന്നു കൽദായ സുറിയാനിക്കും പുറമെ മലയാളവും ഉപകാരപ്പെടുത്തുന്നു.

———o———

# ആരാണു പ്രവാചകൻ?

തോമ്മസ് പോൾ B. SC.

വി. ഗ്രന്ഥത്തെയോ അതിലെ സത്യങ്ങളെയോ കുറിച്ചു പ്രതിപാദിക്കുമ്പോൾ നാം പ്രത്യേകം അനുസ്മരിക്കണം അതു് അനേകായിരം വർഷങ്ങൾക്കു മുമ്പു് എഴുതപ്പെട്ടതാണെന്നു്. സുദീർഘങ്ങളായ സഹസ്രാബ്ദങ്ങൾകൊണ്ടു പലവാക്കുകളുടെയും അർത്ഥം മാറിമറിഞ്ഞുവന്നിരിക്കാനിടയുണ്ടു്. മനുഷ്യൻ നല്കുന്ന അർത്ഥമേയുള്ളല്ലോ വാക്കുകൾക്കു്. അതുകൊണ്ടു് പുരാതന ഗ്രന്ഥങ്ങളിലേ ആശയം ഗ്രഹിക്കണമെങ്കിൽ അവ എഴുതിയ കാലത്തു് ആ ഭാഷയിൽ ഓരോ വാക്കിന്റെയും നിയമിതമായ അർത്ഥം നമുക്കറിവുണ്ടായിരിക്കണം. അല്ലെങ്കിൽ, എഴുതാപ്പുറം വായിക്കയായിരിക്കും, ഗ്രന്ഥകർത്താവിനെക്കൊണ്ടു നമ്മുടെ ആശയങ്ങൾ പറയിക്കുകയായിരിക്കും, നാം ചെയ്യുന്നതു്.

പഴയനിയമത്തിൽ ബഹുഭൂരിപക്ഷം പുസ്തകങ്ങളും എബ്രായ ഭാഷയിലാണു് എഴുതിയതു്. എബ്രായഭാഷയിലേ ആശയങ്ങൾ ഏററം പരിശുദ്ധമായി കാത്തു സൂക്ഷിക്കുന്ന തർജ്ജമയാണു് ഗ്രീക്കു് സെപ്റ്റുജിന്തു്. എബ്രായ ഭാഷയും ഗ്രീക്കു് ഭാഷയും നല്ല പോലെ വശമുള്ള വേദപുസ്തകപണ്ഡിതന്മാർ ചെയ്ത ഈ തർജ്ജമ മൂലഗ്രന്ഥത്തിന്റെ തനിപ്പകർപ്പായി നമുക്കു സ്വീകരിക്കാം. ആശയക്കുഴപ്പമില്ലെന്നു് വി. ജറോം തർജ്ജമചെയ്ത ലാററിൻ വുൾഗാത്തായെക്കുറിച്ചു് ത്രെന്തോസു് സൂനഹദോസു് പഠിപ്പിക്കുന്നു. അതിനാൽ വുൾഗാത്തായോടും താരതമ്യപ്പെടുത്തി പഠിക്കണം.

"പ്രവാചകൻ" എന്ന പദം വി. ഗ്രന്ഥത്തിൽ പലപ്പോഴും നാം കാണുന്നുണ്ടു്. എന്തർത്ഥത്തിലാണു് വിശുദ്ധ ഗ്രന്ഥത്തിന്റെ കർത്താവു് ഈ പദം ഉപയോഗിച്ചിരിക്കുന്നതെന്നു കാണുവാൻ പുരാതന എബ്രായ, ഗ്രീക്കു ഭാഷകളിൽ ഈ വാക്കിന്റെ തത്സമം കണ്ടുപിടിച്ചു പഠിക്കേണ്ടിയിരിക്കുന്നു. ലത്തീനിലേ പ്രൊഫേത്താ എന്ന വാക്കാണു് മലയാളത്തിൽ പ്രവാചകൻ എന്നു തർജ്ജമചെയ്തിരിക്കുന്നതു്. ഗ്രീക്കിലെ 'പ്രൊഫേത്തേസ്'

എന്ന വാക്ക ലത്തീനിലാക്കിയപ്പോൾ കിട്ടിയതാണ് പ്രൊഫെത്താ. ഭാവിയെ വിളിച്ചറിയിക്കുന്നവൻ എന്നു മാത്രമേ 'പ്രവാചകൻ' എന്നുകേട്ടാൽ ഇന്നു നാം മനസ്സിലാക്കുകയുള്ളു. എന്നാൽ 'പ്രൊഫേത്തേസ്'' എന്ന ഗ്രീക്കു പദത്തിനു് ആ അത്ഥമില്ല (1) മറ്റൊരുവനുവേണ്ടി സംസാരിക്കുന്നവൻ എന്നാണതിൻെറ അത്ഥം. ദൈവത്തിനുവേണ്ടി സംസാരിക്കുന്നവനെയാണു് പ്രൊഫേത്തേസ്—പ്രവാചകൻ— എന്നു സാധാരണയായി വി. ഗ്രന്ഥത്തിൽ വിളിക്കുന്നതു്. (2) മനുഷ്യരുടെ അടുക്കൽ ദൈവത്തിൻെറ സ്ഥാനം വഹിക്കുന്നവൻ (3) ദൈവവുമായി അഭിമുഖസംഭാഷണം നടത്തുന്നവൻ. (4) അയയ്ക്കപ്പെട്ടവൻ (5) ദൈവത്തിൻെറ സന്ദേശകൻ (6) ദൈവദാസൻ (7) വ്യാഖ്യാതാവു് (8) ദൈവാധരം (9) എന്നിങ്ങനെയെല്ലാം പ്രവാചകനെ വി. ഗ്രന്ഥം വിശേഷിപ്പിക്കുന്നു. ആകെക്കൂടെ നോക്കുമ്പോൾ "ദൈവത്തിൻെറ പ്രതിപുരുഷൻ എന്ന അത്ഥമാണു് വി. ഗ്രന്ഥത്തിൽ 'പ്രവാചകൻ' എന്ന ശബ്ദത്തിനു കൂടുതൽ യോജിക്കുന്നതു്'" (10) "പ്രവാചകൻ ദൈവത്തിൻെറ വക്താവു്, അഥവാ, ദൈവാധരമാകുന്നു. മനുഷ്യരുടെ പക്കലേക്കു അദ്ദേഹം ദൈവത്തിൻെറ സന്ദേശവുമായി വരുന്നു. സന്ദേശം ഭൂതകാലത്തേയോ വർത്തമാനകാലത്തേയോ ഭാവികാലത്തേ

---

(1) എബ്രായയിലേ 'നബി' യിലും സുറിയാനിയിലെ 'നിവ്യ' യിലും ഈ വാക്കിൻെറ ഉത്ഭവം പല പണ്ഡിതന്മാരും കാണുന്നു. ഇതിൻെറ ഒക്കെ മൂല ധാതു, "പ്രാപിക്കുക, പറയുക'' എന്നർത്ഥമുള്ള "നബു'' എന്ന അസ്സീറിയൻ ശബ്ദമാണെന്ന മതവുമുണ്ടു്.

(2)

(3) ആവർത്ത. 18, 15, 19,

(4) സംഖ്യ 12, 2.

(5) ഏശ. 6, 9

(6) മലാഖി 3, 1

(7) 2 രാജ. 9, 7.

(8) ഏശാ. 43, 27

(9) ഏശാ. 30, 2

(10) പ്രവാചകന്മാർ, കേരളത്തിലെ സുറിയാനി ക. നി. മൂ. സ. വിവർത്തക സംഘം ചെയ്ത തർജ്ജമ, മാന്നാനം (1950) 1.

യോ കുറിച്ചാവാം. അതിനാൽ, ഭാവിയെ മുൻകൂട്ടിപ്പറയുക എന്നതിനുമാത്രം പ്രവചനത്തെ പരിമിതപ്പെടുത്തുക അനുചിതമായിരിക്കും (11) "ദൈവത്തിൽ നിന്നു കേൾക്കുന്നതു് അവിടുത്തെ പ്രവാചകന്മാർ പ്രസംഗിക്കുന്നു; ദൈവവചനങ്ങളെ മനുഷ്യർക്കായി വിളംബരം ചെയ്യുന്നവൻ മാത്രമാണു പ്രവാചകൻ" (12) എന്നു വി. ആഗുസ്തീനോസു പറയുന്നതു ഈ അർത്ഥത്തിലാണു്.

ഭാവി അറിയിക്കുന്നവൻ എന്ന അർത്ഥം 'പ്രവാചകനു്' എങ്ങനെകിട്ടി? ദൈവത്തിന്റെ വക്താവാണല്ലോ പ്രവാചകൻ. ദൈവത്തിനു് ഭൂതവർത്തമാന ഭാവി വ്യത്യാസം ഇല്ല. തന്റെ പ്രതിനിധിയായ പ്രവാചകൻ വഴി അയയ്ക്കുന്ന സന്ദേശത്തിലും ഭാവിയെക്കുറിച്ചുള്ള പരാമർശവും ഉണ്ടായിരിക്കും. ഭൂതവർത്തമാനകാലങ്ങൾ എല്ലാവർക്കും സുപരിചിതമാകയാൽ, അവയെക്കുറിച്ചുള്ള സന്ദേശഭാഗം ആരുടേയും ശ്രദ്ധ ആകർഷിക്കുന്നില്ല. എന്നാൽ നൂറിലൊരംശമേ ഭാവിയെക്കുറിച്ചുള്ളെങ്കിലും, അതു എല്ലാവരുടേയും സവിശേഷ ശ്രദ്ധക്കർഹമാകുന്നു. കഴിഞ്ഞുപോയ ആയിരം സംഭവങ്ങൾ ഉദീരണം ചെയ്യുന്നതിലും കൂടുതലായി ഭാവിയിലെ ഒരു കാര്യം വെളിപ്പെടുത്തുന്നതു നമ്മുടെ മനസ്സിൽ തട്ടും. അതു നമ്മെ വിസ്മയിപ്പിക്കും. ഭാവിയെക്കുറിച്ചു വ്യഗ്രചിത്തരാണെങ്കിൽ, അവരുടെ കാര്യം പറയാനുമില്ല. ഇസ്റായേലിന്റെ സമീപരാജ്യങ്ങളിലെല്ലാം 'ഭാവി പറയാം' എന്നു വകാശപ്പെടുന്ന സ്ഥാപനങ്ങൾ വൻതോതിൽ പ്രവർത്തനം നടത്തിക്കൊണ്ടാണിരുന്നതു്. അന്ധവിശ്വാസപരമായ ഈ സ്ഥാപനങ്ങളിൽ പോകുവാൻ ഇസ്രായേലിൽ ആർക്കും അനുവാദമുണ്ടായിരുന്നില്ല. ഭാവിയെക്കുറിച്ചു ജിജ്ഞാസ മനുഷ്യസഹജമാണു്. അതുകൊണ്ടു്, പല്ലപ്പോഴും ഭാവിയെക്കുറിച്ചു് പ്രതിപാദിച്ചതിനാൽ പ്രവാചകന്മാരുടെ പ്രധാനസവിശേഷത, ഭാവിപറഞ്ഞു തരിക, ആണെന്നുള്ള ബോധം ഇസ്രായേലിൽ ക്രമേണ രൂപംകൊണ്ടു. മറെറാരു കാരണം കൂടെയുണ്ടു്: ദൈവത്തിന്റെ "അംബാസഡരാ"ണെന്നുള്ളതിന്റെ അധികാരപത്രം കാണാതെ ഒരുവനെ യഥാർത്ഥ പ്രവാച

---

(11) R· A· Dyson, and Jones, The Kingdom of Promise, London (1951) 34.

12) St. Augustin. Commentary on Exodus, C, 17.

കനായി ആരും പരിഗണിക്കുകയില്ല. അതിനു്, ആസന്നഭാവിയെ മുൻകൂട്ടി അറിയിക്കുകയാണു് പ്രവാചകന്മാർ ചെയ്തതു്. അറിയിച്ചതുപോലെ സംഭവിക്കുമ്പോൾ, അദ്ദേഹം യഥാർത്ഥത്തിൽ ദൈവത്തിൽ നിന്നുള്ളവനെന്നു് എല്ലാവരും മനസ്സിലാക്കും (13) "കൃത്യമായിപ്പറഞ്ഞാൽ ഭാവി മുൻകൂട്ടി പറയുന്നവനല്ല പ്രവാചകൻ... എന്നിരിക്കിലും, ഇസ്റായേലിലെ പ്രവാചകന്മാർ പലപ്പോഴും അങ്ങനെ ചെയ്തു. മാത്രമല്ല, യഥാർത്ഥപ്രവാചകനെ കള്ളപ്രവാചകരിൽ നിന്നു തിരിച്ചറിയുന്നതിനുള്ള മാർഗ്ഗം കൂടെയാണതു്" (14)

ദൈവികജ്ഞാനത്താൽ പരിപൂരിതരായി പ്രസംഗിച്ചപ്പോൾ ഭാവിയെക്കുറിച്ചു്, പ്രത്യേകിച്ചു്, ഭാവിയുടെ ആശാകേന്ദ്രമായ മിശിഹായെക്കുറിച്ചു്, പലതും പ്രവാചകന്മാർ വെളിപ്പെടുത്തി. നസ്രായനായ യേശുവിൽ ഇവയെല്ലാം നിറവേറി. അതുകൊണ്ടു് യേശുതന്നെയാണു് യഥാർത്ഥ മിശിഹാ എന്നു തെളിയിക്കുവാൻ അപ്പസ്തോലന്മാരും ക്രിസ്തീയ നേതാക്കന്മാരും പ്രവചനങ്ങളിലേയ്ക്കു കൈചൂണ്ടി. ദൈവത്തിൻെറ സ്വതന്ത്ര മനസ്സുമാത്രം അറിഞ്ഞിരുന്നവ, പല സഹസ്റം വർഷങ്ങൾക്കു മുമ്പു് എഴുതിവെയ്ക്കുകയും അവ യേശുവിൽ സംഭവിക്കുകയും ചെയ്തെങ്കിൽ അവിടുന്നാണു് വാഗ്ദാനം ചെയ്യപ്പെട്ട മ്ശിഹാ എന്നതിനു് വേറെ തെളിവിനാവശ്യമില്ല. ഇതോടേ, മുൻകൂട്ടി അറിയിക്കുക എന്നതു് പ്രവചനത്തിൻെറ പ്രഥമവും പ്രധാനവുമായ ഘടകമായി കരുതിത്തുടങ്ങി; ഈ നിഷ്കൃഷ്ടാർത്ഥത്തിൽ പ്രവചനത്തെ "മനുഷ്യമനസ്സിനേയോ ദൈവമനസ്സിനേയോ ആശ്രയിച്ചു നില്ക്കുന്ന ഭാവികാര്യങ്ങളെ നിശ്ചിതമായും തിട്ടപ്പെടുത്തിയും മുൻകൂട്ടി അറിയിക്കുക" എന്നു നിർവചിക്കാം. (15)

---

(13) ഏറമ്യാ 28, 15—17

(14) Cf. I കോറ. 14, 30; Flavius Josephus, Antiquitas, XIII, X, 7. P. Zaraphimus M. Zarb; O. P. Introductio specialis in Quatuor Prophetas Majores, Roma (1930) 4.

(15) P. Michaele Nicolau, S. J. Sacrae Theologiae Summa I, Madriel (1958) 177. cf. G. Lagrange, De Revelatione per Ecclasiam Catholicam Proposita Vol II, Roma (1950) 101

ഈ അത്ഥത്തിലാണു് വി.തോമസ്സ് അകവിനാസ്സം പ്രവചനത്തെ നിർവചിക്കുന്നതു് (16)

പതിനേഴ പ്രവാചകന്മാർ പുസ്തകങ്ങൾ വഴിയാണു് തങ്ങളുടെ പ്രവചനങ്ങൾ നല്കിയതു്. ബാക്കിയുള്ളവർ പ്രസംഗിക്കുക മാത്രം ചെയ്തു. സാമാന്യം വലിയഗ്രന്ഥങ്ങൾ രചിച്ച ഏശായ, ഏറമ്യാ, എസക്കിയേൽ, ദാനിയേൽ എന്നീ നാലുപേരെ വലിയ പ്രവാചകന്മാ (Major Prophets) രെന്നു വിളിക്കുന്നു. യൗനാൻ, ആമോസ്സ്, ഹോശാ, ഓബ്ദയാ, മൃഏൽ,മിക്യാ, നാഹോം, ഹവ്ക്കോക്ക്, സ്പനിയാ, ഹംഗീ, സഖറി, മാലാഖി എന്നിവർ ചെറിയ പ്രവാചകന്മാരെന്നും അറിയപ്പെടുന്നു. ഇവരുടെ ഗ്രന്ഥങ്ങൾ ചെറുതാണു്. ബാറുക്ക് ഏറമ്യയുടെ സെക്രട്ടറിയും ശിഷ്യനുമാണു്.

## പ്രവാചകസംഘം

'പ്രവാചകസംഘ'ത്തെക്കുറിച്ച ചില പ്രതിപാദനങ്ങൾ വി. ഗ്രന്ഥത്തിൽ കാണാം, റാംസ, ഈറിഹോ, ഗൽഗലാ എന്നീപട്ടണങ്ങളായിരുന്നു ഇവരുടെ പ്രധാന കേന്ദ്രങ്ങൾ. "പ്രവചനവിദ്യ അഭ്യസനം" ചെയ്യുന്ന സ്കൂളുകൾ ഉണ്ടായിരുന്നതായി യുക്തിവാദികൾ ഈ പദപ്രയോഗത്തിൽ നിന്നു് അനുമാനിക്കുന്നു. കുട്ടികൾ ഗുരുകുലവിദ്യാഭ്യാസം നടത്തിയിരുന്നതായി ഇവർ സങ്കല്പിക്കുന്നു. ഈ സ്കൂളുകളിലേ കോഴ്സ് കഴിയുമ്പോൾ, അവർ പ്രവാചകജോലി ഏറ്റെടുക്കുമെന്നും അങ്ങനെ സാമർത്ഥമായി ജോലിനോക്കിയവരെയാണു് ഇന്നു് നാം അറിയുന്നതെന്നമാണു് യുക്തിവാദികളുടെ മതം.

പ്രവാചകന്മാർക്കായി പാഠശാലകൾ ഉണ്ടായിരുന്നതായി വിശുദ്ധ ഗ്രന്ഥത്തിൽ ഒരിടത്തും ഒരു സൂചനപോലും കാണുന്നില്ല. കൂടാതെ, ദൈവവിളിയിലും വെളിപാടിലും നിന്നു് പഠിച്ച പാഠങ്ങളേ തങ്ങൾക്കറിയാവൂ എന്നു പല തവണ എല്ലാപ്രവാചകന്മാരും വ്യക്തമാക്കിയിട്ടുണ്ടു്. ശാസ്ത്രപുരോഗതിയുടെ ഉച്ചകോടിയിലെത്തിയ ഇക്കാലത്തുപോലും സ്വതന്ത്രഭാവി നിർണ്ണയിക്കുവാനുള്ള വിദ്യ കണ്ടുപിടിച്ചതായി ആരും അവകാശപ്പെടുന്നപോലുമില്ല.

---

(16) St. Thomas, Summa Theologiae II a II ae 177, 1

## കള്ളപ്രവാചകന്മാർ

ചിലപ്പോഴൊക്കെ കള്ളപ്രവാചകന്മാരും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ദൈവവിളി ഇല്ലെന്നതാണ് ഇവരുടെ പ്രധാന പോരായ്മ. വിളിച്ചിട്ടില്ലാത്തതിനാൽ, ഇവർക്ക് വെളിപാട് ദൈവം അനുവദിച്ചില്ല. ദൈവഹിതത്തിനു പകരം സ്വന്തം അഭിപ്രായങ്ങൾ ഇവർ പറഞ്ഞു നടന്നു. രാജപ്രീതിയും ജനസ്സമ്മതിയും നേടാൻ, അവരുടെ രസനീരസങ്ങൾ അനുസരിച്ച് കള്ളപ്രവാചകന്മാർ പ്രവചനങ്ങൾ ക്രോഡീകരിച്ചു. വഞ്ചനപരമായ ജീവിതം നയിച്ച ഇവരുടെ സാന്മാർഗ്ഗികനിലവാരം താണതായിരുന്നു. സ്വതന്ത്രഭാവിയെ വെളിപ്പെടുത്തുവാൻ ഇവർക്ക് ഒരിക്കലും സാധിച്ചിട്ടില്ല.

ദൈവത്തിൻെറ പ്രവാചകന്മാരാകട്ടെ,രാജകോപത്തേയും ജനരോഷത്തേയും കണക്കാക്കാതെ, ദൈവത്തിൻെറ സന്ദേശം അറിയിച്ചു. അത്ഭുതങ്ങൾ പ്രവർത്തിച്ചും ഭാവി പറഞ്ഞും സന്ദേശം ദൈവികമാണെന്ന് അവർ തെളിയിച്ചു. ഏറമ്യായുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തിയ കള്ളപ്രവാചകനാണ് ഹനനിയാസ്. രണ്ടുപേരും പ്രവചനവരം അവകാശപ്പെട്ടതിനാൽ, ആരെ അനുസരിക്കണമെന്നു ജനങ്ങൾക്ക് നിശ്ചയമില്ലാതായി. ദൈവിക ദൗത്യത്തെ വിഘ്നപ്പെടുത്തിയ ഹനനിയാസിനെ ഏറമ്യാ അറിയിച്ചു, ജനങ്ങളെ വഴിതെററിക്കുന്നതിനാൽ അടുത്ത വസന്തം ഹനനിയാസ് കാണുകയില്ല എന്ന്. ഏഴ മാസങ്ങൾ കഴിഞ്ഞപ്പോൾ ഹനനിയാസ് കാലപുരി പൂകി. (17) ദൈവതിരുമനസ്സാണ് തങ്ങൾ വെളിപ്പെടുത്തുന്നതെന്ന അചഞ്ചലബോധം എല്ലാ പ്രവാചകരിലും ഉണ്ടായിരുന്നു. "കർത്താവ് പറയുന്നു" എന്ന വാക്കുകളിലാണ് അനേകം പ്രവചനങ്ങളുടേയും ആരംഭം. പ്രവാചകന്മാരുടെ മാതൃകാപരമായ ജീവിതവിശുദ്ധിയും അവരെ കള്ളപ്രവാചകന്മാരിൽ നിന്നു തിരിച്ചറിയാൻ സഹായിക്കും.

---

(17) ഏറമ്യ 28, 5—117

## പ്രവാചകനു് ഉണ്ടായിരിക്കേണ്ട യോഗ്യതകൾ

### (1) ദൈവവിളി

ദൈവത്തിന്റെ വക്താവായ പ്രവാചകൻ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവനും പ്രത്യേകം നിയുക്തനുമായിരിക്കണം; മറ്റുവാക്കുകളിൽ പറഞ്ഞാൽ ദൈവവിളി ഉണ്ടായിരിക്കണം. ഇഷ്ടമുള്ള ഏതെങ്കിലും ഒരു വ്യക്തിയെ തെരഞ്ഞെടുത്തു് പ്രവചനം നല്കി തന്റെ വക്താവായി ദൈവം നിയോഗിക്കുന്നതാണു് ദൈവവിളി. പ്രവചനവരം ദൈവം തന്നെ നേരിട്ടു വ്യക്തിക്കാണു നല്കുന്നതു്. അതു കുടുംബസ്വത്തായോ ഗോത്രസവിശേഷതയായോ നിലനില്ക്കുകയില്ല. "പ്രവചനം മനുഷ്യന്റെ ഇഷ്ടത്താൽ വന്നിട്ടുള്ളതല്ല, മറിച്ചു്, പരിശുദ്ധാത്മാവിനാൽ ആകർഷിക്കപ്പെട്ടിട്ടു ദൈവത്തിന്റെ പരിശുദ്ധന്മാരായ മനുഷ്യർ സംസാരിട്ടുള്ളവയത്രെ." (18) പ്രവചനവരം വസ്തുപോലെ കൈമാറുന്നതിനോ, വിജ്ഞാനംപോലെ പകർന്നുകൊടുക്കുന്നതിനോ പ്രവാചകനു സാദ്ധ്യമല്ല. തങ്ങൾ ദൈവത്താൽ വിളിക്കപ്പെട്ടവരാണെന്ന ബോധം പ്രവാചകന്മാർക്കുണ്ടായിരുന്നു. ദൈവം തങ്ങളെ വിളിച്ച സാഹചര്യങ്ങൾ പലപ്രവാചകന്മാരും വിവരിക്കുന്നുണ്ടു്: ആടുകളെ മേയിച്ചുനടന്നപ്പോളാണു്, ആമോസിനെ ദൈവം വിളിച്ചതു്. (19) ഓസിയാസ് രാജാവു മരിച്ചയാണ്ടിലാണു് ഏശായയെ ദൈവം വിളിച്ചതു്. ദൈവം വിളിച്ച രംഗം ഏശായാ ഭംഗിയായി വിവരിക്കുന്നുണ്ടു്. (20) ഏറമ്യാ വിക്കനായിരുന്നു. അതിനാൽ ദൈവം വിളിച്ചപ്പോൾ ഒഴിവുകഴിവുകൾ പറഞ്ഞുനോക്കി "ക,ക,ക, കർത്താവായ ദൈവമേ, കണ്ടാലും, എനിക്കു സംസാരിക്കുവാൻ അറിഞ്ഞുകൂടാ" (21) അനാദിതൊട്ടുള്ള ദൈവനിശ്ചയം ഇപ്പോൾ മാറുകയോ. നിർബന്ധപൂർവമായ ദൈവവിളിയെ എതിർത്തുനില്ക്കുവാൻ കഴിവില്ലാതെ ഏറമ്യാ സമ്മതിച്ചു. ഇതുപോലെ

---

(18) 2 പത്രോ. 1; 21.
(19) Cf. ആമോ. 7, 15; എസ. 2, 2, 5; സഖ 2,9.
(20) ഏശാ. 6, 1—9.
(21) ഏറ. 1, 7.

തന്നെ തങ്ങൾക്കു ദൈവവിളി ലഭിച്ച രംഗം എസഖിയേലും (22) സഖറിയും (23) വിവരിക്കുന്നുണ്ട്.

പല പ്രവാചകന്മാർക്കും പ്രവാചകവൃത്തി പ്രിയങ്കരമായിരുന്നില്ല. വൈമനസ്യം കാണിച്ചെങ്കിലും, നിർബന്ധപൂർവ്വം ദൈവം അവരെ നിയമിച്ചയക്കുകയാണു ചെയ്തത്. പ്രസംഗചാതുരി ഇല്ലെന്ന കാരണം പറഞ്ഞാണ് മൂശ പിന്മാറാൻ ശ്രമിച്ചത്. എന്നാൽ ദൈവം മൂശയുടെ അധരങ്ങളിൽ ഉണ്ടായിരിക്കുമെന്നും ആറോൻ മൂശയുടെ സഹായത്തിനുണ്ടായിരിക്കുമെന്നും പറഞ്ഞു് ദൈവം മൂശയെ അയച്ചു (24) വിക്കുണ്ടെന്നതാണ് ഏറമ്യായുടെ കാരണം (25) അതും ദൈവം സമ്മതിച്ചുകൊടുത്തില്ല. യൗനാനെ ദൈവം വിളിച്ചപ്പോൾ ഒളിച്ചോടുവാൻതന്നെയാണ് അദ്ദേഹം തീരുമാനിച്ചത്. എങ്കിലും ദൈവം വിട്ടില്ല.(26)

യാതൊരു പരിഗണനയും കൂടാതെയാണു ദൈവം പ്രവാചകന്മാരെ വിളിച്ചത്. ബുദ്ധിസാമർത്ഥ്യമോ, ധനസമൃദ്ധിയോ, ജീവിതനിലവാരമോ, വ്യക്തിപരമായ കഴിവോ പ്രവചനവരം ലഭിക്കുവാൻ കാരണമായിരുന്നില്ല. ഏശായാ കുലീനകുടുംബത്തിൽപ്പെട്ടവനാണെങ്കിൽ ആമോസ് ആട്ടിടയനായിരുന്നു. ശ്മുഎൽ ലേവായനും എസഖിയേൽ പുരോഹിതനുമായിരുന്നു, ദാവീദ് ഒരിക്കലും പൗരോഹിത്യത്തിലേക്കുയർത്തപ്പെട്ടിട്ടില്ല. ചുരുക്കത്തിൽ വ്യക്തിപരമായ ഒരു സവിശേഷതയും പ്രവചനവരം ലഭിക്കുവാൻ ഹേതുവായിട്ടില്ല. ദൈവം സ്വതന്ത്രമായി ആരെയെങ്കിലും തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത് (27)

## 2 വെളിപാട്

ദൈവത്തിന്റെ വക്താവു് ദൈവത്തിൽ നിന്നു് ആശയം സ്വീകരിക്കുക ആവശ്യമാണ്. നേരിട്ടോ, ദൂതന്മാർ വഴിയോ സ്വ

---

(22) എസ. 2, 2, 5.

(23) സഖ. 2, 9.

(24) പുറ. 4, 10—18

(25) ഏറ. 1, 7

(26) യൗന. C 1—2

(27) St. Thomas, Summa Theologiae II, II,172, 3.

ന്തം മനസ്സിലുള്ള കാര്യങ്ങൾ മറെറാരു വ്യക്തിയെ ദൈവം അറിയിക്കുന്നതിനെ വെളിപാട്ട് എന്നു നാം വിളിക്കുന്നു. വെളിപാടിൽ നിന്നറിയുന്നവയാണു് പ്രവാചകൻ ജനങ്ങളെ അറിയിക്കുന്നതു്. (28)

വെളിപാട്ട് മൂന്നു വിധമാകാം: (29) (1) ചില ദർശനങ്ങൾ കണ്ണു്, ചെവിമുതലായ ബാഹ്യേന്ദ്രിയങ്ങൾക്കു വിഷയീഭവിക്കുന്നവയാണു്. ബാഹ്യേന്ദ്രിയങ്ങളുടേയും ആന്തരേന്ദ്രിയങ്ങളുടേയും സഹായത്താലാണു് അപ്പോൾ ബുദ്ധി വെളിപാടു ഗ്രഹിക്കുന്നതു്: സീനൈമലമുകളിൽവച്ചു് മൂശ കണ്ടെത്തുന്ന മുൾപ്പടപ്പു് വെറും ഭാവനയോ മനസ്സിൻെറ ചിത്രീകരണമോ ഉറക്കത്തിൽ കണ്ട സ്വപ്നമോ ആയിരുന്നില്ല. പൂർണ്ണബോധവാനായിരുന്ന മൂശ കത്തുന്ന മുൾപ്പടർപ്പുകണ്ടു. (30) ദാനിയേൽ കണ്ട ചുമരിലെഴുത്തു് (31) മറെറാരുദാഹരണമാണു്,

(2) ആന്തരേന്ദ്രിയങ്ങൾക്കുമാത്രം വിഷയമായ ദർശനങ്ങളാണു മററുചിലതു്. സാധാരണസ്വപ്നത്തിൻെറ രീതിയിലാണു് ഇപ്രകാരമുള്ള ദർശനങ്ങൾ ഉണ്ടാകാറുള്ളതു്. ദൈവം സിംഹാസനത്തിലിരിക്കുന്നതായി ഏശായായ്ക്കു് ഒരു ദർശനമുണ്ടായി. (32) ബഹ്യേന്ദ്രിയങ്ങൾ പ്രവർത്തനരഹിതമായിരുന്നു. അവയുടെ സഹായം കൂടാതെ തന്നെ ആന്തരേന്ദ്രിയങ്ങളും മനസ്സും പ്രവർത്തിച്ചു. ബേതലിൽവെച്ചു് യാക്കോബു കണ്ട സ്വപ്നവും(33) ഈ ഗണത്തിൽപ്പെടുന്ന ദർശനമാണു്.

(3) ബാഹ്യേന്ദ്രിയങ്ങളുടേയും ആന്തരേന്ദ്രിയങ്ങളുടേയും സഹകരണം കൂടാതെ ബുദ്ധി നേരിട്ടുസ്വീകരിക്കുന്ന ആദ്ധ്യാത്മികദർശനങ്ങളുമുണ്ടു്: സാധാരണ, മനുഷ്യമനസ്സു് എന്തെങ്കിലും ഗ്രഹിക്കുന്നതു് ആന്തരേന്ദ്രിയങ്ങളുടെ സഹായത്തോടെയാണു്: ആന്തരേന്ദ്രിയങ്ങൾ പ്രവർത്തിക്കുന്നതു് ബാഹ്യേന്ദ്രിയങ്ങളുടെ സഹകരണത്തോടെയും. എന്നാൽ, ദൈവത്തിനു്, നേരെ ബുദ്ധിയിലേ

(28) ആവർത്ത, 18, 18; ആമോ, 3, 7; 7, 1.
(29) St. Thomas, Summa Theologiae II, II, 173, 3.
(30) പുറ. 3, 2
(31) ദാനി. 5, 53
(32) ഏശ, C 6
(33) സൃഷ്ടി, 28, 1055

ക്കു് ആശയങ്ങൾ പകർന്നു കൊടുക്കുവാൻ സാധിക്കും, ഡോക്ടർ സിരകളിലേക്കു നേരിട്ടു മരുന്നുകുത്തിവയ്ക്കുന്നതുപോലെ. അപ്പോൾ യാതൊരു അന്വേഷണമോ കാഴ്ചയോ കൂടാതെ, പെട്ടെന്നു്, മനസ്സിൽ അറിവുണ്ടാകുന്നു. ദൈവാലയത്തിന്റെ നാശം ഏറമ്യാ ഗ്രഹിച്ചതപ്രകാരമാണു്. യൂദായിൽ നിന്നു് ഒരു ലോകസമ്രാട്ടു വരുമെന്നു്, അന്വേഷണത്തിലോ സ്വപ്നത്തിലോ യാക്കോബു ഗ്രഹിച്ചതല്ല. മിശിഹാ വളരെയധികം പീഡകൾ സഹിച്ചു മരിക്കുമെന്നു് ഏശായാ ഗ്രഹിച്ചതും ദൈവം അദ്ദേഹത്തിന്റെ ബുദ്ധിയിൽ പ്രവത്തിച്ചതിന്റെ ഫലമായിട്ടാണു്.(34) ഏററം പൂർണ്ണമായ വെളിപാടിൽ ഭാവിസംഗതികളും അവയുടെ അർത്ഥവ്യാപ്തിയും, സംഭവിക്കുന്ന കൃത്യമായ സമയവും പ്രവചനത്തിന്റെ ദൈവികത്വവും പ്രവാചകൻ ഗ്രഹിക്കും. പത്രോസിന്റെ നിഷേധത്തെക്കുറിച്ചുള്ള ക്രിസ്തുനാഥന്റെ പ്രവചനം ഇതിനുദാഹരണമാണു്. ഇത്രതന്നെ പൂർണ്ണമല്ലാ വെളിപാടെങ്കിൽ, തന്റെ വചനം നിറവേറുന്ന ക്ലുപ്തസമയം പ്രവാചകൻ അറിയുകയില്ല. 'കന്യക ശിശുവിനെ പ്രസവിക്കു'മെന്നു് ഏശായാ പ്രവചിച്ചപ്പോൾ, അതെപ്പോൾ സംഭവിക്കുമെന്നു് അദ്ദേഹത്തിനു നിശ്ചയമില്ലായിരുന്നു. കുറെക്കൂടെ അപൂർണ്ണമായ വെളിപാടിൽ, പ്രവചനം പൂർത്തിയാകുന്ന സമയവും അതിന്റെ ദൈവികത്വവും പ്രവാചകൻ ഗ്രഹിക്കുന്നില്ല. സംഭവിക്കുന്ന സമയമോ അർത്ഥവ്യാപ്തിയോ പ്രവചനത്തിന്റെ ദൈവികത്വമോ ഗ്രഹിക്കാതെ ഭാവിസംഭവങ്ങൾ പ്രവാചകൻ ഗ്രഹിക്കുകയും സാധ്യമാണു്. ക്രിസ്തുവിനെക്കുറിച്ചു് കയ്യാപ്പാ നടത്തിയ പ്രവചനമാണു് തെളിഞ്ഞ ഉദാഹരണം (35)

---

(34) ദൈവം നേരിട്ടു ബുദ്ധിയെ പ്രകാശിപ്പിക്കുന്നതു് രണ്ടു വിധമാകാം 1)പ്രചോദനം വഴി അപ്പഴപ്പോൾ പറയേണ്ടതു്,അല്ലെങ്കിൽ ചെയ്യേണ്ടതു് പ്രവാചകനെ ഗ്രഹിപ്പിക്കുക, വഴിയാത്രക്കാരനെ ഓരോ കവലയിൽ വരുമ്പോഴും ശരിയായ മാർഗ്ഗം ചൂണ്ടിക്കാണിച്ചുകൊടുക്കുന്നതുപോലെ (2) പറയേണ്ടവയും ചെയ്യേണ്ടവയും ഒന്നിച്ചു് പ്രവാചകനെ ഗ്രഹിപ്പിക്കുക, യാത്രപുറപ്പെടുന്നതിനു മുമ്പുതന്നെ നേർവഴി പറഞ്ഞുകൊടുക്കുന്നതുപോലെ.

(35) Cf. Garrigou-Lagrange, De Revelatione per Ecclesiam Catholicam Proposita, Vol. II, Rome (1950) 104-5

**3. മിഷൻ** (ദൗത്യം). പ്രവാചകൻ അയക്കപ്പെട്ടവനായിരിക്കണം. വെളിപ്പെട്ടുത്തിയ സത്യങ്ങൾ മനുഷ്യരെ അറിയിക്കുവാൻ ദൈവത്തിൽ നിന്നു് നിർദ്ദേശം സ്വീകരിക്കണം: അഥവാ, ജനങ്ങളുടെ ഇടയിലേക്കു അയയ്ക്കപ്പെടണം. ദൈവവിളിയോട്ടുകൂടെത്തന്നെ പ്രവചനത്തിനുള്ള അധികാരവും നല്കി പ്രവാചകന്മാരെ ജനങ്ങളുടെ പക്കലേക്കു ദൈവം അയക്കുന്നു. പ്രവാചകന്മാരെ ദൈവം നിയോഗിച്ചു വിട്ടുന്ന കല്പന ഉദ്ധരിച്ചുകൊണ്ടാണു് മിക്ക പ്രവാചകന്മാരും ജനങ്ങളുടെ അട്ടുക്കൽ വന്നു് ദൈവികസന്ദേശം അറിയിക്കുന്നതു് (36)

**4. തെളിവു്.** ദൈവത്തിൻെറ സന്ദേശമാണു താൻ നൽകുന്നതെന്നു് തെളിയിക്കുവാൻ പ്രവാചകനു കഴിവുണ്ടായിരിക്കണം. പ്രവാചകന്മാരുടെ അസാധാരണമായ ജ്ഞാനത്തിൽ നിന്നും, അവരുടെ ജീവിതവിശുദ്ധിയിൽ നിന്നും, പഠനത്തിൽ നിന്നും ഇതു് മനസ്സിലാക്കാം. എന്നാൽ ഇതൊന്നും സമ്മതിക്കാതെ ജനങ്ങൾ അദ്ദേഹത്തിൻെറ സത്യസന്ധതയെ ചോദ്യം ചെയ്യുകയാണെങ്കിൽ അത്ഭുതങ്ങൾ പ്രവർത്തിച്ചോ, ഭാവികാര്യങ്ങൾ മുൻകൂട്ടി അറിയിച്ചോ പ്രവാചകന്മാർ തങ്ങളുടെ ദൗത്യത്തിൻെറ ദൈവികത്വം തെളിയിക്കും. ഇതിനെക്കുറിച്ചു് കൂടുതലായി അന്യത്ര.

## പ്രവാചകൻെറ കർത്തവ്യങ്ങൾ

ദൈവത്തിനു് ഇസ്റായേലിനോടു പറയുവാനുള്ളതു് അവരെ അറിയിക്കുവാൻ നിയുക്തരായവരാണു് പ്രവാചകന്മാർ. ഇസ്റായേലിൻെറ വിശ്വാസം കാത്തുസൂക്ഷിക്കുകയാണു് പ്രവാചകന്മാരുടെ പ്രഥമവും പ്രധാനവുമായ കർത്തവ്യം. ഇസ്റായേൽ സമ്പർക്കം പുലർത്തിയ സമീപസ്ഥരാജ്യങ്ങളിൽ വിഗ്രഹാരാധനയും ബഹുദേവപൂജയും സാഘോഷംകൊണ്ടാടിയിരുന്നു. ഈ ആഘോഷങ്ങൾ ഏകദൈവത്തിലുള്ള വിശ്വാസത്തിൽ നിന്നു് വഴുതി മാറുവാൻ ഇസ്റായേലിനെ സദാ പ്രേരിപ്പിച്ചുകൊണ്ടിരുന്നു. അതിനാൽ ഇസ്റായേലിൻെറ വിശ്വാസപരിശുദ്ധി കാത്തു സൂക്ഷിക്കുവാൻ പ്രവാചകന്മാരെ ദൈവം നിയോഗി

---

(36) Cf. പുറ. 3, 10; ഏശാ, 6, 9: ദാനി. 1, 17; എസ. 2, 3; ഓസി. 1. 2; 2, 1; ആമോ. 7, 15; യൗനാ. 1, 2; സഖ. 1, 3

ച്ചു. യഹോവ മാത്രമാണ് ഇസ്റായേലിൻെറ ദൈവമെന്നും ഇസ്രായേൽ യഹോവയുടെ തെരഞ്ഞെടുക്കപ്പെട്ട ജനമാണെന്നും പ്രവാചകന്മാർ ജനങ്ങളെ കൂടെക്കൂടെ ഉൽബോധിപ്പിച്ചുകൊണ്ടിരുന്നു. വിശ്വാസം എവിടെ ക്ഷയിക്കുന്നതുകണ്ടാലും പ്രവാചകന്മാർ അവിടെ ഓടിയെത്തും. വിശ്വാസലംഘനത്തിനു കാരണമായവരെ ശകാരിക്കും; അവർക്കുള്ള ശിക്ഷ അറിയിക്കും. വ്യക്തികൾക്കും രാജ്യത്തിനും യഹോവയോടുള്ള കർത്തവ്യത്തെ കൂടെക്കൂടെ അനുസ്മരിപ്പിക്കുക പ്രവചകന്മാരുടെ പതിവായിരുന്നു. ഭരണീയരോ ഭരണകർത്താക്കളോ സീനൈ ഉടമ്പടി ലംഘിക്കുമ്പോൾ, അവരെ ശകാരിക്കുക പ്രവാചകന്മാരുടെ ചുമതലയാണ്. തെററുചെയ്ത ദാവീദിനെ ശകാരിക്കാൻ ദൈവം നാത്താനെ അയച്ചു. ബാൽ ദേവനെ ജനങ്ങൾ ആരാധിച്ചപ്പോൾ ഏലിയാസിനെ ദൈവം അയച്ചു. "അക്കാസിനെ തെററായ മാർഗ്ഗത്തിൽ നിന്നു തിരിച്ചുകൊണ്ടുവരുവാൻ ദൈവം ഏശായായെ നിയോഗിച്ചു; സെദേസ്യാസിനെ തിരുത്തുവാൻ ഏറമ്യായെ നിയോഗിച്ചു; തൻെറ ദൗത്യം വിശ്വാസ്തതാപൂർവ്വം നിർവഹിക്കുവാനും അങ്ങനെ മിശഹാരാജ്യം സ്ഥാപിക്കുവാൻ വേണ്ട ഒരുക്കങ്ങൾ ചെയ്യുവാനുമായി ഇസ്റായേലിന് ദൈവം നല്കിയ ഗുരുഭൂതന്മാരാണു പ്രവാചകന്മാർ. അവർ ദൈവഭരണം നിലനിന്ന ഇസ്റായേലിലെ ദൈവപ്രതിനിധികളാകുന്നു. അതിനാൽ ജനങ്ങളേയും പുരോഹിതന്മാരേയും രാജാക്കന്മാരേയുംകാൾ ഉന്നതരായ വ്യക്തികളാകുന്നു അവർ. രാഷ്ട്രീയമോ സാന്മാർഗ്ഗികമോ മതപരമോ ആയ തലങ്ങളിലുള്ള അവകാശങ്ങൾ കണ്ടെത്തുവാൻ ദൈവം ആഗ്രഹിക്കുമ്പോൾ, അതെവിടെയാണെങ്കിലും, പ്രവാചകന്മാർ പ്രവർത്തനോന്മുഖരായി പ്രത്യക്ഷപ്പെടും. (37) അനാശാസ്യമായ നടപടികളിൽ നിന്നു് രാജാക്കന്മാരെ പിൻതിരിക്കാൻ അവർ കാണിച്ച സ്ഥിരചിത്തതയും ധൈര്യവും വിസ്മയനീയമാണ്. രാജാക്കന്മാരുടേയും ജനപ്രമാണികളുടേയും മുമ്പിൽ കടന്നുചെന്നു് അവരുടെ വെറുപ്പും വിദ്വേഷവും വകവയ്ക്കാതെ പ്രചോദിതാശയങ്ങൾ അവർ സധൈര്യം പ്രഖ്യാപിച്ചു. ജീവൻ അർപ്പിക്കേണ്ടിവരുമെന്നിരുന്നിട്ടും, ശകാ

---

(37) R. A. Dyson and A. Jones, The Kingdom of Promise, London, (1951) 40.

രവർഷവുമായി തെററുചെയ്ത രാജാക്കന്മാരെ അനുഗമിക്കുന്ന പ്രവാചകന്മാരുടെ കത്തവ്യനിഷ്ഠ മനഃശാസ്ത്രപരമായ അത്ഭുതം തന്നെയാണ്. അയൽരാജ്യങ്ങളിലേ ബഹുദേവപൂജ ഇസ്റായേലിനേയും ആകർഷിച്ചുകൊണ്ടാണിരുന്നതു്. ഈ വഴക്കത്തെ അതികക്ശമായ ഭാഷയിലാണ് പ്രവാചകന്മാർ അപലപിച്ചതു്. അതേ സമയം യഹോവായിലുള്ള വിശ്വാസത്തെ ദൃഢതമമാക്കുവാനും അവർ പരിശ്രമിച്ചുകൊണ്ടാണിരുന്നതു്.

2. പ്രവാചകന്മാരുടെ ദ്വിതീയ കത്തവ്യം ഭാവി വെളിപ്പെടുത്തുകയാണ്: ശിക്ഷകളുടെ പ്രഖ്യാപനങ്ങളിൽ ഭാവിസംഭവങ്ങളും അവശ്യം കുട്ടങ്ങിക്കിടക്കുന്നു. അതുകൊണ്ടുതന്നെ പ്രവാചകന്മാരെ ഭാവിവ്യാഖ്യാതാക്കളായി പരിഗണിക്കാം. അത്രയുമല്ല, "ഇസ്രായേലിനും ഇസ്റായേൽ വഴിലോകത്തിനും ദൈവത്തിനുള്ള ഉദ്ദേശ്യങ്ങളെ വിളംബരം ചെയ്യുന്ന ഔദ്യോഗികമുന്നോടികളായിരുന്നു അവർ. മനുഷ്യരക്ഷ, ആ വാക്കിൻെറ തികഞ്ഞ അത്ഥത്തിൽ സാക്ഷാത്കരിക്കുന്നതും, തൻെറ ജനത്തെ രക്ഷിക്കാനായി ദൈവം തന്നെ പള്ളിയെഴുന്നള്ളിവരുന്നതും, ദൈവരാജ്യം ഭൂമിയിൽ സംസ്ഥാപിക്കുന്നതും മുൻകൂട്ടി പ്രഖ്യാപിക്കുവാനാണു അവർ നിയമിതരായതു്" (38) ഇസ്റായേൽ സീനൈ ഉടമ്പടിയെ ലംഘിച്ചതുകൊണ്ടു് യഹോവ അവരെ ശിക്ഷിക്കും—വേദനപൂണ്ട ദിനങ്ങൾ ഇസ്റായേലിനുവന്നുകൂടും. എങ്കിലും, താൻ തെരഞ്ഞെടുത്തജനത്തെ ദൈവം ഒരു കാരണത്താലും തീത്തു ഉപേക്ഷിക്കയില്ലെന്നും, മ്ശിഹാ വരുന്നതോടേ ഇസ്റായേലിൻെറ അനന്തമായ വ്യാഴദശ ആരംഭിക്കുമെന്നും മററുമുള്ള ശുഭസൂചനങ്ങൾ പ്രവചനങ്ങളിൽ ഉടനീളം കാണാം.

## സാമ്രാജ്യീകരംഗത്തു്

സാമ്രാജ്യീകരംഗത്തു പ്രവാചകന്മാർ സമുദായത്തിനു ചെയ്ത സേവനം നിസ്സുലമാണ്. സാമുദായിക നീതിയെക്കുറിച്ചുള്ള പ്രാഥമികപാഠം അന്നത്തെ നീതിപാലകന്മാക്കുപോലും വശമായിരുന്നില്ല. അനാഗതരേയും ആലംബഹീനരേയും ഞെരുക്കുന്നതിനു് രാജാക്കന്മാർക്കും ജനനേതാക്കൾക്കും ഒരു കൂസലുമില്ലായിരു

(38) Ibid P. 41.

ന്നു. ഈ സാമുദായിക അനീതിക്കെതിരെ രോഷം നിറഞ്ഞ ശകാരവർഷം തന്നെ പ്രവാചകന്മാർ നടത്തി. വെള്ളിത്തുട്ടിനുവേണ്ടി നീതിമാനെയും വെള്ളിച്ചെരിപ്പിനുവേണ്ടി പാവപ്പെട്ടവനേയും വില്ക്കുന്നതിനെ ആമോസ് അതികഠിനമായി അപലപിക്കുന്നു. അനീതിയുടെ പ്രതിഫലം ഒരിക്കൽ അവർ അനുഭവിക്കുകതന്നെ ചെയ്യും. അന്നു കുതിരപ്പുറത്തു കേറി ഓടിപ്പോയാലും അവർക്കു് രക്ഷയുണ്ടായിരിക്കയില്ല. (39) നീതിപാലകസമിതികൾവഴി പാവപ്പെട്ടവനെ ഞെരുക്കുന്നവരെ ശപിക്കുവാൻ കൂടെ ഏശായാ മടിക്കുന്നില്ല. (40) നേതൃമ്മന്യന്മാരുടെ മുഷ്ക്കിനെ അതുപോലെതന്നെ ശക്തിയായ ഭാഷയിൽ ഏറമ്യായും മിഖ്യാസും അപലപിക്കുന്നുണ്ടു്. (41) അന്നു അധികാരിവർഗ്ഗം അതീവ അത്യാഗ്രഹികളായിരുന്നു. ഇതും പ്രവാചകന്മാർ നിശിതമായി വിമർശിക്കുന്നു. (42) ഒരു പക്ഷേ, സാമുദായികനീതിക്കുവേണ്ടി ലോകചരിത്രത്തിൽ ആദ്യം സ്വരമുയർത്തിയവർ പ്രവാചകന്മാരാണു്.

അഭിവൃദ്ധിയിൽ അഹങ്കരിക്കുന്നവർക്കും പ്രവാചകന്മാർ ഉഗ്രതാക്കീതു നല്കുന്നുണ്ടു്. സ്ത്രീകളുടെ ആഭരണഭ്രമം ഏശായാക്കു തീരെ ഇഷ്ടമായില്ല; ചെരിപ്പുകൾക്കുകൂടെ അലങ്കാരവേല ചെയ്യുന്ന ജറൂസലേം വനിതകൾക്കു് അദ്ദേഹം മുന്നറിയിപ്പു നല്കുന്നു, ഉൽഗതിയിൽ അവർ ഉദ്ധൃതരായതിനാൽ, അധോഗതി വന്നുചേരുമെന്നു് (43) യാക്കോബിൻെറ ഗോത്രത്തിൽ അഹന്ത വർദ്ധിച്ചതിനാൽ ദൈവം അവരെ വെറുക്കുവാൻ തുടങ്ങി; നിവാസികളുടക്കം ജറൂസലേം പട്ടണത്തെ ദൈവം അന്യർക്കേല്പിച്ചുകൊടുക്കും. (44)

**മിശിഹായേക്കുറിച്ചുള്ള പ്രവചനങ്ങൾ.** വരുവാനിരുന്ന മിശിഹായെക്കുറിച്ചു് എന്തെങ്കിലും മുൻകൂട്ടി അറിയിച്ച പ്രവചനങ്ങളെ മ്ശിഹോന്മുഖവചനങ്ങളെന്നു വിളിക്കാം. മി

---

(39) ആമോ. 2, 6; 5, 12.

(40) ഏശാ. 1, 17—23; 5, 23: 10, 2.

(41) ഏറമ്യ. 7. 5: 22, 3: മിക്യ. 2, 2. (42) ഏശ. 1, 23; മിക്യ 3,1I ഏറ. 2, 8; 5, 31; 6, 13; 23, 1. (43) ഏശ. 3, 16...26.

(44) ആമോ. 6, 1...15.

ശിഹാ ജനിക്കുന്ന കാലം, സ്ഥലം, സാഹചര്യങ്ങൾ, അവിടുത്തെ ഗോത്രം, മാതാപിതാക്കന്മാർ, ജീവിതം, പ്രവർത്തനങ്ങൾ, പാനങ്ങൾ, മരണം ഇങ്ങനെ ഏതെങ്കിലും തരത്തിൽ മിശിഹായെക്കുറിച്ചുള്ള വിവരം നല്കുന്ന പ്രവചനങ്ങൾ മിശിഹോന്മുഖപ്രവചനങ്ങളാണു്. മിശിഹായെക്കുറിച്ച് സുപ്രതീക്ഷകൾ ഇസ്റായേലിൽ വളർത്തുകയാണു് മിശിഹോന്മുഖപ്രവചനങ്ങളുടെ പ്രധാന ലക്ഷ്യം. യഹോവയിലുള്ള വിശ്വാസം പതറാതെ സംരക്ഷിക്കുന്നതിനും ഈ പ്രവചനങ്ങൾ പ്രയോജകീഭവിച്ചിട്ടുണ്ടു്. പറുദീസായിലെ അധഃപതനത്തിൻെറ ദുരന്തഫലങ്ങൾ അനുഭവിച്ചുകൊണ്ടിരുന്ന മനുഷ്യനു് ജീവിതാശ നല്കുവാനും മിശിഹോന്മുഖപ്രവചനങ്ങൾ ഉപകരിച്ചു. പ്രാധാന്യമേറിയ കാര്യങ്ങൾ മനുഷ്യർ മുൻകൂട്ടി അറിയിക്കാറുണ്ടു്. തൻെറ മനുഷ്യാവതാരത്തിൻെറ കാര്യത്തിൽ ദൈവവും മാനുഷികമായി പ്രവർത്തിച്ചതാവാം.

ഒരു പ്രവചനം മിശിഹായെക്കുറിച്ചാണെന്നു് എങ്ങനെ മനസ്സിലാക്കാം? ക്രിസ്തുവിനു മുമ്പുള്ളവർ ഈ ചോദ്യത്തിനു നല്കുന്ന ഉത്തരം ആയിരിക്കുകയില്ല ക്രിസ്തുവിനു പിമ്പുള്ളവരുടേതു്. കാരണം, പല പ്രവചനങ്ങളും തന്നിൽ നിറവേറിയതായി ക്രിസ്തു തെളിയിച്ചിട്ടുണ്ടു്. അപ്പസ്തോലന്മാരും സഭാപിതാക്കന്മാരും അനേകം പ്രവചനങ്ങൾ എങ്ങനെ ക്രിസ്തുവിൽ പൂർത്തിയായി എന്നു കാണിക്കുന്നുണ്ടു്. ക്രിസ്തുവിൻെറ ജീവിതകഥ മുമ്പിൽ വച്ചുകൊണ്ടു്, ഏതെല്ലാം വാക്യങ്ങളാണു് അവിടുത്തേയിൽ നിറവേറിയിട്ടുള്ളതെന്നു കാണുവാൻ അത്ര പ്രയാസമില്ലല്ലോ. ക്രിസ്തുവിനു മുമ്പുള്ളവരുടെ സ്ഥിതി ഇതായിരുന്നില്ല. പരമ്പരാഗതമായ യഹൂദവിശ്വാസവും ആന്തരികമായ ചില ലക്ഷണങ്ങളും മാത്രമേ മിശിഹോന്മുഖപ്രവചനങ്ങൾ തിരിച്ചറിയാൻ അവരെ സഹായിച്ചുള്ളു. സംഭവത്തിനു മുമ്പു സംശയാസ്പദമായ വാക്യങ്ങൾ അവർ നന്നായി മനസ്സിലാക്കിയില്ല. ചില പ്രവചനങ്ങൾ ഭാവിയിൽ വരുവാനിരിക്കുന്ന മിശിഹായെക്കുറിച്ചുള്ളതാണെന്നു് യഹൂദർ പരമ്പരാഗതമായി, സഹസ്രാബ്ദങ്ങളിലൂടെ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്തുപോന്നു. യഹൂദന്മാരിൽ ഈ വിശ്വാസം കുത്തിവച്ചതു വെളിപാടാണു്. വെളിപാടു് അപ്രമാദമെന്നും അവരറിഞ്ഞിരുന്നു.

ഗോത്രപിതാക്കന്മാരോടു ദൈവം ചെയ്ത വാഗ്ദാനങ്ങളിൽ നിന്നാണ് മിശിഹാ വരുമെന്ന ആശയം ഇസ്രായേലിൽ അങ്കുരിച്ചത്. മിശിഹായുടെ സുപ്രധാന വൈഭവങ്ങളും വെളിപാടുകളിൽ നിന്ന് ഇസ്റായേൽ ഗ്രഹിച്ചു. മിശിഹായുടെ ഈ ലക്ഷണങ്ങൾ വിശദമാക്കിക്കൊണ്ട് പ്രവാചകന്മാർ പ്രസംഗിച്ചപ്പോൾ, ജനങ്ങൾ നിഷ്പ്രയാസം മനസ്സിലാക്കി ആരെക്കുറിച്ചാണ് പ്രവാചകൻ പരാമർശിക്കുന്നതെന്ന്. ഓരോ പ്രവാചകനും മിശിഹായുടെ ഒന്നോ അതിലധികമോ പുതിയ ലക്ഷണങ്ങൾ വെളിപ്പെടുത്തിയിട്ടാണ് കടന്നു പോയത്. ഈ ലക്ഷണങ്ങളുമായി തട്ടിച്ചു നോക്കി, മിശിഹോന്മുഖപ്രവചനങ്ങൾ യഹൂദന്മാർ എളുപ്പത്തിൽ തിരിച്ചറിഞ്ഞു. ഒരു ആഗോള സമ്രാട്ടിനെക്കുറിച്ച് ഒരു പ്രവാചകൻ എന്തെങ്കിലും പറയുകയാണെങ്കിൽ, അതു മിശിഹായെക്കുറിച്ചാണെന്ന് യഹൂദന്മാക്കറിയാമായിരുന്നു. അതുപോലെതന്നെ നിത്യപുരോഹിതൻ, സമാധാനരാജൻ, യഹോവദാസൻ, വാനമേഘങ്ങളിൽ വരുന്ന മനുഷ്യസുതൻ എന്നെല്ലാം കേൾക്കുമ്പോഴെ, യഹൂദന്മാർ ചിന്തിക്കുന്നതു് മിശിഹായേക്കുറിച്ചാണ്. ഇവയെല്ലാം മിശിഹായുടെ വിശേഷണങ്ങളെന്ന് ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടവയാണ്.

ക്രിസ്തുവിനു ശേഷമുള്ള വക്കുംമുകളിൽപ്പറഞ്ഞ മാർഗ്ഗങ്ങൾ ഉപയോഗിക്കാം. എന്നാൽ അതിലുമുപരിയായി കൂടുതൽ വിശ്വസനീയമായ മാർഗ്ഗങ്ങളും നമുക്കുണ്ട്.

**സഭയുടെ പ്രബോധനം.** തിരുസ്സഭക്കു ക്രിസ്തുനാഥൻ തെറ്റാവരം നല്കിയിട്ടുണ്ട്; ഔദ്യോഗികമായി സഭ പഠിപ്പിക്കുമ്പോൾ (45) തെറ്റുവരുത്തുക സാധ്യമല്ല. അതിനാൽ ഏതെങ്കിലുമൊരു പ്രവചനം മിശിഹായെക്കുറിച്ചാണെന്ന് സഭ ഔദ്യോഗികമായി പ്രഖ്യാപിക്കുകയാണെങ്കിൽ, വസ്തുനിഷ്ഠമായി അതു ശരിയാണ്. പിന്നീട് സംശയത്തിനിടമില്ല. 110-ാം സങ്കീർത്തനത്തിലെ 4-ാം വാക്യം മിശിഹായുടെ പൗരോഹിത്യത്തെ പരാമർശിക്കുന്നതാണെന്ന് ത്രെന്തോസ് സൂനഹദോസ് വ്യക്തമാക്കിയിട്ടുണ്ട്. (46) അതിനാൽ പ്രസ്തുത വാക്യം മിശിഹായെ ഉദ്ദേ

---

(45) മാർപ്പാപ്പായുടെ എക്സ്കത്തേഡ്റാ പഠനം വഴിയോ സാർവ്വത്രിക സൂനഹദോസു വഴിയോ. (46) Sessio 22. C. 1

ശിച്ചു തന്നെയാണു് സങ്കീർത്തകൻ എഴുതിയതെന്നു് സംശയാതീതമാണു്.

**സഭാപിതാക്കന്മാരുടെ പ്രസ്താവനകൾ.** ഒരു വചനം മിശിഹായെക്കുറിച്ചു് സഭാപിതാക്കന്മാർ പൊതുവിൽ വ്യാഖ്യാനിക്കുന്നെങ്കിൽ അതു് മിശിഹോന്മുഖപ്രവചനമാണു്. പാരമ്പര്യത്തിന്റെ പ്രബോധനാധികാരത്തിൽ അധിഷ്ഠിതമായ ഒരു തെളിവാണിതു്. സഭാപിതാക്കന്മാർ അപ്പസ്തോലിക കാലത്തിനടുത്തു് ജീവിച്ചിരുന്നവരാണല്ലോ. അവർ ഐകകണ്ഠ്യേന ഒരു വസ്തുത പഠിപ്പിക്കുന്നെങ്കിൽ ആ സത്യം അവർ അപ്പസ്തോലന്മാരിൽ നിന്നു സ്വീകരിച്ചതായിരിക്കണം. അപ്പസ്തോലന്മാർക്കു തെററാവരമുണ്ടായിരുന്നു അതുകൊണ്ടു്, സഭാപിതാക്കന്മാരുടെ പൊതു അഭിപ്രായങ്ങൾ നമുക്കു വിശ്വസിക്കാം.

**പുതിയനിയമത്തിന്റെ സാക്ഷ്യം** വി. ഗ്രന്ഥം ദൈവനിവേശിതമാണു്. അതിൽ അബദ്ധ പ്രസ്താവനകളില്ല; ഉണ്ടായിരിക്കുക സാധ്യവുമല്ല. അതുകൊണ്ടു്, ഏതെങ്കിലും പഴയ നിയമവാക്യം മിശിഹായെക്കുറിച്ചാണെന്നു പുതിയ നിയമം പ്രസ്താവിക്കുന്നുണ്ടെങ്കിൽ, പഴയനിയമത്തിലെ പ്രസ്തുത വാക്യം വാസ്തവികമായി മിശിഹായെ ഉദ്ദേശിച്ചുള്ളതാണെന്നു് അസന്നിഗ്ദ്ധമായി പറയാം. യൂദാ ദൈവാലയത്തിൻ വലിച്ചെറിഞ്ഞ വെള്ളിത്തുട്ടുകൾ കൊടുത്തു വിദേശിയരുടെ ശവസംസ്കാരത്തിനായി കുശവന്റെ സ്ഥലം പുരോഹിതപ്രമാണികൾ മേടിച്ചതു് എഴുതിയിട്ടു് വി. മത്തായി പറയുന്നു, "പ്രവാചകൻ മുഖേന അരുളിച്ചെയ്യപ്പെട്ടതു് അപ്പോൾ നിവർത്തിയായി, അതായതു്: ഇസ്റായേൽ മക്കളിൽ നിന്നു അവർ വില നിശ്ചയിച്ച വിലയേറിയവന്റെ വിലയായ മുപ്പതുവെള്ളിനാണയങ്ങൾ ഞാനെടുത്തു് കർത്താവു് എന്നോടു കല്പിച്ചതുപോലെ കുശവന്റെ നിലത്തിനായിക്കൊടുത്തു" (47) വി. മത്തായിയുടെ ഈ പ്രസ്താവനയിൽ നിന്നും സുനിശ്ചിതമായി നമുക്കു മനസ്സിലാക്കാം. ഏറമ്യാപ്രവാചകൻ ഉദ്ധൃതവാക്യം എഴുതിയതു മിശിഹായെ ഉദ്ദേശിച്ചാണെന്നു്. ഇതുപോലെ പ്രവചനങ്ങൾ മിശിഹായിൽ നിറവേറിയെന്നു് വി. ഗ്രന്ഥത്തിൽ പല സ്ഥലത്തും കാണാം.

(47) മത്താ. 27, 9—10: ഏറ. 32, 6—9

**സമാന്തരവാക്യങ്ങൾ.** പഴയനിയമത്തിലെ പല ഭാഗങ്ങളോട്ടും സാമ്യമുള്ള വാചകങ്ങളും ഖണ്ഡികകളും പുതിയ നിയമത്തിൽ കാണാം. അതോടനുബന്ധിച്ച്, മിശിഹായെക്കുറിച്ചാണു് പഴയനിയമത്തിലേ വാക്യമെന്ന തെളിഞ്ഞ പ്രസ്താവന കാണുന്നില്ലെങ്കിലും, മൂകമായ സമ്മതമാണു് ഈ സമാന്തരപ്രസ്താവന. (48)

**പൂർവ്വഛായ.** പുതിയനിയമത്തിലേ സത്യങ്ങളുടെ സാദൃശ്യങ്ങൾ പഴയനിയമത്തിൽക്കാണാം. മാത്രമല്ല, പുതിയനിയമത്തിലെ സുപ്രധാന വ്യക്തികളുടെ പൂർവ്വഛായകളും പഴയനിയമത്തിലുണ്ടു്. പഴയ നിയമത്തിൽ പഠിപ്പിച്ച സത്യങ്ങൾ കൂടുതൽ വ്യക്തമായും പൂർണ്ണമായും പുതിയനിയമത്തിൽ പഠിപ്പിച്ചു. അതുപോലെ തന്നെ, ക്രിസ്തുവിൽ സംഭവിച്ചവ നിഴൽ രൂപേണ പൂർവ്വഛായയിലും സംഭവിച്ചു. മററു വാക്കുകളിൽ, ക്രിസ്തുവിന്റെ പൂർവ്വഛായ നിരന്തരം ക്രിസ്തുവിൻെറ വരവിനെ ദ്യോതിപ്പിച്ചു. ആരെല്ലാമാണു് ക്രിസ്തുവിൻെറ പൂർവ്വഛായകൾ? താൻ മിശിഹായുടെ പൂർവ്വഛായയാണെന്നു് ആരും അവകാശപ്പെട്ടിട്ടില്ല. എങ്കിലും, പുതിയ നിയമത്തിലെ ചില പ്രസ്താവനകൾ ഈ യാഥാർത്ഥ്യം തെളിയിക്കുന്നു. മെൽക്കിസെദക്കു് മിശിഹായുടെ പൂർവ്വഛായയാണെന്നു് വി. പൗലോസിൻെറ ഹെബ്രായക്കാർക്കുള്ള ലേഖനം വ്യക്തമാക്കുന്നുണ്ടു്. (49) പ്രവചനങ്ങളുടെ കാര്യത്തിലെന്നപോലെതന്നെ, പുതിയനിയമ പ്രസ്താവനകളും സഭാപിതാക്കന്മാരുടെ പ്രബോധനവും മററുമാണു ക്രിസ്തുവിൻെറ പൂർവ്വഛായകൾ ആരൊക്കെയെന്നറിയാനുള്ള മാർഗ്ഗം.

പ്രവചനങ്ങൾ ശരിക്കു ഗ്രഹിക്കുവാൻ ചില സംഗതികൾ മനസ്സിലുറപ്പിക്കേണ്ടതുണ്ടു്. ഭാവിയെക്കുറിച്ചുള്ള പ്രവചനങ്ങളിൽ പലപ്പോഴും ക്രിയാപദം ഭൂതകാലത്തിലോ വർത്തമാനകാലത്തിലോ ആകുന്നു. ഈ പ്രയോഗപ്രത്യേകതയുടെ കാരണം വി. ആഗുസ്തീനോസു് നല്കുന്നു. "വരുവാനിരിക്കുന്നവ ദൈവികമുൻനിശ്ചയത്തിനും മുൻ വിജ്ഞാനത്തിനും കഴിഞ്ഞവപോലെയാണു്". (50) ദൈവത്തിൻെറ കാഴ്ചപ്പാടിലൂടെ

---

(48) Cf. D. Schilling, Vaticinia Messiana Pentateuchi et Librorum Historicorum Veteris Testamenti, (1883)16—20
(49) എബ്ര. 7, 11—28. (50) De Civi. Dei XIV. C. 18.

സംഭവങ്ങളെ നോക്കിക്കൊണ്ടന്ന പ്രവാചകൻ ഭാവിസംഭവങ്ങളെ വത്തമാനകാലത്തിലേയോ ഭൂതകാലത്തിലെയോ കാര്യങ്ങളെന്നപോലെ കുറിച്ചുവെക്കുന്നു.

2) മേല്പറഞ്ഞ കാരണത്താൽതന്നെ ആസന്നഭാവിയിൽ സംഭവിക്കുവാനിരിക്കുന്നവയും വിദൂരഭാവിയിലെങ്ങാനും വരാനിരിക്കുന്നവയും കൂട്ടിക്കുഴച്ച് ഒരേ വാചകത്തിലോ ഒരേ ഖണ്ഡികയിലോ പ്രവചിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ടു്, മുൻവാചകത്തിൽ പ്രവചിച്ചിരിക്കുന്നതു നിവത്തിയായി, എന്നതിൽ നിന്നു് അടുത്ത വാചകത്തിലേതും ഉടനടി സംഭവിക്കണം എന്നു വാദിക്കുന്നതു ശരിയല്ല.

3) മിശിഹായേക്കുറിച്ചുള്ള പ്രവചനങ്ങൾ ഭാഗികങ്ങളാണ്. കാരണം, മിശിഹായുടെ ജീവിതത്തിന്റെ എല്ലാവശങ്ങളും കാണുവാൻ ഒരു പ്രവാചകനും ഭാഗ്യം ലഭിച്ചിട്ടില്ല. ഓരോരുത്തക്കും വെളിപ്പെട്ടതായ വശം മാത്രമേ അവർ പ്രവചിച്ചുള്ളു. ആദ്യമാദ്യമുള്ള പ്രവാചകന്മാർ നേത്ത രൂപരേഖമാത്രമാണു തന്നതു്. പിന്നീടു വന്നവർ ആ സ്കെച്ചിൽ ഓരോന്നും അടയാളപ്പെടുത്തിത്തന്നു. യാക്കോബ് അവിടുത്തെ മഹത്വത്തെക്കുറിച്ചും, ദാവീദുരാജാവു് അവിടുത്തെ സഹനത്തെക്കുറിച്ചും, നിത്യപൗരോഹിത്യത്തെക്കുറിച്ചും, ഏശായാക്കു അവിടുത്തെ ജനനത്തെക്കുറിച്ചും ദാനിയേൽ അവിടുത്തെ സ്വർഗ്ഗീയാധികാരത്തെക്കുറിച്ചും —ഇങ്ങനെ ഓരോ പ്രവാചകനും മിശിഹായുടെ ജീവചരിത്രത്തിന്റെ ഓരോപുറം എഴുതിക്കടന്നുപോയി. എല്ലാംകൂടി കൂട്ടി വായിക്കുമ്പോൾ മിശിഹായുടെ ജീവിതകഥ, അവിടുന്നു ജനിക്കുന്നതിനു് അനേകവർഷങ്ങൾക്കു മുമ്പു തന്നേ വിരചിതമായിരുന്നെന്നു കാണാം. ഇന്നും ദൃശ്യമായ ഒരത്ഭുതം!

**പ്രവചനത്തിന്റെ ആരംഭം, യുക്തിവാദികൾ.** അതിസ്വാഭാവികമണ്ഡലം പാടേ നിഷേധിക്കുന്ന യുക്തിവാദികൾ പ്രവചനത്തിന്റെ ദൈവികത്വവും നിരസിക്കുന്നു. ഏതെങ്കിലും മാനസികാസ്വാസ്ഥ്യത്തിൽനിന്നോ പരിശ്രമത്തിൽ നിന്നോ ദൈവവുമായി സമ്പക്കത്തിലേപ്പെടുന്നതിനുള്ള അത്യുഗ്രവാഞ്ഛയിൽ നിന്നോ ഉളവായ ഒരു സ്വഭാവ സവിശേഷതയായി അവർ പ്രവചനത്തെക്കരുതുന്നു. ബാബിലോണിലാണു പ്രവചനം ആദ്യം

പ്രത്യക്ഷപ്പെട്ടതു്. ഇസ്രായേൽ അവിടെ പ്രവാസം അനുഷ്ഠിച്ചപ്പോൾ, അന്നാട്ടുകാരുടെ ഈ നടപടി അവരും ആരംഭിച്ചു. ഇങ്ങനെ പോകുന്നു യുക്തിവാദികളുടെ വിശദീകരണം.

**അകത്തോലിക്കാ വിശദീകരണം.** ലോകത്തിൻെറ മാറിമറിച്ചിലിൽ വന്നുഭവിച്ച ഒരവസ്ഥാവിശേഷമായി മാത്രമേ അകത്തോലിക്കരായ ചില യുക്തിവാദികൾ പ്രവചനത്തെക്കാണുന്നുള്ളു. ഇവർ വിശദീകരിക്കുന്നു: കാനാൻ ദേശത്തുവന്ന ഇസ്രായേൽമക്കൾക്കു് ദ്വിമുഖ സമരം നടത്തേണ്ടിവന്നു: രാഷ്ട്രീയവും മതപരവും. ചിലസ്ഥലങ്ങളിൽ ഇസ്റായേൽ ജയിച്ചു. എന്നാൽ, മററു സ്ഥലങ്ങളിൽ ഇസ്റായേലിനു പ്രവേശിക്കുവാൻ കഴിഞ്ഞില്ല; ഇനിയും ചിലടങ്ങളിൽ വിജയം അനിശ്ചിതമായിരുന്നു. അവിടങ്ങളിൽ ഇരു മതങ്ങളും അട്ടുത്തു സമ്പക്കത്തിലാവുകയും പല ആചാരങ്ങളും തമ്മിൽ കലരുകയും ചെയ്തു. സാമുവേലിൻെറ കാലത്തു് ഒരു മതനവീകരണം നടന്നു. അന്നാണു് പ്രവചനം, അഥവാ, പാരവശ്യപൂരിതമായ വിളിച്ചുപറച്ചിൽ തുടങ്ങിയതു്. ബാൽ ദേവനെ പൂജിച്ചുകൊണ്ടിരുന്ന കനാൻകാരുടെ മതത്തിൽ മാത്രമേ പ്രവചനം അതുവരെ ഉണ്ടായിരുന്നുള്ളു. ഇസ്റായേലിൽ ഇതിനെ 'നബിയിസം' – 'പ്രവചയം'— എന്നു വിളിച്ചു. നൃത്തത്തിൻെറയും സംഗീതത്തിൻെറയും ലഹരിയിൽ ഇവർ പലതും വിളിച്ചു പറഞ്ഞു. യഹോവയുടെ പ്രചോദനമാണു് ആ വാക്കുകളുടെ കാരണമെന്നു് കേൾവിക്കാർ വിശ്വസിച്ചുപോയതാണു്!

**കത്തോലിക്ക വിശദീകരണം.** ദൈവമാണു പ്രവാചകോദ്യോഗം ഇസ്റായേലിൽ സ്ഥാപിച്ചതു്. ശകുനം നോക്കുക ഇസ്റായേലിനു നിഷിദ്ധമായിരുന്നു. പുറജാതികളുടെ ആചാരങ്ങളിലും പൂജകളിലും പങ്കുചേരുന്നതിൽ നിന്നു് ഇസ്റായേലിനെ ദൈവം കഠിനമായി വിലക്കിയിരുന്നു. അതേസമയം അന്ധവിശ്വാസപരമായ ആചാരങ്ങളിലേയ്ക്കു് ഇസ്റായേലിനു ചാച്ചിലുണ്ടായിരുന്നു. ഭാവി അറിവാൻ അഭിലാഷം മനുഷ്യസഹജവുമാണു്. ഭാവി അറിയാനുള്ള പൂജകളും മററും പുറജാതികൾക്കുണ്ടായിരുന്നു. ഈ അബദ്ധാചാരങ്ങളിലേക്കു് ഇസ്റായേൽ വഴുതിവീഴാതിരിക്കാനാവാം ഇസ്റായേലിനു ന

ല്കിവന്ന പ്രവചനവരത്തെ ഒരു സ്ഥാപനമായി ദൈവം ഉയർത്തിയതു്. "അവരുടെ സഹോദരന്മാരുടെ ഇടയിൽ നിന്നു് നിന്നെപ്പോലെ ഒരു പ്രവാചകനെ അവക്കായി ഞാൻ സ്ഥാപിക്കും, അവന്റെ വായിൽ എന്റെ വചനങ്ങൾ ഞാൻ വയ്ക്കും. ഞാൻ അവനോടു കല്പിക്കുന്നതൊക്കെയും അവൻ അവരോടു പറയും" (51) 'പ്രവാചകൻ' എന്ന പദം ഏകവചനത്തിലാണു്. എങ്കിലും, രാജാവു്, പുരോഹിതൻ എന്ന പദങ്ങൾപോലെ പ്രവാചകന്മാരുടെ പരമ്പരയാണു സൂചിപ്പിക്കുന്നതു്. മൂശ തൊട്ടു മലാക്കിവരെ പ്രവചനവരം ഒരു സ്ഥിരസ്ഥാപനമായി നിലനിന്നു, നീണ്ട ഒരു ലിസ്റ്റു കാണിക്കുന്നതുപോലെ. ഈ വാക്യം പ്രവാചകപ്രമുഖനായ മിശിഹായെയും കുറിച്ചുള്ളതാണു്. (52) ദൈവം നല്കിയ ഈ ഉറപ്പോടെ പ്രവാചകത്വം ഇസ്റായേലിൽ സ്ഥാപിതമായി. ഇതിനു മുമ്പും പ്രവാചകന്മാർ ഇസ്റായേലിൽ ഉണ്ടായിട്ടുണ്ടു്, മേലിൽ തുടർന്നും താൻ പ്രവാചകന്മാരെ അയയ്ക്കുമെന്ന ഉറപ്പാണു് ഈ വാഗ്ദാനം. പ്രവചനം ഒരു സ്ഥാപനമായതു് ഇതു മുതലാണു്. എന്നാൽ പ്രവചനം സ്ഥാപനമാകുന്നതിനുമുമ്പും പ്രവാചകന്മാർ ഇസ്രായേലിൽ ഉണ്ടായിരുന്നു.

ഇനി, യുക്തിവാദികളുടെ വിശകലനത്തിലേയ്ക്കു് ഒന്നു തിരിഞ്ഞുനോക്കാം. രോഗം മൂക്കുമ്പോൾ ഭാവി മനസ്സിലാക്കുമെന്നു പറയുന്നതിൽ വലിയ കഴമ്പൊന്നുമില്ല, കണ്ട പേയുംപിച്ചുമൊന്നുമല്ലായിരുന്നു പ്രവാചകന്മാരുടെ പ്രസ്താവനകൾ. ഏശായാ അക്കാസിനുനല്കിയ നിർദ്ദേശം തികഞ്ഞ രാജ്യതന്ത്രജ്ഞത തെളിയിക്കുന്നതാണു്. ഏറമ്യായുടെ പ്രവചനങ്ങൾ വായിച്ചാൽ തോന്നും അദ്ദേഹം അസ്സീറിയൻ യുദ്ധകാര്യാലയം പഠിച്ചിട്ടെഴുതിയതാണോ എന്നു്. ഒന്നോ രണ്ടോ സംശയാസ്പദമായ ഒററപ്പെട്ടസംഭവമൊഴിച്ചാൽ, പ്രവാചകന്മാർ ഒരു ചേഷ്ടയും കാണിച്ചിട്ടില്ല; പൂർണ്ണബോധവാന്മാരെപ്പോലെയാണു വർത്തിച്ചിട്ടുള്ളതു്. എന്നല്ല അസാധാരണ ധീഷണാശക്തി അവർ കാണിച്ചിട്ടുണ്ടു്.

രണ്ടാമത്തെ വിശകലനത്തിനു് ഉപോത്ബലകമായി തൽപ്രണേതാക്കൾ കൊണ്ടുവരുന്ന വസ്തുതകൾ താഴെപ്പറയുന്നവയാ

---

(51) ആവർത്ത. 18, 18.

(52) Cf. Kingdom of Promise, P, 38 footnote L

ണ്ട് 1) ബാൽ ദേവൻെറ 'പ്രവാചകന്മാക്ക്'' പാരവശ്യമുണ്ടായി രുന്നു. (3 രാജാ. 18) (2) വാദ്യഘോഷങ്ങൾ സഹിതം 'പ്രവചിച്ച്' കൊണ്ടു് ഒരു കൂട്ടം പ്രവാചകന്മാർ സാമുവേലിനെ അനു കരിച്ചിരുന്നു. (3) പ്രവാചകന്മാരുടെ കൂട്ടത്തിൽപ്പെട്ടപ്പോൾ, പല അസാധാരണത്വവും സാമുവേലിൽ കണ്ടു (1 രാജാ. 19: 18-24) ഈ എതിർവാദത്തിനു് ആർ. ഏ. ഡൈസണും ഏ. ജോൺസും (53) കൂടി ഉത്തരം ചൂണ്ടിക്കാട്ടുന്നു: 1) കാനാൻ ദേശത്തു പ്രവേശിക്കുന്നതിനു വളരെ മുമ്പുതന്നെ അബ്രാഹം, യാക്കോബ്, മൂശ തുടങ്ങിയ പ്രവാചകന്മാർ ഇസ്രായേലിൽ ഉണ്ടായിരുന്നു. 2) ബാൽ ദേവൻെറ 'പ്രവാചകന്മാർ' സാമുവേലിനുശേഷം രണ്ടു നൂററാണ്ടു കഴിഞ്ഞാണു പ്രവർത്തനം ആരംഭിച്ചതു്. 'ബാൽ പ്രവാചകന്മാരിൽ നിന്നു് സാമുവേൽ പ്രവചനവിദ്യ പഠിച്ചുവെന്നാണല്ലോ ആക്ഷേപം. 3) സാമുവേൽ രാജാവു് ഗാനമേളയിൽ ആകൃഷ്ടനായി പലപ്പോഴും പ്രവാചകസംഘത്തിൽ ചേർന്നതാവാം. ഈ ഒരൊററപ്പെട്ടസംഭവത്തിൽ നിന്നു് പ്രവചനത്തിൻെറ ആരംഭം ഇതാണെന്നു പറയുക വയ്യാ, ബാക്കി തൊണ്ണൂറെറാമ്പതു ശതമാനം പ്രവാചകന്മാരുടെകാര്യത്തിലുംഇങ്ങനെ ഒരാക്ഷേപം ചൂണ്ടിക്കാണിക്കുക സാധ്യമല്ല. 4) രഷ്ട്രീയമായും മതപരമായുമുള്ള ശത്രുക്കളിൽ നിന്നു് ആചരണങ്ങൾ സ്വീകരിച്ചു എന്നു പറയുന്നതിൽ സ്വാഭാവികത കാണുന്നില്ല. എല്ലാത്തിനുമുപരിയായി, സ്വതന്ത്രഭാവിയെ കൃത്യമായും വ്യക്തമായും കാണിച്ചുതരുവാൻ അനന്തജ്ഞാനിയായ ദൈവത്തിനും അവിടുന്നതാക്കു വെളിപ്പെടുത്തുന്നുവോ ആ ആളിനുമല്ലാതെ മററാക്കും സാദ്ധ്യമല്ല. (54)

മിശിഹായെക്കുറിച്ചു് പ്രവാകന്മാർ ഊഹിച്ചുപറഞ്ഞതല്ല. (1) എത്രതന്നെ ആലോചിച്ചാലും ഒരു സംഭവത്തോടു് അവശ്യം ബന്ധമില്ലാത്ത സാഹചര്യങ്ങൾ അപ്രമാദമായി തീർത്തു പറയുക സാധ്യമല്ല. ഒരു കാരണത്താലും സംഭവത്തോടൊന്നിച്ചു ചിന്തിക്കപ്പെടാത്ത വിവരണങ്ങൾ ഊഹിച്ചു പറയുക അസാദ്ധ്യമാണു്. രാജാവു കഴുതപ്പുറത്തെഴുന്നെള്ളിവരുമെന്നു് എങ്ങനെ

(53) Cf. Ibid P. 38—39.

(54) അക്കാരണത്താൽ വെളിപാടിൻെറ സുനിശ്ചിതമായ തെളിവാണു് പ്രവചനങ്ങൾ Cf. D, 1790

ഗ്രന്ഥാവലോകനം.

## കണ്ണീരിൻെറ കഥ

(ഗ്രന്ഥകർത്താ:— റവ. തോമസ് പോൾ, B.Sc, S. H. ലീഗ്, ആലുവാ)

കണ്ണീരിൻെറ കഥ പോലെ സാർവകാലികവും സാർവജനീനവുമായ മറെറാരു വിഷയമില്ല. ചരിത്രത്തിൻെറ വിവിധ ഘട്ടങ്ങളിലും ചരിത്രാതീതകാലത്തും ജീവിച്ചിരുന്നിട്ടുള്ള എല്ലാ തലമുറകളുടേയും ശ്രദ്ധയെ ഒരുപോലെ ആകർഷിച്ചിട്ടുള്ള ഒരു പ്രശ്നമാണതു്. പ്ളേറേറാ, അരിസ്റ്റോട്ടിൽ ആദിയായ യവന ചിന്തകന്മാർതുടങ്ങി ആധുനിക തത്വജ്ഞന്മാർവരെ, മാനുഷികവേദനയേയും തിന്മയേയും അപഗ്രഥിച്ചു മനസ്സിലാക്കുവാൻ ശ്ര

---

യാണു് ചിന്തിക്കുക? തല കുലുക്കി മിശിഹായെ അപമാനിക്കുമെന്നു് ഊഹിപ്പെട്ടത്തു എന്നു പറയുന്നതിൽ ഒരു കഴമ്പും കാണുന്നില്ല. ഇപ്രകാരം അനേകം വിവരണങ്ങൾ അനേകം ശതാബ്ദങ്ങൾക്കുമുമ്പു് നല്കുമ്പോൾ, ഊഹത്തിൻെറ കാര്യമേ ചിന്തിക്കേണ്ടതില്ല. അതും ദൈവത്തിൻെറയും മനുഷ്യരുടേയും സ്വതന്ത്രമനസ്സിനെ ആശ്രയിച്ചുനില്ക്കുന്നവയാണെന്നുകൂടെ നാം ഓർക്കണം. (55)

പരിപൂർണ്ണക്രമം യാദൃച്ഛികമായി വരുന്നതല്ല. നമ്മൾ വസിക്കുന്ന വീടു് യാദൃച്ഛികമായി കല്ലും തടിയും വീണപ്പോൾ ഉയർന്നുവന്നതാണെന്നാരെങ്കിലും പറഞ്ഞാൽ, എന്തായിരിക്കും നാം പറയുക? വത്തിക്കാനിലെ സുപ്രസിദ്ധ പെയിൻറിംഗുകൾ യാദൃച്ഛികമായി ചായം വീണപ്പോൾ ഉണ്ടായതാണെന്നാരെങ്കിലും പറയുമോ? ചിത്രം മുഴുവനായി മനസ്സിൽകണ്ടുകൊണ്ടു് ഓരോ ചായവും ഒരേ ബ്രഷുകൊണ്ടു തേച്ചുപിടിപ്പിക്കുന്ന ചിത്രകാരനെയാണു് ആ ചിത്രത്തിൻെറ പിന്നിൽ നാം ദർശിക്കുന്നതു്. ക്രിസ്തുവിൻെറ പൂർണ്ണചിത്രം പ്രവചനങ്ങളിൽ നമുക്കു കാണാം. അതു യാദൃച്ഛികമായി വന്നതാണെന്നുവേണമോ ചിന്തിക്കുവാൻ? അതോ ആ ചിത്രം മനസ്സിൽ കണ്ടുകൊണ്ടിരുന്ന ദിവ്യചിത്രകാരൻ തൻെറ ബ്രഷുകളാകുന്ന പ്രവാചകന്മാരെക്കൊണ്ടു് ക്രമാനുഗതമായി ഒന്നാരണ്ടും വര ഇടീച്ചു് പൂർത്തിയാക്കിയതാണോ ആ ചിത്രം?

---

(55) Cf. Garrigou—Lagrange, De Revelatione per Ecclesiam Catholicam Proposita, Vol. II (1950) 116

മിച്ചിട്ടുണ്ട്. ആ പരിശ്രമം ചിലരെ നിരീശ്വരന്മാരും അജ്ഞേയവാദികളുമാക്കിമാററി. മററു ചിലർ കട്ടത്ത വിഷാദാത്മകത്വത്തിലും നൈരാശ്യത്തിലും ചെന്നെത്തി. അനിവാര്യമായ ദുഃഖങ്ങളിൽ നിന്നുശ്രദ്ധതിരിക്കുന്നതിനുള്ള പോംവഴിയായി 'തിന്നുക, കുടിക്കുക, ആനന്ദിക്കുക' എന്നു എപ്പിക്കൂറസ്സ് വിളിച്ചുപറഞ്ഞു. ജീവിതത്തിൻെറ മരവിപ്പിക്കുന്ന കാററിൽ നിന്നു കുഴിമാടത്തിൻെറ ഛായയിൽ അഭയം തേടിക്കൊള്ളാൻ ഷെല്ലി ഉപദേശിച്ചു. ചിലർ ജീവിതത്തെ വെറുത്തു; മററു ചിലർ വെറുക്കുവാൻവേണ്ടി മാത്രം ജീവിച്ചു. ദുഃഖത്തിൻെറ അന്തിമവിശദീകരണം അന്വേഷിച്ചിറങ്ങിയ ചിലക്കു്, ആ അന്വേഷണത്തിനിടെ 'തങ്ങൾ ജീവിക്കുന്നു' എന്ന യാഥാർത്ഥ്യത്തെപ്പോലും നിഷേധിക്കേണ്ടിവന്നു.

വാസ്തവത്തിൽ തിന്മ എന്ന മാനുഷിക പ്രശ്നത്തിനു യുക്തിയുക്തവും ആശ്വാസദായകവുമായ മറുപടി നല്കിയിട്ടുള്ള ഒരേയൊരു വ്യക്തി മാത്രമേയുള്ളൂ, ചരിത്രത്തിൽ: സനാതനനായ നസറേയൻ. "ദുഃഖിതർ ഭാഗ്യവാന്മാർ' എന്ന അവിട്ടത്തെ തിരുമൊഴി ചരിത്രത്തിൻെറ ചക്രവാളങ്ങളിൽ അനന്തമായ പ്രതിദ്ധ്വനി ചേർത്തു. ദുഃഖത്തിൻെറ പിടിയിൽ നിന്നും വഴുതിമാറാൻ കിണഞ്ഞു പാഞ്ഞുകൊണ്ടിരിക്കുന്ന ലോകത്തിനു്, അങ്ങോട്ടു ചെന്നു അതിനെ സ്വാഗതം ചെയ്യാനുപദേശിക്കുന്ന ഒരു തത്വശാസ്ത്രം സംഭാവന ചെയ്തതു് ക്രൈസ്തവമതമാണു്.

റവ. തോമസ് പോളിൻെറ "കണ്ണീരിൻെറ കഥ"യുടെ രത്നച്ചുരുക്കമാണു് മുകളിൽ ചേർത്തതു്: ഏതദ്വിഷയത്തെപ്പററി ഇത്രയ്ക്കു സമഗ്രമായി പ്രതിപാദിക്കുന്ന മറെറാരു ഗ്രന്ഥവും ഇതേവരെ മലയാളത്തിലാവിർഭവിച്ചിട്ടില്ലെന്നു നിർവിശങ്കം പറയാം. ഹൃദയത്തിൽത്തട്ടിയ ഒരു വിഷയത്തെപ്പററി വളരെ നാളത്തെ ശാന്തമായ ചിന്തയുടേയും പഠനത്തിൻേറയും ഫലമാണീകൃതി. ഇതിൽ നിർല്ലോഭമായി ചേർത്തിരിക്കുന്ന ഉദ്ധരണികൾ, ഗ്രന്ഥകാരൻെറ വിപുലമായ ഗ്രന്ഥപരിചയത്തെയും വൈജ്ഞാനിക പശ്ചാത്തലത്തെയും വിളിച്ചറിയിക്കുന്നു. കണ്ണീരിൻെറ കഥ ഇത്രമേൽ ആകർഷകമായി പറഞ്ഞുതീർത്ത ഗ്രന്ഥകാരൻ തീർച്ചയായും അഭിനന്ദനം അർഹിക്കുന്നു.

## വിജയത്തിൻെറ കുറുക്കുവഴികൾ

(ഗ്രന്ഥകർത്താ: എം. കരിശ്ശുംമൂട്ടിൽ B. Sc.)

'നിസ്സാരകാര്യങ്ങൾ ചേർന്നാണു് പരിപൂർണ്ണതയുണ്ടാകുന്നതു്; പക്ഷേ പരിപൂർണ്ണത ഒരു നിസ്സാരകാര്യമല്ല. ഈയൊരു തത്വത്തിൻെറ അടിസ്ഥാനത്തിൽ രചിക്കപ്പെട്ടിട്ടുള്ള ഒരു കൃതിയാണു് 'വിജയത്തിൻെറ കുറുക്കുവഴികൾ'. ഇതിൽ ചേർത്തിട്ടുള്ള ലഘുനിബന്ധങ്ങൾക്കു തമ്മിൽ പൂർവാപരബന്ധമോ, തൽഫലമായി ആകെക്കൂടിയുള്ള ഒരു ഏകാഗ്രതയോ ഇല്ല. എങ്കിലും ഓരോ വിഷയവും അതിൽത്തന്നെ തീർത്തും രസകരവും പ്രയോജ

ബൈബിൽ വ്യാഖ്യാനപംക്തി

# ഭൗമിക പറുദീസാ (ഉല്പത്തി 2, 8-14)

## (ദൈവശാസ്ത്രപരവും

## വ്യാഖ്യാനപരവുമായ ഒരു ഗവേഷണം)

By Paul P. J.

ആധുനികർക്ക് സുപരിചിതമായ ഒന്നാണ് "ഭൗമിക പറുദീസ." പാലും തേനും ഒഴുകുന്ന സ്ഥലം; സമ്പത്തിന്റെയും സമൃദ്ധിയുടെയും പ്രദേശം; സന്തുഷ്ടിയുടേയും സൗഭാഗ്യത്തിന്റെയും ആസ്ഥാനം— കണ്ണുനീരിന്റെ താഴ്വരയായ ഈ ലോകത്തിൽ, ആശയുടെ നാമ്പുകൾ കിളിർത്തുവരുന്ന പൊൻതോപ്പായ മനുഷ്യമനസ്സിൽ, പറുദീസായെന്ന സംജ്ഞകൊണ്ടു വന്നു നിറയുന്ന മധുരസ്മരണകളാണിവ. പക്ഷേ ക്രൈസ്തവന്റെ ചിന്ത ഇതിനപ്പുറം കടക്കുന്നു. പറുദീസാ എന്നു കേൾക്കുമ്പോൾ, ആദത്തിന്റെയും ഹവ്വായുടേയും ചിത്രങ്ങളാണ് അവന്റെ മനോമുകുരത്തിൽ ആദ്യം സ്ഥലം പിടിക്കുന്നതു്. അടുത്തതായി, ഫലവാഹികളായ വൃക്ഷങ്ങളും, പച്ചപ്പുൽത്തകിടികളും, മററും മററും!

രസകരമായ ഈ ചിത്രീകരണം പലരുടേയും ജിജ്ഞാസയെ ഇക്കിളിയിട്ടുന്നതായിട്ടാണ് അനുഭവം. ചിലർ പറുദീസായുടെ വർണ്ണന വള്ളി പുള്ളിവ്യത്യാസം കൂടാതെ അക്ഷരാർത്ഥത്തിൽ എടുക്കുന്നു. ഏററം നിസ്സാരവും വ്യവഹേതുകവുമായ വർണ്ണനപോലും ഇക്കൂട്ടർക്ക് വേദസത്യമാണ്. എന്നാൽ വേറെ ചിലരുണ്ട്, ചമൽക്കാരദ്യോതകമായ ഒരു പിടി ചിത്രീകരണത്തിൽ കവിഞ്ഞ ഒരു പ്രാധാന്യവും അവർ അതിനു കല്പിക്കുന്നില്ല. പറുദീസാ വിവരണം അവരുടെ ദൃഷ്ടിയിൽ സങ്കല്പത്തി

---

നപ്രദവുമായി അനുഭവപ്പെട്ടുന്നു. ഓരോ വിഷയത്തിനും കൊടുത്തിരിക്കുന്ന ശീർഷകം കുറിക്കുകൊള്ളുന്നതും ഫലിതമയവും അക്കാരണത്താൽത്തന്നെ വായനക്കാരനെ ഹഠാദാകർഷിക്കുന്നതുമാണ്. ലാഘവതപം കലന്ന രീതിയിൽ കഴമ്പുള്ള കാര്യങ്ങൾ അവതരിപ്പിക്കുവാനുള്ള ഗ്രന്ഥകാരന്റെ കഴിവ് അഭിനന്ദനീയമാണ്. മിതഭാഷിയും ശാന്തപ്രകൃതിയുമായ ഈ ഗ്രന്ഥകാരനിൽ ഇത്രമേൽ നിരീക്ഷണശക്തിയും ഫലിതരസികതയും ഒളിഞ്ഞു കിടക്കുന്നുണ്ടെന്നു ഈ ഗ്രന്ഥം വായിക്കുന്നതുവരെ ഇതെഴുതുന്നയാൾ ഗ്രഹിച്ചിരുന്നില്ല. J. A.

എസ്. എച്ച്. ലീഗ്,
ആലുവാ നോർത്തു് P. O. എന്ന വിലാസത്തിൽ
ആവശ്യപ്പെട്ടുക.

ൻെറ സൃഷ്ടിയാണ്, ഭാവനയിൽ പൊതിഞ്ഞ ഐതിഹ്യമാണ്. ഇനിയും വേറൊരു കൂട്ടരുണ്ട്; ചില കാര്യങ്ങൾ ചരിത്രപരവും മററുള്ളവ സിംബലുകളുമാണെന്നാണ് അവരുടെ അഭിമതം.

ഈ ലേഖനത്തിൻെറ ഉദ്ദേശം, ആധുനിക ദൈവശാസ്ത്രപഠനത്തിൻെറയും ശാസ്ത്രീയ ഗവേഷണങ്ങളുടെയും വെളിച്ചത്തിൽ, ബൈബിളിലെ പറുദീസാ വിവരണത്തെ വ്യാഖ്യാനിക്കുകയാണ്. വിഷയം ഗഹനവും ദുഷ്കരവുമായതുകൊണ്ട് വായനക്കാരുടെ സവിശേഷശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

ബൈബിളിലെ പറുദീസാ വിവരണത്തെ മൂന്നായി വിഭജിക്കാം. (1) ഏദനിലെ തോട്ടമായ പറുദീസാ (2) പറുദീസായിലെ വൃക്ഷങ്ങൾ (3) പറുദീസായുടെ ഭൂമിശാസ്ത്രഘടന. ഇനി ഓരോ ഭാഗവും പരിശോധിക്കാം.

## I ഏദനിലെ തോട്ടമായ പറുദീസാ

"ദൈവമായ യാഹ്വേ ഏദനിൽ, പൂർവ്വദേശത്ത്, ഒരു തോട്ടം നിർമ്മിച്ച്, താൻ സൃഷ്ടിച്ച മനുഷ്യനെ അവിടെയാക്കി" (ഉല്പത്തി 2, 8.) ഈ വാക്യത്തിൽ മൂന്നു കാര്യങ്ങൾ അന്തർലീനമായിട്ടുണ്ട്. ഒന്ന്: യാഹ്വേ ഏദനെന്ന സ്ഥലത്ത് ഒരു തോട്ടം നിർമ്മിച്ചു. രണ്ട്: ഏദൻ പൂർവ്വദേശത്താണ്. മൂന്ന്: ദൈവം മനുഷ്യനെ ഏദനിലെ തോട്ടത്തിലാക്കി. ഇതിൻെറ ഓരോ അംശവും നമുക്ക് സയുക്തികം പരിശോധിക്കാം.

ദൈവമായ യാഹ്വേ. അനുവാചകർക്ക് ഈ പദം ഒരു പക്ഷെ പരിചിതമല്ലായിരിക്കാം. ഹീബ്രുപഴയനിയമത്തിൽ സത്യദൈവത്തിൻെറ—ഇസ്രായേൽക്കാരുടെ ദൈവത്തിൻെറ—സംജ്ഞ "യാഹ്വേ" എന്നാകുന്നു. പ്രോട്ടസ്റ്റൻറുകാർ ഇതിനെ "യഹോവാ" എന്നുച്ചരിക്കുന്നു. അതു ശരിയല്ല. ഹീബ്രുഭാഷയിലെ ഉച്ചാരണം "യാഹ്വേ" എന്നാകുന്നു. ദൈവം മോസസിനു് ഈ നാമം വെളിപ്പെടുത്തി. ഹീബ്രുബൈബിളിൽ 6823 പ്രാവശ്യം "യാഹ്വേ" എന്നുപയോഗിച്ചിട്ടുണ്ട്.

ഏദനിൽ. ഏദൻ ഒരു സ്ഥലനാമമാണ്. പറുദീസാ സ്ഥിതിചെയ്യുന്നതു് ഏദനിലാണ്. "ഏദൻ" എന്ന സംജ്ഞ സുമേറിയൻ ഭാഷയിൽ നിന്നാണ് രൂപം കൊണ്ടതു്. സുമേറിയനിൽ അതിൻെറ മൂലം "എദിൻ" എന്നത്രെ; ഹീബ്രുരൂപം "ഏദേൻ". അർത്ഥമോ, മൈതാനം, പരന്ന വിശാലമായ സ്ഥലം, എന്നെല്ലാം.

പൂർവ്വദേശത്ത്. മെസപ്പൊട്ടേമിയായാണ് പലസ്റ്റീനായുടെ പൂർവ്വദിക്ക്. പലസ്റ്റീനായിലാണല്ലോ വിശുദ്ധ ഗ്രന്ഥകാരൻെറ വാസം. അതുകൊണ്ട്, പൂർവദിക്ക് മെസപ്പൊട്ടേമിയാ ആയിരിക്കാനാണ് കൂടുതൽ ന്യായം. അസ്സീറോ- ബാബിലോണിയൻ നാഗരികത അതിൻെറ പരമകോടിയിൽ എത്തിയിരുന്നതും അവിടെയായിരുന്നല്ലോ. മാത്രമല്ല, പൗരാണികരു

ടെ നോട്ടത്തിൽ പൂർവ്വദിക്ക് രഹസ്യം നിറഞ്ഞതും മൗതീകവുമായ ഒരു നിഗൂഢസ്ഥലമായിരുന്നു. കാരണം മറ്റൊന്നുമല്ല. സൂര്യോദയ സ്ഥാനമായ പൂർവ്വദിക്ക് അവരെ ആശ്ചര്യപ്പെടുത്തി. കിഴക്കാണ് ദേവന്മാരുടെ വാസസ്ഥാനമെന്നും അവർ കരുതി. അങ്ങനെ പൂർവ്വദിക്ക് രഹസ്യങ്ങളുടെ ഒരിരുട്ടറയായി മാറി.

തോട്ടം നിർമ്മിച്ചു. യാഹ്‌വേ ഏദനിൽ നിർമ്മിച്ച തോട്ടം "പറുദീസാ" എന്ന പേരിലറിയപ്പെടുന്നു. പറുദീസാ എന്നപദം Paradeisos എന്ന ഗ്രീക്ക് മൂലത്തിൽ നിന്നുത്ഭവിച്ചതാണ്. Paradeisos രൂപം കൊണ്ടതു് Pardes എന്ന പുരാതന പേർഷ്യൻ മൂലപദത്തിൽ നിന്നുമാണ്. അപ്പോൾ പർദേസിൽ നിന്നാണ് പറുദീസായുടെ പുറപ്പാട്. തോട്ടം, പാർക്ക്, ഉദ്യാനം, എന്നെല്ലാം അതിനർത്ഥമുണ്ട്. പേർഷ്യായിലെ രാജകീയ വിഹാരത്തോപ്പുകൾ "പർദേസ്" എന്ന പേരിലാണ് അറിയപ്പെട്ടിരുന്നതു്. പില്ക്കാലങ്ങളിൽ പറുദീസാ സംതൃപ്തിയുടെയും സൗഭാഗ്യത്തിന്റെയും പര്യായമായിത്തീർന്നു. ഇന്നും അങ്ങനെ തന്നെ!

പറുദീസായെപ്പറ്റി പറയുമ്പോൾ ഇവിടെ ചില പ്രശ്നങ്ങൾ ഉദിക്കുന്നു. (1) ഭൗമിക പറുദീസാ എവിടെ സ്ഥിതിചെയ്യുന്നു? അഥവാ, "ഏദൻ" എവിടെയാണ്? ഏദനിലെ തോട്ടമാണല്ലോ പറുദീസാ. ഏദന്റെ സ്ഥലമറിഞ്ഞാൽ പറുദീസായുടെ സ്ഥാനം വിശദമാകും. (2) പറുദീസാ ഒരു യഥാർത്ഥ സ്ഥലമാണോ? പറുദീസാ ഈ ഭൂമുഖത്തെവിടെയോ സ്ഥിതിചെയ്തിരുന്നുവെന്നാണു ചിലരുടെ അഭിമതം. ഈ അഭിപ്രായം നാം അതേപടി എടുത്ത് വിഴുങ്ങണമെന്നുണ്ടോ? അഥവാ, പറുദീസാ ഒരു അവസ്ഥ, അതെ, സ്ഥിതി, ആകാൻ തരമില്ലേ? പ്രശ്നങ്ങളുടെ കരളിലേക്ക് നമുക്ക് ചുഴിഞ്ഞിറങ്ങിക്കളയാം.

1) എവിടെയായിരുന്നു ഭൗമികപറുദീസാ? നമുക്കു നിശ്ചയമില്ല. യൂഫ്രട്ടീസ്, ടൈഗ്രീസ് എന്നീ നദികളെപ്പറ്റി പറുദീസാവിവരണത്തിൽ പറയുന്നുണ്ട്. ഈ രണ്ടു നദികൾ ഉത്ഭവിക്കുന്നതു് അർമേനിയായിൽ നിന്നാണ്. അക്കാരണത്താൽ, പറുദീസാ, അർമേനിയായിലാണെന്നു ശഠിക്കാൻ പലരും മടിച്ചില്ല. പറുദീസായുടെ ഭൂമിശാസ്ത്രഘടന വെളിച്ചത്തുവരുമ്പോൾ ഈ വാദം നിരർത്ഥകമാണെന്നു തെളിയും. ഇത്തരുണത്തിൽ ആംഗ്ലേയ പണ്ഡിതനായ അലൻറിച്ചാർഡ്സന്റെ വാക്കുകൾ ശ്രദ്ധേയമാണ്. ഏദൻതോട്ടത്തിന്റെ ഭൂമിശാസ്ത്രപരമായ സ്ഥാനനിർണ്ണയത്തിനു് ഒരുമ്പെടുന്നതു്, നല്ല ശമറായക്കാരന്റെ അന്യാപദേശത്തിൽ, ജറുസലേമിൽ നിന്നും ജറീക്കോയിലേക്കുള്ള വഴിയിൽവച്ച് "തസ്കരസംഘം യാത്രക്കാരനെ ആക്രമിച്ച സ്ഥലം നിർണ്ണയിക്കുന്നതിനു ഒരുമ്പെടുന്നതുപോലെ സാഹസികമായ പ്രവൃത്തിയാണ്"" (Cf. Alan Richardson. Genesis I—XI: Introduction and Commentary, London, 1953, P. 62)

2) പറുദീസാ സ്ഥലമാണോ? ഈ പ്രശ്നത്തിന്റെ ഉത്ത

രം മുൻപ്രശ്നത്തിന്റെ അപ്രസക്ത ഭാഗങ്ങളിൽ വെളിച്ചം വീശുന്നതാണു്. അതുകൊണ്ടു് പറുദീസാ ഒരു സ്ഥലമാണോ എന്ന ചോദ്യത്തിനുള്ള ഉത്തരം ആദ്യത്തെ ചോദ്യത്തിന്റെ സമാധാനവുമായിരിക്കും. സാധാരണക്കാർ പറുദീസാ ഒരു സ്ഥലമാണെന്നു കരുതുന്നു. ആ അഭിപ്രായത്തിനു് മൂർച്ച കൂട്ടിക്കൊണ്ടു് പല പണ്ഡിതന്മാരും കുറേക്കാലത്തിനുമുമ്പു് മുൻപന്തിയിൽത്തന്നെ നിലയുറപ്പിച്ചിരുന്നു. എന്നാൽ ഇന്നു് ആ അഭിപ്രായഗതിക്കു് സാരമായ ഉലച്ചിൽ തട്ടിയിട്ടുണ്ടെന്നു് സുപ്രസിദ്ധ ബൈബിൾ പണ്ഡിതന്മാരുടെ പഠനങ്ങളെ മുൻനിർത്തിക്കൊണ്ടു് നമുക്കു് ഉറപ്പിച്ചു പറയാം. പറുദീസാ ഒരു യഥാർത്ഥ സ്ഥലമാണെന്നതു് സംഭവ്യമാണെങ്കിലും, അതിനുള്ള സാധ്യത ഒട്ടുമില്ല തന്നെ. സംഭവിക്കാൻ ഇടയുള്ളതെല്ലാം സംഭവിക്കണമെന്നില്ലല്ലോ.

അപ്പോൾ പറുദീസാ ഒരു പ്രത്യേക സ്ഥലമല്ല. എന്നാൽ എന്താണു അതു സൂചിപ്പിക്കുന്നതു് എന്ന ചോദ്യത്തിനു് ഇവിടെ പ്രസക്തിയുണ്ടു്. പറുദീസാ ഒരു വിശേഷാവസ്ഥമാത്രമാണു്; ആദവും ഹവ്വായും പിഴസ്സുന്നതിനുമുമ്പു് അനുഭവിച്ചിരുന്ന സൗഭാഗ്യ സംദായകമായ ഒരു പ്രത്യേകാവസ്ഥ. ഇവിടെ വിശുദ്ധ ഗ്രന്ഥകാരന്റെ ഉദ്ദേശം ചരിത്രമോ തത്വശാസ്ത്രമോ പഠിപ്പിക്കുക എന്നതല്ല; മതപരമായ ഒരു മഹാസത്യം വായനക്കാർക്കു് പകർന്നുകൊടുക്കുക എന്നതത്രേ. ആദിമാതാപിതാക്കന്മാർ ദൈവത്തിന്റെ സ്നേഹിതന്മാരായിരുന്നു; സ്നേഹം അവരെ സ്രഷ്ടാവുമായി ഒന്നിപ്പിച്ചു; മതപരമായ ഈ സത്യം വായനക്കാരുടെ ഉള്ളിന്റെ ഉള്ളിൽ തറച്ചുകയറുന്നതിനു് വിശുദ്ധ ഗ്രന്ഥകാരൻ സിംബലിസം നിറഞ്ഞു തുളുമ്പുന്ന ഒരുപമ രചിച്ചു. ഈ ഉപമയാണു് പറുദീസാ. അതുകൊണ്ടു് പറുദീസാ വർണ്ണനത്തിനു് ചരിത്രവുമായി അകന്ന ബന്ധമേയുള്ളു. പറുദീസാവിവരണം അതേപടി ചരിത്രമല്ലെങ്കിൽ, സ്ഥലനിർണ്ണയം പാഴ്‌വേലയാണെന്നു് ആക്കാണു് അറിഞ്ഞു കൂടാത്തതു്?

## II പറുദീസായിലെ വൃക്ഷങ്ങൾ

പറുദീസായിലെ വൃക്ഷങ്ങളെപ്പററി ബൈബിൾ പറയുന്നു: “ദൈവമായ യാഹ്‌വേ കാഴ്ചക്കു് ഭംഗിയുള്ളവയും ഭക്ഷിക്കാൻ പററിയ ഫലങ്ങളുള്ളവയുമായ എല്ലാ ഇനം വൃക്ഷങ്ങളേയും, തോട്ടത്തിൻ മദ്ധ്യേ ജീവന്റെ വൃക്ഷത്തേയും, നന്മതിന്മജ്ഞാനത്തിന്റെ വൃക്ഷത്തേയും, നിലത്തുനിന്നു മുളപ്പിച്ചു” (ഉല്പത്തി 2, 9) പറുദീസായുടെ വിസ്തരിച്ചുള്ള പ്രതിപാദനമാണു് ഈ വാക്യത്തിൽ നാം കാണുന്നതു്. പറുദീസായിൽ പലതരം വൃക്ഷങ്ങൾ വളർന്നിരുന്നു. കണ്ണിനു് കുളിർമ്മനൽകുന്നതും, ഭക്ഷിക്കുന്നതിനു പററിയതുമായ ഫലങ്ങളെക്കൊണ്ടു് അവയുടെ ശിഖരങ്ങൾ കനം തൂങ്ങിനിന്നിരുന്നു. എന്നാൽ രണ്ടു വൃക്ഷങ്ങളെ മാത്രം പ്രത്യേകം എടുത്തു പറഞ്ഞിരിക്കുന്നതായി കാണുന്നു; ജീവന്റെ വൃക്ഷവും നന്മതിന്മജ്ഞാനത്തിന്റെ വൃക്ഷവും. നമ്മുടെ പഠനത്തിൽ ഈ വൃക്ഷങ്ങൾ പ്രമുഖമായ പങ്കുവഹിക്കുന്നതിനാൽ അ

വയുടെ അർത്ഥം നിസ്സാരമല്ല. പറുദീസാവിവരണം ഉപമയായിട്ട് എടുക്കണമെന്ന് നാം കണ്ടു. അതുകൊണ്ട് ഈ വൃക്ഷങ്ങളേയും ഉപമയുടെ ഒരംശമായിട്ടുവേണം കരുതാൻ. ഈ സാഹചര്യങ്ങളെ കണക്കിലെടുത്തുകൊണ്ടായിരിക്കും വ്യാഖ്യാനവും. അടുത്തതായി വൃക്ഷങ്ങളുടെ അർത്ഥം—സിംബലിസം—എന്താണെന്ന് പരിശോധിക്കാം.

ജീവൻെറ വൃക്ഷം. ജീവദായകമായ വൃക്ഷം, ജീവൻെറ കാരണമായ വൃക്ഷം, എന്നെല്ലാം ഇതിനർത്ഥമുണ്ട്. പൗരാണികർ ഈ വൃക്ഷത്തെപ്പററി ഐതിഹ്യങ്ങളിൽ കേട്ടിരുന്നു. ഇതിൻെറ പഴം തിന്നുന്നവർ മരിക്കുകയില്ല എന്നായിരുന്നു അവരുടെ വിശ്വാസം. ഈ വൃക്ഷത്തിനു ചുററും ദേവന്മാർ കാവൽ നിന്നിരുന്നു. ദേവന്മാർ ജീവൽ വൃക്ഷത്തിൻെറ ചുററും കാവൽ നിന്നിരുന്നതു് എന്തിനാണു്? അതിൻെറ ഫലങ്ങൾ മനുഷ്യർ സ്പർശിക്കാതിരിക്കാൻ! ഇത്തരം ധാരാളം ചിത്രങ്ങൾ പുരാതനവസ്തുഗവേഷകർ കണ്ടെടുത്തിട്ടുണ്ട്. അന്ന് പരക്കെ അറിയപ്പെട്ടിരുന്ന ഈ സങ്കല്പ വൃക്ഷത്തെ ബൈബിൾ രചയിതാക്കൾ ഒരു മതസത്യം പഠിപ്പിക്കുന്നതിന് കരുവാക്കുന്നു. ഈ വൃക്ഷം സിംബലാണ്. ചരിത്രവുമായി അതിനു ബന്ധമില്ലെന്നു സാരം. എന്താണ് ജീവൽ വൃക്ഷത്തിൻെറ സിംബലിസം? ആദിമാതാപിതാക്കന്മാർ അമർത്ത്യരായിരുന്നു; അവർ മരണത്തിനു വിധേയരായിരുന്നില്ല എന്ന സത്യം.

നന്മതിന്മജ്ഞാനത്തിൻെറ വൃക്ഷം. "സത്യത്തിൻെറ വൃക്ഷ"ത്തെപ്പററി പൗരാണികർ കേട്ടിരുന്നെങ്കിലും, നന്മതിന്മജ്ഞാനത്തിൻെറ വൃക്ഷം അവക്ക് അജ്ഞാതമായിരുന്നു. ഈ വൃക്ഷത്തിന് സത്യത്തിൻെറ വൃക്ഷവുമായി എന്തോ സാധർമ്മ്യം ഉണ്ടായിരുന്നിരിക്കണം. പറുദീസായിലെ രണ്ടാമത്തെ വൃക്ഷവും സിംബലിസത്തോടുകൂടിയാണ്. എന്താണ് ഈ സിംബലിസം? ഇതിന് ഉത്തരം പറയുന്നതിനുമുൻപായി രണ്ടുകാര്യങ്ങൾ പഠിക്കാനുണ്ട്. (1) "നന്മതിന്മ" എന്ന പ്രയോഗം കൊണ്ട് വിശുദ്ധ ഗ്രന്ഥകാരന്മാർ വിവക്ഷിക്കുന്നതെന്താണ്? (2) പ്രമേയത്തിലെ ജ്ഞാനത്തിൻെറ സ്വഭാവമെന്താണ്?

(1) നന്മതിന്മ. ഈ പ്രയോഗം അസ്പഷ്ടമാകയാൽ വളരെയേറെ വ്യാഖ്യാനങ്ങൾക്ക് അതു് ഇടകൊടുത്തിട്ടുണ്ട്. എന്നാൽ പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ളതും, ബൈബിൾ പണ്ഡിതന്മാരാൽ പരക്കെ സ്വീകരിക്കപ്പെട്ടിട്ടുള്ളതും യുക്തമെന്നു തോന്നുന്നതുമായ ഒരു അഭിപ്രായഗതിയാണ് നാം ഇവിടെ സ്വീകരിച്ചിരിക്കുന്നതു്. പൗരാണികരുടെ അഭിപ്രായപ്രകാരം, ഒരു വസ്തുവിനെപ്പററിയുള്ള പരിപൂർണ്ണജ്ഞാനം, അതിൻെറ വിപരീതവസ്തുവിനെപ്പററിയുള്ള ജ്ഞാനമാണ്. നന്മയും തിന്മയും, രണ്ടും രണ്ടാണ്; പൂർവ്വാപരവിരുദ്ധങ്ങളാണ്. അതുകൊണ്ട് നന്മയും തിന്മയും വേർതിരിച്ചെടുക്കാൻ കഴിയുന്നിടത്താണ് പരിപൂർണ്ണജ്ഞാനം.

അപ്പോൾ നന്മതിന്മജ്ഞാനം പരിപൂർണ്ണമത്രെ. ഇനി അതിൻെറ സ്വഭാ

വ വിശേഷമെന്താണെന്നു് സ്വല്പം ചിന്തിക്കാം. ഈ സമ്പൂൎണ്ണജ്ഞാനം ഏതുതരമാണു്?

(2) നന്മതിന്മജ്ഞാനത്തിൻെറ സ്വഭാവം. ബൈബിൾ രചയിതാക്കൾ ദാർശനികരൊ ചിന്തകരൊ അല്ല; പ്രത്യുത അദ്ധ്യാപകന്മാരാണു്; മതസത്യം പഠിപ്പിക്കുന്ന അദ്ധ്യാപകർ. പിന്നെ ഏതുതരം ജ്ഞാനമായിരിക്കും അവർ ഉദ്ദേശിക്കുന്നതു്? പ്രായോഗികജ്ഞാനം, അനുഭവജ്ഞാനം: ഇതുതന്നെ. താത്വികമോ, ആശയപരമോ, ആയ ജ്ഞാനമല്ല. പ്രായോഗികമായ പരിജ്ഞാനം എന്നുവച്ചാൽ, പരമസ്വാതന്ത്ര്യം എന്നർത്ഥം. യാതൊന്നിനെയും ആശ്രയിക്കാതെ, തോന്നുന്നകാര്യങ്ങളെ തോന്നുന്ന വിധത്തിലും, തോന്നുന്നസമയത്തും ചെയ്തു തീക്കുവാനുള്ളപരമസ്വാതന്ത്ര്യം. ഇത്തരം ജ്ഞാനം മനുഷ്യനു പാടില്ല. കാരണം,മനുഷ്യൻസൃഷ്ടിയാണു്. അവൻ പരിപൂൎണ്ണനല്ല. പരിപൂൎണ്ണനല്ലാത്തിടത്തോളംകാലം, അവനു് പരിപൂൎണ്ണസ്വാതന്ത്ര്യം അനുഭവിക്കുക സാധ്യമല്ലല്ലൊ. അതിനു് പരിധിയും പരിമിതിയുമുണ്ടു്. സിംബലിസത്തിലൂടെ ഈ സത്യമാണു് ബൈബിൾ രചയിതാക്കൾ അവതരിപ്പിക്കുന്നതു്. "തോട്ടത്തിലെ എല്ലാവൃക്ഷങ്ങളുടേയും ഫലങ്ങൾ നിനക്കു് യഥേഷ്ടം ഭക്ഷിക്കാം. എന്നാൽ നന്മതിന്മജ്ഞാന വൃക്ഷത്തിൻെറ ഫലം നീ ഭക്ഷിക്കരുതു്. ഭക്ഷിക്കുന്നനാളിൽ നീ മരിക്കും" (ഉല്പത്തി 2, 17)." എന്നൊരു യാഥാർത്ഥ്യം! ഈ വാക്യത്തിൽ നിന്നും ദൈവം, പരമായ പ്രായോഗികജ്ഞാനം—പരമസ്വാതന്ത്ര്യം—മനുഷ്യനു പാടില്ലെന്നു നിശ്ചയിച്ചിട്ടുണ്ടെന്നകാര്യം, സ്ഫടികസ്ഫുടമാണു്. വ്യക്തിസ്വാതന്ത്ര്യം ദൈവതിരുമനസ്സിനു് വിധേയമായിരിക്കണം. ഇതിൻെറ ലംഘനമാണു് പാപം. ദൈവകല്പനയെ ലംഘിച്ചുകൊണ്ടാണല്ലൊ ആദിമാതാപിതാക്കന്മാർ പാപത്തിൽ നിപതിച്ചതു്.

ജ്ഞാനത്തിൻെറ വൃക്ഷത്തിനു് ലൈംഗികജ്ഞാനമായി അഭേദ്യമായബന്ധം ഉണ്ടെന്നാണു് ചിലരുടെ അഭിമതം. ഈ ധാരണ അടിയമരം പിശകാണു്. ബൈബിൾ ഗ്രന്ഥകാരന്മാർ ലൈംഗികവിജ്ഞാനമാണു് ഉദ്ദേശിച്ചിരുന്നതെന്ന പ്രസ്താവനയ്ക്കു് യാതൊരടിസ്ഥാനവുമില്ല. ഇത്തരുണത്തിൽ, സുപ്രസിദ്ധ ജർമ്മൻ ലൂഥറൻ പണ്ഡിതനായ ഇ. കേനിഗ് ലൈംഗിക വ്യാഖ്യാനത്തെപ്പററി പ്രസ്താവിക്കുന്നതു് ശ്രദ്ധേയമാണു്." ഈ വ്യാഖ്യാനം ദൈവദൂഷണമാണു്; ദൈവവചനത്തിൻെറ അചിന്ത്യമായ താറുമാറാക്കലുമാകുന്നു."

പറുദീസായിലെ വൃക്ഷങ്ങളുടെ സിംബലിസവും അർത്ഥവും വിശദമായെന്നു വിശ്വസിക്കുന്നു. അമർത്ത്യതയുടെ സിംബലാണു് ജീവൻെറവൃക്ഷം. പരമജ്ഞാനത്തിൻെറ, അഥവാ പരമസ്വാതന്ത്ര്യത്തിൻെറ, സിംബലാകുന്നു നന്മതിന്മജ്ഞാനത്തിൻെറ വൃക്ഷം.

## III പറുദീസായുടെ ഭൂമിശാസ്ത്രം.

ബൈബിൾ നോക്കുക;" ഒരു നദി ഏദനിൽ നിന്നും ഉത്ഭവിച്ചു്,

തോട്ടം നനച്ചിരുന്നു. അവിടെനിന്ന് അതു് നാലുശാഖകളായി പിരിഞ്ഞു ഒന്നാമത്തെ നദിയുടെ പേരു് പിഷോൻ. ഇതു് സ്വർണ്ണംവിളയുന്ന ഹാവിലാദേശത്തിനു ചുറ്റും ഒഴുകുന്നു. അന്നാട്ടിലെ സ്വർണ്ണം മേൽത്തരമാകുന്നു. അവിടെ ഗുൽഗുലും ഗോമേദകവുമുണ്ട്. രണ്ടാമത്തെ നദിയുടെ പേരു് ഗീഹോൻ. ഇതു് എത്യോപ്യയുടെ ചുറ്റും ഒഴുകുന്നു. മൂന്നാമത്തെ നദിയുടെ പേരു് ടൈഗ്രീസ്. ഇതു് അസ്സീറിയായുടെ കിഴക്കോട്ടൊഴുകുന്നു. നാലാമത്തെ നദി യൂഫ്രട്ടീസത്രെ" (ഉല്പത്തി 2 10-14). ഇതാ, പറുദീസയുടെ ഭൂമിശാസ്ത്രഘടന!

ഒരു നദി ഏദനിൽ നിന്നും ഉത്ഭവിക്കുന്നു. ഈ നദിയാണു് പറുദീസായെ നനയ്ക്കുന്നതു്. ഇതിനു് നാലുശാഖകളുണ്ടു്. ഒന്നാമത്തെശാഖ "പിഷോൻ" എന്ന നദിയാകുന്നു. ഈ നദി നമുക്കു തികച്ചും അജ്ഞാതമാണു്. അതു് ഭൂമിശാസ്ത്രചരിത്രത്തിൽ ഒരിടത്തും കാണുന്നില്ല. സ്വർണ്ണം വിളയുന്ന സ്ഥലമായ ഹാവിലായെ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഹാവീലാ അറേബ്യായിലാണു്. അതുകൊണ്ടു് പിഷോൻനദി അറേബ്യായിലായിരിക്കണം. പക്ഷെ ചരിത്രം പരിശോധിച്ചാൽ, ഇങ്ങനെയൊരു നദി അറേബ്യായിലുണ്ടായിരുന്നതായി കാണുകയില്ല. രണ്ടാമത്തെ നദിയായ ഗീഹോൻ എത്യോപ്യാ ചുററി ഒഴുകുന്നു. ഈ നദി മദ്ധ്യധരണ്യാഴിയുടെ റാണിയായ നൈൽനദിയത്രെ. മററു രണ്ടു നദികൾ—യൂഫ്രട്ടീസു്, ടൈഗ്രീസു്—നമുക്കു സുപരിചതമാകയാൽ യാതൊരു വിവരണത്തിന്റെയും ആവശ്യമില്ല.

## പറുദീസായുടെ ഭൂമിശാസ്ത്രഘടന എങ്ങനെ മനസ്സിലാക്കണം.?

പറുദീസായുടെ ഭൂമിശാസ്ത്രം ചരിത്രപരവും യഥാർത്ഥവുമാണോയെന്ന ചോദ്യത്തിനു് ഇവിടെ പ്രസക്തിയുണ്ടു്. മറുപടിപറയുന്നതിനുമുൻപു് ബൈബിളിലെ വിവരങ്ങൾ ശ്രദ്ധാപൂർവ്വം പരിശോധിച്ചേതീരൂ. ടൈഗ്രീസും യൂഫ്രട്ടീസും അർമ്മേനിയൻ പർവ്വതങ്ങളിൽ നിന്നും പുറപ്പെട്ടു്, ആധുനിക ഇറാക്കിലൂടെ ഒഴുകി, പേർഷ്യൻ ഉൾക്കടലിൽ ചെന്നുവീഴുന്നു ഈ തോതു വച്ചുനോക്കിയാൽ പറുദീസാ അർമ്മേനിയൻ പർവ്വതനിരകളിലെവിടെയോ ആയിരിക്കണം. എത്യോപ്യൻപർവ്വതങ്ങളിൽ നിന്നാണു് നൈൽ നദിയുടെ ഉത്ഭവം. അപ്പോൾ പറുദീസാ എത്യോപ്യായിലാണെന്നും വരും. ടൈഗ്രീസ്, യൂഫ്രട്ടീസ്, നൈൽ എന്ന മൂന്നുനദികളും പറുദീസാ നനയ്ക്കുന്ന നദിയുടെ ശാഖകളാണെന്നാണല്ലോ വാക്യത്തിൽ കാണുന്നതു്. അപ്പോൾ പറുദീസാ ഏഷ്യയിലാണെന്നു് ഒരു കൂട്ടരും, അതല്ല ആഫ്രിക്കായിലാണെന്നു് വേറൊരുകൂട്ടരും, ബൈബിൾ ഉദ്ധരിച്ചുകൊണ്ടു വാദിച്ചാൽ, അതൊരു വിഷമപ്രശ്നമായി ആരും കരുതിപ്പോകും. എങ്കിലും അതിനു മറുപടിയുണ്ടു്. പറുദീസായുടെ ഭൂമിശാസ്ത്രം ശാസ്ത്രീയവും ചരിത്രപരവുമല്ല എന്ന ഒററവാചകത്തിൽ മറുപടിപറയാം. അതു് ഭാവനാപരവും സാഹിത്യപരവുമത്രെ.

ഈശ്വരനിവേശിതനായ ഗ്രന്ഥകാരനു് ഇവിടെ അബദ്ധം പിണഞ്ഞെന്നു് ആരും തെററിധരിക്കരുതു്. അദ്ദേഹത്തിൻെറ ഉദ്ദേശംവായനക്കാരെ ഭൂമിശാസ്ത്രം പഠിപ്പിക്കുക എന്നതല്ല. പ്രത്യുത, മതപരമായ ഒരു മഹാസത്യം അവരോടു പറയുക എന്നതത്രെ. അതിനുപയുക്തമായ വസ്തുതകളെ നിറം കലർത്തി പ്രകാശിപ്പിക്കുന്നതിനാണു് ബൈബിൾ രചയിതാക്കളുടെ ശ്രമം. പറുദീസായുടെ ഭൂമിശാസ്ത്രവിവരണം ഭാവനാ സങ്കല്പിതമായ വെറും വർണ്ണനയാണു്. ഇങ്ങനെയൊരു വർണ്ണനയിൽ ശാസ്ത്രീയജ്ഞാനം തേടുന്നതു് ബുദ്ധിശൂന്യതയാണല്ലോ.

## IV പറുദീസാവിവരണത്തിൻെറ ദൈവജ്ഞാനീയമായ അർത്ഥം.

പറുദീസാവിവരണത്തിൻെറ സന്ദേശമെന്താണെന്നു് മുൻഖണ്ഡികകളിൽ നിന്നും നാം കണ്ടു. ആദവും ഹവ്വായും ദൈവത്തിൻെറ ഉററ മിത്രങ്ങളായിരുന്നു. സൗഭാഗ്യ സമ്പൂർണ്ണമായിരുന്നു അവരുടെ ജീവിതം. അവർ അമർത്ത്യരായിരുന്നു. എന്നാൽ ഒന്നിൻെറ കുറവു മാത്രം— പരമസ്വാതന്ത്ര്യം. സൃഷ്ടിയായ മനുഷ്യൻ സ്രഷ്ടാവായ ദൈവത്തിൻെറ ചിത്തമനുസരിച്ചു് ജീവിക്കണമല്ലോ. എന്നാൽ ആദവും ഹവ്വായും ഇപ്രകാരം ജീവിച്ചില്ല. അവർ ദൈവത്തിൻെറ കല്പന ലംഘിച്ചു: ഇതിൻെറ ഫലമായി പറുദീസായിൽനിന്നു ബഹിഷ്ക്കരിക്കപ്പെട്ടു. പറുദീസാ അടയ്ക്കപ്പെട്ടു.

പറുദീസാവിവരണത്തിൻെറ സമ്പൂർണ്ണാർത്ഥം പുതിയ നിയമത്തിൻെറ വെളിച്ചത്തിൽ സ്പഷ്ടമാകുന്നുണ്ടു്. ക്രിസ്തുനാഥൻ കുരിശിൽ ഉയർത്തപ്പെട്ടപ്പോൾ, നഷ്ടപ്പെട്ട പറുദീസാ വീണ്ടെടുക്കപ്പെട്ടു. പറുദീസാ തുറക്കപ്പെട്ടു. ദൈവവും മനുഷ്യനും തമ്മിലുണ്ടായിരുന്ന അകലം നീങ്ങി; സ്നേഹബന്ധം പുനഃസ്ഥാപിതമായി. ഈ ലോകത്തിൽവച്ചുതന്നെ പറുദീസാ ജീവിതം– ദൈവത്തെ സ്നേഹിച്ചുകൊണ്ടുള്ള ജീവിതം—സാധ്യമായി.

ആദിമാതാപിതാക്കന്മാർ അമർത്ത്യരായിരുന്നു. എന്നാൽ ഈ വരം നമുക്കു സംസിദ്ധമായിട്ടില്ല; പക്ഷെ പുനരുത്ഥാനവാഗ്ദാനം നമുക്കു് ലഭിച്ചിട്ടുണ്ടു്. യേശുനാഥൻ മരിച്ചവരിൽനിന്നും ഉത്ഥാനം ചെയ്തു. യേശുവിൻെറ പുനരുത്ഥാനം നമ്മുടെ പുനരുദ്ധാനത്തിൻെറ നാന്ദിയാണു്. ജ്ഞാനസ്നാനം വഴിയായി യേശുവിനോടൊന്നിച്ച നാം ഭാവിയിൽ ഉയത്തെഴുന്നേൽക്കും. ഇതു തന്നെ പറുദീസാവിവരണം ക്രൈസ്തവരായ നമ്മോടു പ്രഖ്യാപനം ചെയ്യുന്ന മഹാസന്ദേശം. ഈ സന്ദേശം തന്നെ പറുദീസാവിവരണത്തിൻെറ ദൈവജ്ഞാനീയമായ അർത്ഥം; അതെ പുതിയനിയമത്തിൻെറ വെളിച്ചത്തിൽ മാത്രം സ്പഷ്ടമാകുന്ന ദൈവജ്ഞാനീയമായ അർത്ഥം.

II

# സ്നേഹവും പാപമോചനവും

D. Andrew Athappilly

“അവൾ വളരെ സ്നേഹിച്ചതുകൊണ്ടു് അവളുടെ നിരവധിയായ പാപങ്ങൾ അവളോടു ക്ഷമിക്കപ്പെട്ടിരിക്കുന്നു” (വി. ലൂക്കാ. VII. 47)

പദാന്തപദവിവർത്തകരെ വട്ടം കറക്കുന്ന മറെറാരു കീറാമുട്ടി! സാമാന്യം അധികം പേരുടേയും ശ്രദ്ധ എത്തിക്കണ്ടിട്ടില്ലാത്ത ഒന്നാണിതു്. തന്മൂലം വിവിധ വിവർത്തനങ്ങൾ നിരത്തിവയ്ക്കേണ്ട പ്രയാസവും ഒഴിവാക്കാം.

പ്രശ്നത്തിൻെറ പ്രാധാന്യം എന്നല്ല പ്രശ്നം തന്നെ ഗ്രഹിക്കണമെങ്കിൽ സുവിശേഷകൻ നമുക്കു് കാണിച്ചു തരുന്ന രംഗസംവിധാനത്തിലേയ്ക്കു് നാം നന്നായി ഇറങ്ങണം. പോരാ, അവിടെ നടക്കുന്ന സംഭാഷണം സശ്രദ്ധം ശ്രവിക്കണം. വള്ളത്തോളിൻെറ മഗ്ദലനമറിയം അതിൻെറ അക്ലിഷ്ടസുന്ദരമായ ഭാഷയിൽ കേരളീയൻെറ കർണ്ണപുടങ്ങളിൽ ഇന്നും അലയടിച്ചുയരുന്നതിനാൽ ഇതു് അത്ര പ്രയാസമുള്ളതാകയില്ല.

**സംഭവം**

ഫരിസേയപ്രമാണിയായ ശെമ്ഓൻെറ ക്ഷണം സ്വീകരിച്ച മിശിഹാ. അയാളുടെ വീട്ടിൽ ഭക്ഷണത്തിനിരിക്കയാണവിടുന്നു്. തത്സമയം ഒരു കുപ്പി സുഗന്ധതൈലവുമായി ഒരു സ്ത്രീ അങ്ങോട്ടു കടന്നുചെല്ലുന്നു. ആ സ്ത്രീ ആരെന്നല്ലെ. എല്ലാവർക്കും സുപരിചിത. ആ നഗരത്തിലെ എണ്ണപ്പെട്ട ഒരു പാപിനി. അവൾ അനുതാപാശ്രുക്കളാൽ ദിവ്യനാഥൻെറ കാലുകൾ കഴുകി. തലമുടികൊണ്ടു് അതിനെ തുടച്ചു. ഭക്ത്യാദരവോടെ അവയെ ചുംബിക്കുകയും സുഗന്ധതൈലംകൊണ്ടു് ലേപനം ചെയ്യുകയും ചെയ്തു. കല്ലെറിയപ്പെടേണ്ട സ്ത്രീ, പരസ്യമായി ചെയ്യുന്ന പ്രവൃത്തി! അതും പ്രവാചകനെന്നു് സുസമ്മതനായ ഒരു മാന്യ വ്യക്തിയോടു്!! ഒരു പക്ഷേ ഇയാൾ പ്രവാചകനല്ലെന്നു് വരുമോ? ശെമ്ഓൻെറ ചിന്ത അത്രത്തോളമായപ്പോഴാണു് പൊടുന്നനെ അതിനേ കടിഞ്ഞാണിട്ടുകൊണ്ടു് ഒരു ചോദ്യം. മിശിഹാ പറഞ്ഞു. “ശെമ്ഓൻ, എനിക്കു് നിന്നോടു് ഒരു കാര്യം പറയുവാനുണ്ടു്. ശ്രവിക്കുവാൻ സന്നദ്ധനായ അയാളോടു് അവിടുന്നു് പറയുകയാണു്. അഞ്ഞൂറും അമ്പതും ദേനാരി വീതം കടപ്പെട്ട രണ്ടുപേർ ഒരു വ്യാപാരിക്കുണ്ടായിരുന്നു. ഇരുവർക്കും അയാൾ സംഖ്യ ഇളവു ചെയ്യുന്നു. ഇവരിൽ ആർ കൂടുതൽ സ്നേഹിക്കും? ശെമ്ഓനോടുള്ള ചോദ്യം. കുറച്ചു പരുങ്ങലോടെ എങ്കിലും അയാൾ പറയുന്നു. “ ആർക്കു് അധികം ഇളവുചെയ്തുകിട്ടിയോ അവൻ തന്നെ എന്നു് ഞാൻ കരുതുന്നു.” ആ വിധിയെ അവിടുന്നു് അംഗീകരിച്ചു. അതു് ശെമ്ഓനുള്ള വിധിവാചകമായിരുന്നു. പിന്നീടു് അവിടുന്നു് അയാൾ തന്നോടു ചെയ്യാൻ കടപ്പെട്ടിരുന്ന ആചാര്യമര്യാദകൾ— കാലുകഴുകുന്നതിനു് വെള്ളം നൽകുക: ചുംബിക്കുക, എണ്ണകൊണ്ടു് ശിരസ്സു് ലേപനം ചെയ്യുക—എങ്ങനെ വിട്ടുകളഞ്ഞു

എന്നും. അവയുടെ സ്ഥാനത്തു്, അപ്രതിഹതമായ പാവനസ്നേഹപ്രകടനമായി ആ സ്ത്രീ ചെയ്തതും എടുത്തുപറയുകയാണു്. ഇത്രയുംകൊണ്ടു് അവസാനിച്ചു വിവരണം. അടുത്തതും സുപ്രധാനാംഗമാണു്. വലിയൊരു സത്യം പഠിപ്പിക്കുവാൻ പോകയാണവിടുന്നു്. അതിനു വേണ്ടിയായിരുന്ന അവിടുന്നു് ആ ഉപമ പടുത്തുയർത്തിയതു്. ഉപമയുടെ നിഗമനം ശെമ്ഓനെ തന്നെ പിടിച്ചുനിർത്തി പറയിച്ചിരിക്കയുമാണു്. ആ അനുമാനത്തിന്റെ അടിസ്ഥാനത്തിൽ അവിടുന്നു് വെളിവാക്കുവാൻ പോകയാണു് അങ്ങെ അനന്തകാരുണ്യത്തെ. അവിടുന്നു് അരുൾചെയ്യുന്നു. അവളുടെ പാപങ്ങൾ അവ എത്ര തന്നെ ആയിരുന്നാലും അവളോടു് ക്ഷമിക്കപ്പെട്ടിരിക്കുന്നു. കാരണം അവൾ അത്യധികം സ്നേഹിച്ചു.

## തകിടം മറിച്ചിൽ

അവിടുന്നു് പടുത്തുയർത്തിയ ഉപമാസൌധം അനുമാനത്തോടടുത്തപ്പോൾ അടിയോടെ നിലംപതിക്കുന്ന ശോചനീയ കാഴ്ചയല്ലെ നാം ഇവിടെ കാണുന്നതു്. ആദ്യം ഉപമയിൽ പറഞ്ഞുവച്ചു "ആർക്കു് അധികം ഇളവു ചെയ്തുകിട്ടിയോ അവൻ അധികം സ്നേഹിക്കുന്നു" എന്നു്. ഇവിടെ സ്നേഹിക്കുന്നതിനുള്ള കാരണം ഇളവുചെയ്തുകിട്ടിയതായിരുന്നു. എന്നാൽ അനുമാനത്തിലോ? ഇളവുചെയ്യുന്നതിനുള്ള—പാപങ്ങൾ ക്ഷമിക്കുന്നതിനുള്ള—കാരണം അധികം സ്നേഹിച്ചതു്. ഉപമാസൌധങ്ങൾ കെട്ടിപ്പടുക്കുന്നതിൽ ഇത്രയും വിദഗ്ദ്ധനായ ശില്പിക്കു് പിണഞ്ഞ അബദ്ധം! അടുത്ത വാചകം വീണ്ടും വൈപരീത്യത്തെ വർദ്ധിപ്പിക്കുകയാണു്. "ആരോടു കുറച്ചു ക്ഷമിച്ചുവോ അവൻ കുറച്ചുമാത്രം സ്നേഹിക്കുന്നു". ഇതു് ഉപമയിലേക്കുള്ള ഒരു തിരിച്ചുവരവു പോലെ തോന്നും. ഇവിടെയാണു് പ്രശ്നത്തിന്റെ ആകത്തുക തളംകെട്ടികിടക്കുന്നതു്.

## വിവർത്തനങ്ങൾ

സാമാന്യം എല്ലാ വിവർത്തകരും പദാനുപദം വിവർത്തനംചെയ്തിരിക്കയാണു്. ഒരു പക്ഷെ ഈ കുഴപ്പക്കാരൻ ശ്രദ്ധയിൽപ്പെട്ടില്ലായിരിക്കാം. എന്നാൽ ശ്രീ എൻ. എം. തോമ്മസ് ആശ്രയിച്ചിരിക്കുന്ന അമേരിക്കൻ പരിഷ്കരിച്ച പതിപ്പ് കുഴപ്പക്കാരനെ കണ്ടെത്തിയിട്ടുണ്ടു്. അരക്കൈപ്പിടിച്ചു നോക്കുന്നതിനു് അവർ മുൻപോട്ടു വന്നുകാണുന്നു. പക്ഷെ അവർ ചെയ്തതോ? ഉപമയിലേക്കു് ഒരു തിരിച്ചുവരവു പോലെ നാം കണ്ട അവസാനത്തെ വാചകം അങ്ങുമാററിക്കളഞ്ഞു. അവ അത്ര അടുത്തു് നില്ക്കുന്നതു് പന്തിയല്ലെന്നു കണ്ടിട്ടായിരിക്കാം. അപ്പോൾ വായന ഇങ്ങനെയായി മാറി. '...കാരണം അവൾ അത്യധികം സ്നേഹിച്ചു. ആർ കുറച്ചു സ്നേഹിക്കുന്നുവോ അവനോടു കുറച്ചുമാത്രം ക്ഷമിക്കപ്പെടുന്നു." ഉദ്ദേശ ശുദ്ധി വകവച്ചുകൊടുക്കാമെന്നിരുന്നാലും ഫലം ആശാസ്യമല്ലെന്നു വേണം

പറയാൻ. പ്രശ്നപരിഹാരത്തിന് പുറപ്പെട്ടിട്ട് പ്രശ്നത്തെ അരക്കിട്ടുറപ്പിക്കുക! അവസാനത്തെ വാചകം— ആരോട്ടു കുറച്ചു ക്ഷമിച്ചുവോ അവൻ കുറച്ചു സ്നേഹിക്കുന്നു— പ്രശ്നസാഗരത്തിൽ മുങ്ങിത്തുടിക്കുന്നവക്ക് ഒരു ചെറുതടിക്കഷണത്തിന്റെ ഫലമെങ്കിലും ചെയ്യുമായിരുന്നു. എന്നാൽ അതുപോലും തള്ളിമാററപ്പെട്ടാലോ?

ഇപ്രകാരം ഒരു തിരുത്തിന് പ്രേരകമായതെന്തെന്ന് മനസ്സിലാക്കുക പ്രയാസം. പരിമിതമായ കഴിവ് അനുവദിക്കുന്നിടത്തോളം വി. ഗ്രന്ഥത്തിന്റെ വിവിധ വിവർത്തനങ്ങളും ഗ്രീക്ക്, സുറിയാനി, ലത്തീൻ എന്നീ മൂലങ്ങളും പരിശോധിച്ചു. പക്ഷെ അവിടെ എങ്ങും ഇപ്രകാരം ഒരു മാററത്തിനുള്ള സൂചനപോലും കാണുവാൻ കഴിഞ്ഞില്ല. എങ്ങിനെയായാലും ഈ മാററം യഥാർത്ഥ അർത്ഥദ്യോതകമല്ലെന്ന് വ്യക്തം.

നോക്സിന്റെ വിവർത്തനത്തിലും വ്യത്യാസം ഒന്നും വരുത്തിയിട്ടില്ലെങ്കിലും ഒരു കുറിപ്പ് (foot note) വഴി പ്രശ്നം ഭംഗിയായി പരിഹരിച്ചിട്ടുണ്ട്.

## മൂലഗ്രന്ഥം

മൂലഭാഷയായ ഗ്രീക്കിലെ "ഹോററി" എന്ന കൊച്ചു "കാന്താരി"യാണ് കുഴപ്പക്കാരൻ. വി. ഗ്രന്ഥത്തിലെ വളരെ ഏറെ ഏടാകൂടങ്ങൾക്കും ഉത്തരവ [illegible] വ്യാപകമായ തന്റെ അവകാശങ്ങൾ അംഗീകരിച്ചുകിട്ടാത്തതാണ് പ്രയാസങ്ങൾക്ക് ഹേതു.

## പ്രയോഗം

പ്രധാനമായി രണ്ടു തരത്തിലാണ് ഹോററിയുടെ പ്രയോഗം. ഒന്ന്, പറഞ്ഞുവച്ച ഒന്നിനെ വിവരിക്കുന്നതിന്. Declarative use—that is to say എന്ന അർത്ഥത്തിൽ. ചുരുക്കത്തിൽ നമ്മുടെ മലയാളത്തിലെ "അതായതി"ന്റെ പ്രയോഗം. മറെറാന്ന് കാരണം കാണിക്കുന്നതിന്. Causal use 'because' "for" എന്ന അർത്ഥത്തിൽ. മലയാളത്തിലെ "എന്തുകൊണ്ടെന്നാൽ" തുടങ്ങിയവയ്ക്കു പകരം. കാരണദ്യോതകമായി വരുമ്പോൾ കുഴപ്പം കൂട്ടും. കാരണം, ഇവിടെയും പ്രയോഗം രണ്ടു വിധത്തിലാകാം. ഒന്നുകിൽ ഉത്തരവാക്യം (consequence) പൂർവ്വവാക്യ (Antecedent) ത്തിനു കാരണഭൂതനാണ് എന്ന് കാണിക്കുന്നതിന്. അല്ലെങ്കിൽ ഉത്തരവാക്യം മൂലമാണ് പൂർവ്വവാക്യത്തിലെ വസ്തുത ഗ്രാഹ്യമാകുന്നത് എന്ന് കാണിക്കുന്നതിന്. ഹോററിയുടെ ഈ പ്രയോഗവിശേഷങ്ങൾ എല്ലാം മനസ്സിലാക്കി അംഗീകരിക്കേണ്ട വിധം അംഗീകരിച്ചാൽ വഴക്കും വയ്യാവേലിയും ഒഴിവാക്കാം. ഇങ്ങനെ ബോധത്തോടും ബോധ്യത്തോടും കൂടെ നമുക്ക് പ്രശ്നത്തെ സമീപിക്കാം, ഹോററിയുടെ പ്രയോഗവും തത്സമയം കൂടുതൽ വ്യക്തമാകും.

ആദ്യം പ്രശ്നത്തിലെ പൂർവ്വവാക്യത്തേയും ഉത്തരവാക്യത്തെയും വേർതിരിക്കാം. "അവൾ വളരെ സ്നേഹിച്ചതുകൊണ്ടു്"- ഉത്തരവാക്യം "അവളുടെ നിരവധിയായ പാപങ്ങൾ അവളോടു ക്ഷമിക്കപ്പെട്ടിരിക്കുന്നു" —പൂർവ്വവാക്യം.

മുൻപു നാം കണ്ടതുപോലെ, അവൾ അത്യധികം സ്നേഹിച്ചു, തന്മൂലം അവളുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടു എന്നാകാം. ഇവിടെ പാപങ്ങൾ ക്ഷമിക്കുക എന്നതിനു് കാരണമായി നില്ക്കുകയാണു് അവൾ അത്യധികം സ്നേഹിച്ചു എന്നതു്. ഇങ്ങനെ മനസ്സിലാക്കുമ്പോഴാണു് ഉപമയുമായി ഒത്തുപോകാതെ വരുന്നതു്. മറിച്ചു് അവൾ അത്യധികം സ്നേഹിച്ചു എന്നതു്, അവളുടെ അധികമായ പാപങ്ങൾ ക്ഷമിക്കപ്പെട്ടു എന്നു് മനസ്സിലാക്കുന്നതിനു് ഒരു കാരണം—അടയാളം—ആയി വരാം. അവൾക്കു് അധികം ഇളവുചെയ്തുകൊടുത്തു എന്നതിനു് ലക്ഷ്യം ഇതാ അവൾ അധികം സ്നേഹിക്കുന്നു. പാപങ്ങൾ ക്ഷമിക്കപ്പെടുക എന്നതു് ദൃഷ്ടിഗോചരമല്ല. തന്മൂലം മററുള്ളവരുടെ അറിവിൽ പെടുക പ്രയാസം. പക്ഷെ ദൃഷ്ടിഗോചരമായ അവളുടെ സ്നേഹപ്രകടനങ്ങൾ കാരണം അവളുടെ പാപങ്ങൾ പൊറുക്കപ്പെട്ടു എന്നു് അവൾ വ്യക്തമാക്കി. ചുരുക്കത്തിൽ പൂർവ്വവാക്യത്തിലെ വസ്തുത- പാപപ്പൊറുതി—മനസ്സിലാക്കുന്നതിനു കഴിഞ്ഞതു് ഉത്തരവാക്യം മൂലമാണു്. ഈ വിധം ഗ്രഹിക്കുകയാണെങ്കിൽ ഉപമയുമായി ഒത്തു പോകുകയും അർത്ഥത്തിനു് അണുപോലും കോട്ടം തട്ടാതിരിക്കുകയും ചെയ്യും. തന്നെയല്ല, ആവശ്യമില്ലാത്ത പല പ്രശ്നങ്ങളും ഒഴിവാക്കുകയും ചെയ്യും. പക്ഷെ പദാനുപദവിവർത്തനം ഇവിടെ വിജയം വരിക്കുക പ്രയാസം. ഇവിടെയെല്ലാമാണു് ആശയാനുസരണവിവർത്തനം ആവശ്യമായി വരിക.

അവസാനമായി ഒരു വാക്കുകൂടെ. ഈ പറഞ്ഞതിൽ നിന്നും സ്നേഹം പാപപ്പൊറുതിക്കു് കാരണമല്ല എന്നു് അനുമാനിക്കുന്നെങ്കിൽ അതു് അബദ്ധമായിരിക്കും. നിശ്ചയമായും സ്നേഹാധിക്യം പാപപൊറുതിക്കു് കാരണമാണു്. എന്നാൽ ആ "കാരണം" തന്നെയും ഒരുവനെ ഒരുക്കുക എന്നുള്ളതല്ലാതെ അവകാശപ്പെടുക എന്ന അർത്ഥത്തിലല്ല. പക്ഷെ മിശിഹാ തല്ക്കാലം ഇതൊന്നും പഠിപ്പിക്കുവാൻ ഉദ്ദേശിച്ചില്ല. പാപപ്പൊറുതിയുടെ ഫലമായി ആത്മാക്കൾ പ്രദർശിപ്പിക്കുന്ന സ്നേഹാധിക്യത്തെ പ്രത്യക്ഷപ്പെടുത്താൻ അവിടുന്നു് തിരുമനസ്സായി. അത്രമാത്രം.

## വിശുദ്ധ ദിനാചരണം

"ഞായറാഴ്ചകളും കടപ്പെട്ടത്തപ്പെട്ട വിശുദ്ധ ദിനങ്ങളും ദൈവികകാര്യങ്ങൾക്കായി അപ്പിക്കപ്പെടേണ്ടതാണു്. ദൈവാരാധനയ്ക്കും ആത്മാവിന്റെ സചക്തീയ പോഷണം നേടുന്നതിനുമായി അവ മാററിവയ്ക്കണം. അടിമവേലകളിൽ നിന്നും ഒഴിഞ്ഞിരിക്കുവാനും, കുർബാനയിൽ സംബന്ധിക്കുവാനും മാത്രമേ സഭ നമ്മോടു കല്പിക്കുന്നുള്ളു. സന്ധ്യാരാധനയെ (Evening Worship) സംബന്ധിക്കുന്ന നിയമങ്ങളൊന്നും അവൾ നമ്മുടെ മേൽ ചുമത്തുന്നില്ല. എങ്കിലും കടപ്പെട്ടിരിക്കുന്നതിൽ കൂടുതലായി നാം ചെയ്യണമെന്നാണു് അവൾ ഹൃദയപൂർവ്വം ആഗ്രഹിക്കുന്നതു്. ദൈവത്തിൽ നിന്നു പൊറുതിനേടുവാനും അവിടുത്തെ അനുഗ്രഹങ്ങൾ സമ്പാദിക്കുവാനും നമുക്കെല്ലാവക്കുമുള്ള ആവശ്യം നിമിത്തമായി, കടപ്പെട്ടത്തിയിരിക്കുന്നതിൽ കൂടുതൽ തീർച്ചയായും നാം ചെയ്യേണ്ടതാണു്.

ഇക്കാലത്തെ ക്രിസ്ത്യാനികൾ ഞായറാഴ്ച ദിവസം വൈകുന്നേരം ചിലവഴിക്കുന്ന രീതികണ്ടിട്ടു നമുക്കു അഗാധമായ ദുഃഖം തോന്നുന്നു. സിലിമാശാലകളിലും കളിസ്ഥലങ്ങളിലും ആളുകൾ നിറഞ്ഞു കവിയുന്നു, എന്നാൽ ദൈവാലയങ്ങളാവട്ടെ, അർഹമായ രീതിയിൽ ജനനിബിഡമായി കാണപ്പെടുന്നില്ല. കാര്യങ്ങൾ മറെറാരു രീതിയിൽ വേണ്ടിയിരുന്നു പ്രത്യക്ഷപ്പെടുവാൻ ക്രൈസ്തവതത്വങ്ങൾ, പഠിക്കാനും, വി കർബാനയുടെ ആശീർവ്വാദം സ്വീകരിക്കുവാനും ഈ ജീവിതത്തിലെ പ്രതിബന്ധങ്ങൾക്കെതിരായി സചക്തീയ സഹായം നേടുന്നതിനുമായി എല്ലാവരും ദൈവാലയത്തിൽ പോകണം. സന്ധ്യാ പ്രാർത്ഥന സമയത്തു ചൊല്ലുന്ന ഗാനങ്ങൾ മനഃപാഠമാക്കുവാൻ എല്ലാവരും പരിശ്രമിക്കട്ടെ. അവയുടെ അർത്ഥം അവരുടെ ഹൃദയങ്ങളിൽ ആഴമായി ആലേഖനം ചെയ്യപ്പെടുകയും ചെയ്യട്ടെ".

Pius XII— Mediator Dei—

## അ. മ. ലഘുലേഖനപരമ്പര

"അദ്ധ്യയന മണ്ഡലം ലഘുലേഖന പരമ്പര'' എന്ന പേരിൽ ഒരു പ്രസിദ്ധീകരണ പരമ്പര ഞങ്ങൾ സമാരംഭിച്ചിട്ടുണ്ടല്ലോ, ഇതിനകം പതിമൂന്നെണ്ണം പ്രസിദ്ധം ചെയ്തുകഴിഞ്ഞു.

പത്രങ്ങളിലൂടെ ചില പ്രവരണങ്ങൾ നടത്തിയെങ്കിലും ഞങ്ങൾ പ്രതീക്ഷിച്ചിരുന്നതുപോലെ അ. മ. ലഘുലേഖന പരമ്പര പൊതുജനങ്ങളുടെ ശ്രദ്ധയെ ആകർഷിച്ചില്ല. അവ ചുരുക്കം ചിലരുടെ ശ്രദ്ധയിൽ വന്നു. ഏതാനും ചില ഇടവകകളിൽ ഇടവകാടിസ്ഥാനത്തിൽ അവ വിതരണം ചെയ്യപ്പെട്ടു. ഇങ്ങനെ ഏതാണ്ട് ഇരുപതിനായിരം കോപ്പികൾ ഇതിനകം വിതരണം ചെയ്യുവാൻ സാധിച്ചു.

ലഘുലേഖകളുടെ രൂപത്തിലുള്ള മതസാഹിത്യ പ്രസിദ്ധീകരണങ്ങളുടെ ആവശ്യകതയെ പരാമർശിച്ചുകൊണ്ട് ഈ അടുത്തകാലത്ത് ബ. ഒരു വൈദികൻ 'ദീപികയിൽ' ഒരു ലേഖനം എഴുതിയിരുന്നതായി ഓർക്കുന്നു. തന്റെ അഭിപ്രായം സ്ഥാപിക്കുന്നതിനു വേണ്ടി അന്യരാജ്യങ്ങളിൽ നടക്കുന്ന ചില പരിശ്രമങ്ങളെ അദ്ദേഹം ചൂണ്ടിക്കാണിക്കുകയും ചെയ്തു. പക്ഷേ, ഈ പദ്ധതി സംബന്ധിച്ചു നമ്മുടെ കേരളത്തിൽ നടക്കുന്ന ദേശീയ പരിശ്രമങ്ങൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽ വന്നിട്ടില്ലെന്നോ അഥവാ ശ്രദ്ധയെ ആകർഷിച്ചിട്ടില്ലെന്നോ തോന്നിപ്പോകുന്നു.

ലഘുലേഖകളുടെ ആവശ്യകതയേയും ഫലദായകത്വത്തേയും പററി അഭിപ്രായവ്യത്യാസമില്ല. എല്ലാവരുടേയും അഭിരുചിക്കു ചേരുന്നവിധം അവ ക്രമപ്പെടുത്തി പ്രസിദ്ധം ചെയ്യുന്നതിലാണു പ്രയാസം സ്ഥിതിചെയ്യുന്നതു്.

ഞങ്ങൾക്കു ലഭിച്ചുകൊണ്ടിരിക്കുന്ന പ്രോത്സാഹനത്തേയും അനുഭവങ്ങളേയും കണക്കിലെടുത്തുകൊണ്ട്, അദ്ധ്യയനമണ്ഡലത്തിന്റെ ആഭിമുഖ്യത്തിലും വൈദികമേലദ്ധ്യക്ഷന്മാരുടെ അനുഗ്രഹാശിസ്സുകളോടുകൂടിയും സമാരംഭിച്ചിരിക്കുന്ന ലഘുലേഖന പരമ്പര വിപുലമായ രീതിയിൽ തുടർന്നുകൊണ്ടു പോകുവാൻ ഞങ്ങൾ തീരുമാനിച്ചിരിക്കുകയാണ്. കേരളത്തിലെ വിവിധ രൂപതകളിലായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പതിനഞ്ചിൽപരം ദൈവശാസ്ത്രപണ്ഡിതന്മാരായ വൈദികന്മാർ ലഘുലേഖനങ്ങൾ തയാറാക്കുന്നതിൽ ഇപ്പോൾ ശ്രമിച്ചുകൊണ്ടുമിരിക്കുന്നു.

പ്രസിദ്ധം ചെയ്തിട്ടുള്ള ലേഖനങ്ങൾ പഠിക്കുവാൻ സഹായിക്കുന്നതനു കതിരൊളിയിലൂടെ ഒരു പ്രശ്നാവലി ഞങ്ങൾ സമാരംഭിക്കുകയാണ്. പ്രശ്നാവലിയിലേയ്ക്കു പ്രവേശിക്കുന്നതിനു മുമ്പായി താഴെക്കൊടുത്തിരിക്കുന്ന കാര്യങ്ങൾ കൂടി ഗ്രഹിക്കുന്നതു നന്നായിരിക്കും.

1. ചോദ്യങ്ങൾ ഒത്തു നോക്കി ഓരോ ലേഖനത്തിന്റെയും ഉള്ളടക്കം പഠിക്കുവാൻ ശ്രമിക്കണം.

2. ചോദ്യങ്ങൾക്കുള്ള ഉത്തരം ഏതാണ്ടു സംക്ഷിപ്തരൂപത്തിലാണു ലേഖനങ്ങളിൽ കൊടുത്തിരിക്കുന്നതു്.

3. ചില ചോദ്യങ്ങൾക്കുള്ള ഉത്തരം വെറും സൂചന രൂപത്തിലായിരിക്കും ലേഖനങ്ങളിൽ കാണുന്നതു്. അവസ്സും മതിയായ ഉത്തരം കണ്ടുപിടിക്കുവാൻ പരിശ്രമിക്കണം.

## അ. മ. ലഘുലേഖന പരമ്പര

## പ്രശ്നാവലി

### No I. മതബോധനം

1 "ഇന്നത്തെ ഉദാസീനതയ്ക്കും മാന്ദ്യത്തിനും അവയിൽനിന്നുണ്ടാകുന്ന ഗൗരവപൂർവ്വമായ മററു തിന്മകൾക്കുമുള്ള പ്രധാനകാരണം ദൈവികകാര്യങ്ങളെപ്പററി നിലവിലിരിക്കുന്ന അജ്ഞതയാണു്", വി. പത്താം പീയൂസിന്റെ മേൽവിവരിച്ച പ്രസ്താവന നമ്മുടെ തലമുറയെ സംബന്ധിച്ചും എത്ര കണ്ടു ശരിയാണെന്നു പരിശോധിക്കുക.

2. "മതബോധനം ഏററം വലിയ കത്തോലിക്കാ പ്രവർത്തനവും പ്രേഷിതപ്രവർത്തനവും സാമൂഹ്യപ്രവർത്തനവുമാകുന്നു". സമർത്ഥിക്കുക.

3 ക്രിസ്തുവിന്റെ ആഹ്വാനം, കാനോൻ നിയമം, തിരുസ്സംഘങ്ങളുടെ ശുപാർശകൾ, മാർപ്പാപ്പാമാരുടെ ഉദ്ബോധനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മതബോധനം നമ്മുടെ ഏററം പ്രധാനപ്പെട്ട കടമയാണെന്നു് തെളിയിക്കുക.

4. താഴെകൊടുത്തിരിക്കുന്ന പ്രസ്താവനയെ പരിശോധിക്കുക:–

"മതേതര വിഷയങ്ങളേപ്പററിയുള്ള ശാസ്ത്രീയ വിജ്ഞാനവും ദൈവശാസ്ത്രജ്ഞാനവും സമതുലിതമായി പുരോഗമിക്കണം.

5. മതതത്വങ്ങൾ പഠിക്കുകയോ പഠിപ്പിക്കുകയോ ചെയ്യുന്നവക്കു തിരുസ്സഭ ദ. വി. അനുവദിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എത്ര?

### No. 2 യുക്തിയും വിശ്വാസവും

1. ദൈവത്തെപ്പററിയുള്ള അറിവു ലഭിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ഏവ?

2. റോമാ 1:20; 11. 33 എന്നീ വാക്യങ്ങളെ പരസ്പരം താരതമ്യപ്പെടുത്തി പ്രസ്തുതവാക്യങ്ങളിൽ നിന്നു സ്വീകരിക്കാവുന്ന തത്വങ്ങളെ വിശദീകരിക്കുക.

3. വെളിപാടു് എന്നാലെന്തു്? അതിന്റെ ആവശ്യകത എന്തു്? വെളിപാടുകൾ സ്വീകരിക്കുന്നതിനുള്ള അടിസ്ഥാനപരമായ ന്യായമെന്തു്?

5. ആവിഷ്കൃതസത്യങ്ങൾ മുഴുവനും യുക്തിയുടെ അടിസ്ഥാനത്തിൽ സമർത്ഥിക്കുവാൻ സാധിക്കുമോ? എന്തുകൊണ്ടു്?

6. യുക്തിവാദം (Rationalism) എന്നാലെന്തു്? അതു നമുക്കു സ്വീകാര്യമോ?

7 താഴെകൊടുത്തിരിക്കുന്നവ സമർത്ഥിക്കുക.

a) വിശ്വാസം യുക്തിയേക്കാൾ ശ്രേഷ്ഠമാകുന്നു.

b) യുക്തിയും വിശ്വാസവും വിരുദ്ധമല്ല.

c) യുക്തി വിശ്വാസത്തെ സഹായിക്കുന്നു.

d) വിശ്വാസം യുക്തിയെ സഹായിക്കുന്നു

e) മതബോധനത്തിൽ യുക്തിയും വിശ്വാസവും പരസ്പരം സഹായിച്ചു സമാന്തരമായി പുരോഗമിക്കേണ്ടതാണ്.

## No. 3. ദൈവം ഉണ്ട്

1. കേവലമായ വാദപ്രതിവാദം കൊണ്ടു ഒരു നാസ്തികനെ ആസ്തികനായി മാററുക സാദ്ധ്യമാണോ? നിരീശ്വരന്മാരോടും യുക്തിവാദികളോടും നാം സ്വീകരിക്കേണ്ട സമീപനരീതി എപ്രകാരമുള്ളതായിരിക്കണം.?

2. ഈശ്വരാസ്തിത്വം വിശ്വാസത്തിൻെറ ഒരു വിഷയമാണ്. പ്രസ്തുത വിഷയം യുക്തിയുടെ അടിസ്ഥാനത്തിൽ കൈകാര്യം ചെയ്തു ബോദ്ധ്യം കൈവരുത്തുന്നതു ആവശ്യവും രക്ഷാകരവുമാകുന്നുവെന്നു സമർത്ഥിക്കുക.

3. താഴെകൊടുത്തിരിക്കുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈശ്വരാസ്തിത്വം തെളിയിക്കുക.

i ലോകത്തിൻെറ അസ്തിത്വം

ii വസ്തുക്കളുടെ പരാശ്രയാവസ്ഥ

iii പ്രകൃതിയിൽ കാണുന്ന വസ്തുക്കളും ജീവജാലങ്ങളും അവശ്യം ഉണ്ടായിരിക്കണമെന്നു നിർബന്ധമില്ല എന്ന വസ്തുത.

iv പ്രപഞ്ചത്തിൻെറയും അതിലെ വസ്തുക്കളുടേയും പരിമിതാവസ്ഥ.

v പ്രപഞ്ചത്തിലെ സാർവ്വത്രികമായ ക്രമീകരണം.

vi പൂർണ്ണമായ സത്യം അറിയുന്നതിനും നിത്യം ജീവിക്കുന്നതിനും പൂർണ്ണസൗഭാഗ്യം അനുഭവിക്കുന്നതിനുമുള്ള മനുഷ്യൻെറ തീവ്രമായ അഭിനിവേശം.

4. മത്താ. 13. 13—15. എന്നീവാക്യങ്ങൾ ഏതു തരത്തിലുള്ള ആളുകളെയാണു പരാമർശിച്ചിരിക്കുന്നതു്?

## No. 4. ദൈവാവിഷ്ക്കരണം

1 തിരുസ്സഭയുടെ അവകാശവാദങ്ങളുടെ അടിസ്ഥാനത്തിൽ ദൈവാവിഷ്കരണത്തിൻെറ പ്രാധാന്യം വിവരിക്കുക.

2 ആവിഷ്ക്കരണമെന്നാലെന്തു്?

3 ദൈവാവിഷ്ക്കരണത്തിൻെറ ആവശ്യകത തെളിയിക്കുക.

4 a) ദൈവാവിഷ്ക്കരണം സ്വഭാവാതീതമാണെന്നു് പറയുന്നതിനുള്ള ന്യായമെന്തു്?

b) സ്വഭാവാതീതമായ ആവിഷ്ക്കരണത്തിൽ ദൈവരഹസ്യങ്ങൾ ഉണ്ടായിരിക്കണമെന്നതു നിർബന്ധമാണോ?

c) ബുദ്ധി വഴി മനുഷ്യനു ഗ്രഹിക്കുവാൻ കഴിയുന്ന സത്യങ്ങളും സ്വഭാവാതീതമായ വിധത്തിൽ വെളിപ്പെടുത്തപ്പെടാമോ?

5. ദൈവം ആരുവഴി മനുഷ്യവർഗ്ഗത്തിനു വെളിപാടുകൾ നൽകി.

6. വെളിപാടുകൾ നാം എന്തുവഴി സ്വീകരിക്കുന്നു?

7. അത്ഭുതങ്ങൾ, പ്രവചനങ്ങൾ എന്നിവയ്ക്കു ദൈവാവിഷ്ക്കരണവുമായിട്ടുള്ള ബന്ധമെന്തു്?

8. സമർത്ഥിക്കുക:- ദൈവാവിഷ്ക്കരണം ക്രമാനുഗതമായി വളർന്നു പൂർണ്ണതപ്രാപിച്ചു.

9. വെളിപാടുകൾ എത്ര തരം? ഓരോന്നിന്റേയും കാലഘട്ടങ്ങൾ ഏവ? ഓരോന്നും തമ്മിലുള്ള വ്യത്യാസമെന്തു്?

10. a) വെളിപ്പെടുത്തപ്പെട്ട സത്യങ്ങൾ എവിടെ സ്ഥിതിചെയ്യുന്നു?

b) ആവിഷ്കൃത സത്യങ്ങളെ സംരക്ഷിക്കുന്നതിനും പഠിപ്പിക്കുന്നതിനുമുള്ള അധികാരം ആർക്കാണു്?

## No. 5 അത്ഭുതങ്ങളും പ്രവചനങ്ങളും

1. അത്ഭുതമെന്നാലെന്തു്?
2. അത്ഭുതങ്ങളെ എങ്ങനെ വിഭജിക്കാം. ഓരോന്നും ഉദാഹരണസഹിതം വിവരിക്കുക.
3. അത്ഭുതം നിഷേധിക്കുന്നവരാരെല്ലാം? അവരുടെ എതിർവാദങ്ങളേവ?
4. താഴെ കൊടുത്തിരിക്കുന്നവ സമർത്ഥിക്കുക.
   a അത്ഭുതം സംഭവ്യമാണു്
   b അത്ഭുതം ചരിത്രപരമായി ഗ്രാഹ്യമാണു്.
   c അത്ഭുതം താത്വികമായി ഗ്രാഹ്യമാണു്.
5. അത്ഭുതങ്ങളുടെ ഉദ്ദേശ്യമെന്തു്?
6. അസാധാരണസംഭവങ്ങൾ ദൈവത്തിൽ നിന്നോ സാത്താനിൽ നിന്നോ ഉണ്ടായതെന്നു് എങ്ങനെ മനസ്സിലാക്കാം?
7. ആർക്കെല്ലാം അത്ഭുതം പ്രവർത്തിക്കാം?
8. എല്ലാമതങ്ങളിലും അത്ഭുതം പ്രവർത്തിക്കപ്പെടുന്നില്ലേ?
9. പ്രവചനമെന്നാലെന്തു്? അതു് എന്തിനുള്ളതെളിവാണു്?

## No. 6. വിശ്വാസം

1 വിശ്വാസമെന്തെന്നു നിർവ്വചിച്ചു വിശദീകരിക്കുക

2 ദൈവം വിശ്വാസം എന്ന ദാനം നല്കുന്നതു് ആർക്കെല്ലാം?

3 നിത്യരക്ഷയ്ക്കു വിശ്വാസം അവശ്യം ആവശ്യമോ? നിത്യരക്ഷയ്ക്കു വിശ്വാസം മാത്രം മതിയാകുമോ?

4 വിശ്വാസം നഷ്ടപ്പെടുന്നതിനുള്ള പ്രധാന കാരണങ്ങൾ ഏവ?

———o———

# വിജ്ഞാപനം

കതിരൊളിയുടെ ഓരോ പുസ്തകവും ആഗസ്റ്റ് 15-ാം നു-
യോടുകൂടി ആരംഭിച്ച്, മേയ് പതിനഞ്ചാം തീയതിയോടുകൂടി
പൂൎത്തിയാകുന്നു. തുടൎന്നു വരുന്ന പുസ്തകത്തിൻെറ വരിസം
ഖ്യ ആഗസ്റ്റ് 15-നു മുമ്പ് ഓരോ വൎഷവും നിൎദ്ദിഷ്ടവിലാ
സത്തിൽ അയയ്ക്കേണ്ടിയിരിക്കുന്നു.

## പഴയകോപ്പികൾ

കതിരൊളി ഒന്നും രണ്ടും പുസ്തകങ്ങളുടെ ഏതാനും കോ
പ്പികൾ അവശേഷിച്ചിട്ടുണ്ട്.

ഒരു പുസ്തകത്തിൻെറ 4 ലക്കങ്ങൾക്ക് — 2 രൂ.

ടി ബയൻറു ചെയ്തതിനു്— 2. 37.

പോസ്റ്റേജ് 60. ന. പൈ.

അ. മ. ലഘുലേഖന പരമ്പര, 13 എണ്ണമുള്ള ഒരു സെററി
നു് 36 ന. പൈ.

വിലയും പോസ്റ്റേജും മുൻകൂർ അയച്ച് ആവശ്യപ്പെടുക.

മാനേജർ

സെൻറ് ജോസഫ്സ് ഓർഫനേജ് പ്രസ്സ്,

ചങ്ങനാശേരി

---

Cum Permissu Superiorum

Printed at the St. Joseph's Orphanage Press, Changanacherry.

*Edited, Printed and Published by:-*

Rev. Fr. Mathew Nadakal.

KATHIROLI-1963-64
B92 1963/64
02002576
Indic Digital Archive Foundation
gpura.org